Cross. *v.* വിലങ്ങെവെക്കുന്നു, മറുകരകടക്കുന്നു.
Cross-examination. *s.* ഉത്തരൊത്ത്യം, ചൊദ്യൊത്തരവിസ്താരം.
Crouch. *v. n.* കുനിയുന്നു, പതുങ്ങുന്നു.
Crow. *s.* കാക്ക, കൊഴിക്കൂകൽ.
Crowd. *s.* പുരുഷാരം, ആൾക്കൂട്ടം.
Crowd. *v. a.* തിരക്കുന്നു, തിക്കുന്നു.
Crown. *s.* കിരീടം, മുടി.
Crucifix. *s.* കുരിശിൽതറെക്കപ്പെട്ട ക്രിസ്തുവിന്റെ രൂപം.
Crucifixion. *s.* കുരിശിൽതറെക്കുക.
Cruel. *a.* ക്രൂരമായുള്ള, കഠിനമുള്ള.
Cruelty. *s.* ക്രൂരത, കാഠിന്യം.
Cruise. *v. n.* ശത്രുവിനെതെടി കപ്പലിൽ സഞ്ചരിക്കുന്നു.
Crush. *v. a.* ചതെക്കുന്നു, ഞെരിക്കുന്നു.
Cry. *v. a. & n.* കരയുന്നു, കൂറുന്നു.
To cry down. നിന്ദിക്കുന്നു, എണ്ണംകുറെക്കുന്നു.
To cry out. അട്ടഹാസിക്കുന്നു.
To cry up. പുകഴ്ത്തുന്നു, വിലകൂട്ടിവിളിക്കുന്നു.

Crystal. *s.* പളുങ്ക, സ്ഫടികം.
Crystalize. *v. a.* പളുങ്കപൊലെ ആകുന്നു.
Cubit. *s.* മുളം.
Cuckoo. *s.* കുയിൽ, നിന്ദവാക്ക.
Cucumber. *s.* വെള്ളരിക്കായ.
Cudgel. *s.* ദണ്ഡ, ഗദ, വടി.
Culpable. *a.* കുററമുള്ള.
Culprit. *s.* കുററക്കാരൻ.
Cultivate. *v. a.* കൃഷിചെയ്യുന്നു.
Cumin. *s.* ജീരകം.
Cunning. *s.* ഉപായം, കൌശലം.
Cup. *s.* പാനപാത്രം.
Curate. *s.* പട്ടക്കാരൻ.
Curd. *s.* തൈർ, കട്ടപിടിച്ചവസ്തു.
Cure. *v. a.* പൊറുപ്പിക്കുന്നു, സൌഖ്യമാക്കുന്നു.
Curiosity. *s.* വല്ലതും അറിയെണമെന്നുള്ള ആശ, അപൂൎവ്വകാൎയ്യം.
Curl. *s.* കുറുനിര, ചുഴി, ഒടിച്ചുകുത്ത.
Current. *a.* നടപ്പുള്ള, നാടൊടി.
Current. *s.* ഒഴുക്ക, നീർവലിവ.
Currier. *s.* തൊല്പൊല്ലൻ, ഊറക്കിടുന്നവൻ.
Curry. *s.* കറി.
Curse. *v. a.* ശപിക്കുന്നു, പ്രാകുന്നു.
Cursory. *a.* തിടുതിടുക്കമുള്ള.
Curtail. *v. a.* കുറെക്കുന്നു, ചുരുക്കുന്നു.
Curtain. *s.* തിരശ്ശീല, മറ.
Curve. *v. a. & n.* വളെക്കുന്നു, ഞെളിക്കുന്നു.
Cushion. *s.* കസെരമെത്ത, ചാരുതലയിണ.
Custody. *s.* കാവൽ, പാറാവ, രക്ഷണം.
Custom. *s.* മൎയ്യാദ, നടപ്പ, ചുങ്കം.
Custom-house. *s.* തീൎവ്വസ്ഥലം, ചവുക്ക.
Customer. *s.* കുററിക്കാരൻ, പതിവുകാരൻ.
Cut. *v. a.* വെട്ടുന്നു, അറിയുന്നു.
To cut off. ഛെദിച്ചുകളയുന്നു.
To cut out. ഭാഷയാക്കുന്നു.
To cut short. വിരൊധിക്കുന്നു.
Cymbal. *s.* കൈത്താളം.

D

Dagger. *s.* കട്ടാര, ചൊട്ട.
Daily. *a.* നാൾതൊറുമുള്ള.
Daily duties. നിത്യകൎമ്മം.
Daily maintenance. നിത്യവൃത്തി.
Daily expenses. നിത്യചിലവ.
Daily work. നിത്യതൊഴിൽ.

Dainty. *s.* രുചിയുള്ളവസ്തു, പലഹാരം.
Damage. *s.* ഉപദ്രവം, നഷ്ടം, കെട.
Damask. *s.* പൂപ്പട്ട, ദമാസ്കു.
Damnation. *s.* ശിക്ഷവിധി, നിത്യശിക്ഷ.
Damp. *s.* തണുപ്പ, നനവ.
Damsel. *s.* കുമാരി, ബാലസ്ത്രീ.
Dance. *v. n.* ആട്ടംആടുന്നു, നൃത്തംചെയ്യുന്നു.
Danger. *s.* ആപത്ത, അപായം.
Dare. *v. n.* തുനിയുന്നു, ധൈൎയ്യപ്പെടുന്നു.
Dark. *a.* ഇരുണ്ട, അന്ധതയുള്ള.
Darkness. *s.* ഇരുട്ട, അന്ധകാരം.
Darling. *s.* ഉണ്ണി, മഹാപ്രിയൻ.
Dart. *s.* കുന്തം.
Dash. *v. n.* തെറിച്ചുപൊകുന്നു, മുട്ടുന്നു.
Date. *s.* തിയ്യതി, ഈന്തപ്പഴം.
Daub. *v. a.* പൂശുന്നു, മെഴുകുന്നു.
Daughter. *s.* പുത്രി.
Daughter-in-law. മകന്റെ ഭാൎയ്യ.
Dawn. *s.* പുലൎകാലം, ഉഷസ്സ.
Day. *s.* പകൽ, ദിവസം.
Day-book. *s.* നാൾവഴികണക്കപുസ്തകം.
Day-break. *s.* ഉഷഃകാലം, പ്രഭാതം.
Day-spring. *s.* അരുണൊദയം, ഉദയകാലം.
Day-star. *s.* ഉദയനക്ഷത്രം. പെരുമീൻ
Day-time. *s.* പകൽസമയം.
Day-work. *s.* കൂലിവെല.
Dazzle. *v. a.* കഞ്ഞൊച്ചുന്നു, മിന്നുന്നു.
Deacon. *s.* ദൈവശുശ്രൂഷക്കാരൻ.
Dead. *a.* മരിച്ച, ചത്ത.
Deaf. *a.* ചെവികെൾക്കാതുള്ള.
Deal. *v. n.* വ്യാപരിക്കുന്നു, എല്പെടുന്നു.
Dealing. *s.* വ്യാപാരം, കൊടുക്കവാങ്ങൽ
Dear. *a.* പ്രിയമുള്ള, വിലയെറിയ.
Dearth *s.* ക്ഷാമം, പഞ്ഞം.
Death. *s.* മരണം.
Death-bed. *s.* മരിപ്പാൻ കിടപ്പ.
Death-like. *a.* മരിച്ചപൊലെയുള്ള.
Debar. *v. a.* പുറത്താക്കുന്നു, വിരൊധിക്കുന്നു.
Debase. *v. a.* താഴ്ത്തുന്നു, ഹീനതപ്പെടുത്തുന്നു.
Debate. *s.* തൎക്കം, വാദം.
Debauchery. *s.* ദുൎമ്മാൎഗ്ഗശീലം.
Debt. *s.* കടം, ഋണം.
Debtor. *s.* കടക്കാരൻ.
Decamp. *v. a.* പാളയംപൊളിക്കുന്നു.
Decanter. *s.* വീഞ്ഞ വാററിവെക്കുന്നതിനുള്ള പളുങ്കുകുപ്പി.
Decay. *v. n.* ക്ഷയിക്കുന്നു, കെടുവരുന്നു.
Decease. *s.* മരണം.
Deceit. *s.* വഞ്ചന, ചതിവ.
Deceive. *v. a.* വഞ്ചിക്കുന്നു, കബളിപ്പിക്കുന്നു.
December. *s.* ധനുമാസം.
Decency. *s.* അടക്കം, മൎയ്യാദ, ക്രമം.
Deception. *s.* വഞ്ചന, ചതിവ.
Decide. *v. a.* ഖണ്ഡിക്കുന്നു, തീൎപ്പാക്കുന്നു.
Decision. *s.* ഖണ്ഡിതം, നിശ്ചയം, വിധി.
Deck. *s.* കപ്പലിന്റെ മെൽത്തട്ട.
Declaration. *s.* അറിയിപ്പ, പരസ്യം.
Declare. *v. a.* അറിയിക്കുന്നു, പറയുന്നു.
Decline. *v. n.* ചായുന്നു, താണുപൊകുന്നു.
Decoction. *s.* കഷായം.
Decorate. *v. a.* അലങ്കരിക്കുന്നു, ഭംഗിവരുത്തുന്നു.
Decorum. *s.* യൊഗ്യത, മൎയ്യാദ.
Decrease. *v. a.* കുറെക്കുന്നു, താഴ്ത്തുന്നു.
Decree. *s.* തീൎപ്പ, വിധി, നിശ്ചയം.
Decretal. *s.* വിധികല്പനകൾ എഴുതുന്ന പുസ്തകം.
Dedicate. *v. a.* പ്രതിഷ്ഠിക്കുന്നു, മുഖ്യതപ്പെടുത്തുന്നു.
Deduct. *v. a.* തുകയിൽതള്ളുന്നു; ഹരിക്കുന്നു.
Deed. *s.* പ്രവൃത്തി, ക്രിയ.
Deep. *a.* ആഴമുള്ള, അഗാധമുള്ള.
Deer. *s.* മാൻ.
Defame. *v. a.* ദുഷ്കീൎത്തിപ്പെടുത്തുന്നു.
Defaulter. *s.* കടംവീട്ടാതെ വീഴ്ചവരുത്തുന്നവൻ.
Defeat. *v. a.* തൊല്പിക്കുന്നു, മടക്കുന്നു.
Defect. *s.* കുറവ, അററകുററം.
Defend. *v. a.* രക്ഷിക്കുന്നു, കാക്കുന്നു.
Defendant. *s.* പ്രതിവാദി.
Defer. *v. a.* താമസിപ്പിക്കുന്നു, നീക്കംവരുത്തുന്നു.
Deficiency. *s.* കുറവ, പൊരായ്മ.
Defile. *v. a.* അശുദ്ധിയാക്കുന്നു.
Define. *v. a.* നിശ്ചയിക്കുന്നു, വൎണ്ണിക്കുന്നു.
Definite. *a.* നിശ്ചയമുള്ള, തികവുള്ള.
Deform. *v. a.* വിരൂപമാക്കുന്നു.
Defraud. *v. a.* വഞ്ചിക്കുന്നു, വ്യാജംചെയ്യുന്നു.
Defray. *v. a.* ചിലവവെച്ചുകൊടുക്കുന്നു.
Defy. *v. a.* പൊൎക്കുവിളിക്കുന്നു, നിന്ദിക്കുന്നു.
Degenerate. *a.* ദൊഷമായുള്ള, ഹീനമായുള്ള.
Degradation. *s.* സ്ഥാനഭ്രഷ്ട, കുറവ.
Degree. *s.* സ്ഥാനം, അവസ്ഥ, തരം.
By degrees. *ad.* ക്രമെണ.

Dejection. *s.* മനസ്സിടിച്ചിൽ, കുണ്ഠിതം.
Deist. *s.* ഒരു ദൈവമുണ്ടെന്നു മാത്രംവിചാരിക്കുന്നവൻ.
Deity. *s.* ദൈവം, ദൈവത്വം.
Delay. *v. a.* താമസിപ്പിക്കുന്നു.
Delegate. *v. a.* നിയമിച്ചയക്കുന്നു.
Deliberate. *v. n.* ചിന്തിക്കുന്നു, കൂടിവിചാരിക്കുന്നു
Delicacy. *s.* രസവസ്തു വാസന, മോടി.
Delicate. *a.* വിശേഷമായുള്ള
Delicious. *a.* മധുരമായുള്ള, സ്വാദുള്ള.
Delight. *s.* ആനന്ദം, സന്തോഷം.
Delineate. *v. a.* വരെക്കുന്നു, വൎണ്ണിക്കുന്നു
Delinquent. *s.* കുററക്കാരൻ.
Delirium. *s.* ബുദ്ധിഭ്രമം, ഭ്രാന്ത.
Deliver. *v. a.* എല്പിക്കുന്നു, രക്ഷിക്കുന്നു.
Delude. *v. a.* വഞ്ചിക്കുന്നു.
Deluge. *s.* പ്രളയം, വെള്ളപ്പൊക്കം.
Delusion. *s.* മായാമോഹം, വ്യാജം.
Demand. *v. a.* വഴക്കുപറയുന്നു ചോദിക്കുന്നു.
Demeanour. *s.* നടപ്പുരീതി, ശീലം.
Democracy. *s.* ബഹുനായകത്വം.
Demolish. *v. a.* ഇടിച്ചുകളയുന്നു, നിലംപരിചാക്കുന്നു.
Demon. *s.* പിശാച, ദുൎദ്ദെവത.
Demonstrate. *v. n.* തെളിവായികാണിക്കുന്നു.
Den. *s.* ഗുഹ.
Denial. *s.* നിഷെധവാക്ക.
Denomination. *s.* പെർ, നാമം.
Denote. *v. a.* അടയാളംകാട്ടുന്നു.
Dentifrice. *s.* പല്ലു തെപ്പാനുള്ളവസ്തു.
Deny. *v. a.* നിഷെധിക്കുന്നു, മറുത്തുപറയുന്നു.
Depart. *v. n.* പുറപ്പെടുന്നു, വിട്ടുപൊകുന്നു.
Depend, *v. a.* തൂങ്ങുന്നു, ആശ്രയിക്കുന്നു.
Dependant. *s.* ആശ്രിതൻ, സെവകൻ.
Deplorable. *a.* ദുഃഖമുള്ള, കുണ്ഠിതമുള്ള.
Depopulate. *v. a.* ദെശത്തകുടിയില്ലാതാക്കുന്നു.
Deport. *s.* നടപ്പ, നടവടി.
Depose. *v. a.* തള്ളിക്കളയുന്നു, സാക്ഷിവെക്കുന്നു.
Deposite. *s.* പണയം, വെപ്പ.
Deposition. *s.* വാമൊഴി, സ്ഥാനഭ്രഷ്ട.
Depository. *s.* വസ്തുക്കൾവെച്ചു സൂക്ഷിക്കുന്ന സ്ഥലം.
Deprave. *v. a.* വഷളാക്കുന്നു.
Depravity. കെട, വഷളത്വം.
Deprecate. *v. a.* കരുണെക്കായിട്ടു അപെക്ഷിക്കുന്നു.
Depreciate. *v. a.* വിലകുറെക്കുന്നു.
Depredation. *s.* കൊള്ള, പിടിച്ചുപറി.
Depress. *v. a.* ഇടിക്കുന്നു. താഴ്ത്തുന്നു.
Deprive. *v. a.* ഇല്ലാതാക്കുന്നു, എടുത്തുകളയുന്നു.
Depth. *s.* ആഴം, അഗാധം.
Depute. *v. a.* ആളയക്കുന്നു.
Deputy. *s.* അധികാരംലഭിച്ചവൻ, രാജാധികാരി.
Derange. *v. a.* ക്രമകെടാക്കുന്നു, ഭ്രാന്താക്കുന്നു.
Derision. *s.* പരിഹാസം, നിന്ദവാക്ക.
Derive. *v. n.* ഉണ്ടാകുന്നു, ഉത്ഭവിക്കുന്നു.
Derogate. *v. a. & n.* കുറെക്കുന്നു, അവമാനിക്കുന്നു.
Descend. *v. n. & a.* ഇറങ്ങുന്നു.
Descendant. *s.* അനന്തരവൻ, സന്തതി.
Descent. *s.* ഇറക്കം, ജനനം.
Describe. *v. a.* വൎണ്ണിക്കുന്നു, വരെക്കുന്നു.
Desert. *s.* വനം.
Desert. *v. a.* കൈവിടുന്നു, ഉപെക്ഷിക്കുന്നു.
Deserving. *a.* യൊഗ്യതയുള്ള.
Desideratum. *s.* ആവശ്യമുള്ളകാൎയ്യം.
Design. *v. a.* ഭാവിക്കുന്നു.
Designate. *v. a.* നിയമിക്കുന്നു, ആക്കിവെക്കുന്നു.
Desire. *s.* ആശ, ആഗ്രഹം.
Desirous. *a.* ആഗ്രഹമുള്ള, കാംക്ഷയുള്ള.
Desk. *s.* എഴുത്തുപെട്ടി.
Desolate. *a.* കുടിയിരിപ്പില്ലാത്ത, പാഴായുള്ള.
Desolation. *s.* നാശം, ശൂന്യത.
Despair. *s* നിരാശ, ഇച്ഛാഭംഗം.
Despatch. *v. a.* അയക്കുന്നു, കൊല്ലുന്നു.
Desperate. *a.* നിരാശയുള്ള.
Despise. *v. a.* നിന്ദിക്കുന്നു, വെറുക്കുന്നു.
Despondency. *s.* നിരാശ, നിരാശ്രയം.
Despotism. *s.* സ്വയാധിപത്യം.
Destine. *v. a.* നിയമിക്കുന്നു, വിധിക്കുന്നു.
Destiny. *s.* വിധി, ദൈവകല്പിതം.
Destitute. *a.* നിൎഗ്ഗതിയുള്ള, ഉപെക്ഷിക്കപ്പെട്ട.
Destroy. *v. a.* നശിപ്പിക്കുന്നു, മുടിക്കുന്നു.
Destruction. *s.* നാശം.
Detachment. *s.* വെൎപ്പാട, തലപട്ടാളത്തിൽനിന്ന പിരിച്ചയക്കപ്പെട്ട കൂട്ടം.
Detail. *v. a.* വിവരപ്പെടുത്തുന്നു.
Detain. *v. a.* പിടിച്ചുകൊള്ളുന്നു, താമസിപ്പിക്കുന്നു.
Detect. *v. a.* കണ്ടുപിടിക്കുന്നു, തെളിക്കുന്നു.

Determination. *s.* നിശ്ചയം, തികവ.
Detest. *v. a.* വെറുക്കുന്നു, അറെക്കുന്നു.
Detestation. *s.* വെറുപ്പ, അറെപ്പ.
Detract. *v. a.* കുറെക്കുന്നു, ഇടിക്കുന്നു.
Detraction. ദൂഷ്യം, കുരള.
Detriment. *s.* നഷ്ടം, ചെതം.
Devastation. *s.* അഴിവ, നാശം.
Develop. *v. a.* തെളിയിക്കുന്നു, തുറന്നുകാണിക്കുന്നു.
Deviate. *v. n.* വഴിതെറ്റുന്നു, പിഴച്ചുപൊകുന്നു.
Device. *s.* ഉപായ കൌശലം.
Devil. *s.* പിശാച, സാത്താൻ.
Devise. *v. n.* കൌശലംനൊക്കുന്നു.
Devote. *v. a.* പ്രതിഷ്ഠിക്കുന്നു, നെമിക്കുന്നു.
Devotion. *s.* ഭക്തി, പ്രാൎത്ഥന.
Devour. *v. a.* വിഴുങ്ങിക്കളയുന്നു.
Devout. *a.* ദൈവഭക്തിയുള്ള, താത്പൎയ്യമുള്ള.
Dew. *s.* മഞ്ഞ.
Dexterous. *a.* സാമൎത്ഥ്യമുള്ള, മിടുക്കുള്ള.
Diadem. *s.* കിരീടം.
Diagonal. *s.* മൂലയൊടുമൂലെക്കുള്ള വര.
Dial. *s.* സൂൎയ്യഘടികാരം.
Dialogue. സംഭാഷണം, സംവാദം.
Diamond. *s.* വൈരക്കല്ല.
Diarrhoea. *s.* ഗ്രഹണി, അതിസാരം.
Diary. *s.* നാൾവഴികണക്ക പുസ്തകം.
Dice. *s.* പകിട, ചൂക്കിണി.
Dictate. *v. a.* കല്പിക്കുന്നു, ചൊല്ലികൊടുത്ത എഴുതിക്കുന്നു.
Dictionary. *s.* അകാരാദി.
Die. *v. a.* മരിക്കുന്നു.
Diet. *s.* ആഹാരം, പത്ഥ്യം.
Difference. *s.* വ്യത്യാസം, ഭെദം.
Difficult. *a.* പ്രയാസമുള്ള, കഷ്ടമുള്ള.
Diffuse. *v. a. & n.* പരക്കുന്നു, വ്യാപിക്കുന്നു.
Dig. *v. a.* കിളെക്കുന്നു, കുഴിക്കുന്നു.
Digest. *v. a. & n.* ക്രമപ്പെടുത്തുന്നു, ദഹിക്കുന്നു.
Digestion. *s.* ദഹനം, ജീൎണ്ണത.
Dignify. *v. a.* ശ്രെഷ്ഠതപ്പെടുത്തുന്നു.
Dignity. *s.* ശ്രെഷ്ഠത, ബഹുമാനം.
Dilapidation. *s.* ജീൎണ്ണത, മുടിവ.
Dilate. *v. a.* വിസ്താരമാക്കുന്നു.
Dilatory. *a.* താമസമുള്ള, മടിയുള്ള.
Dilemma. *s.* വിഷമം, ദുൎഘടാവസ്ഥ.
Diligence. *s.* ജാഗ്രത, താത്പൎയ്യം, ഉത്സാഹം.
Dill. *s.* ശതകുപ്പ.
Dim. *a.* ഇരുണ്ട, വെള്ളെഴുത്തുള്ള.
Diminish. *v. a.* കുറെക്കുന്നു.
Dimness. വെള്ളെഴുത്ത, കാഴ്ചക്കുറവ.
Dine. *v. n.* മുത്താഴംഉണ്ണുന്നു.
Dining-room. *s.* ഭക്ഷണശാല.
Dinner. *s.* മുത്താഴം, പകൽഭക്ഷണം.
Diocese. *s.* ബിശൊപ്പിന്റെ ഇടവക.
Dip. *v. a.* മുക്കുന്നു, നനെക്കുന്നു.
Direct. *v. a.* നെരെയാക്കുന്നു, നടത്തുന്നു.
Direction. *s.* കല്പന, നടത്തൽ.
Directly. *ad.* നെരെ, ചൊവ്വെ.
Dirt. അഴുക്ക, ചളി.
Dirty. *a.* അഴുക്കുള്ള, മുഷിഞ്ഞ.
Disable. *v. a.* പ്രാപ്തികെടവരുത്തുന്നു, ബലഹീനമാക്കുന്നു.
Disadvantage. *s.* അഫലം, ചെതം.
Disagree. *v. n.* ചെൎച്ചകെടാകുന്നു, വിസമ്മതംപറയുന്നു.
Disappear. *v. n.* കാണാതാകുന്നു, മാഞ്ഞുപൊകുന്നു.
Disappoint. *v. a.* ഇഛാഭംഗംവരുത്തുന്നു.
Disapprove. *v. a.* വിസമ്മതിക്കുന്നു.
Disaster. *s.* നിൎഭാഗ്യം, ആപത്ത.
Disbelief. അവിശ്വാസം.
Disbursement. *s.* പണിച്ചിലവ, ചിലവ.
Discern. *v. a.* കണ്ടറിയുന്നു, തിരിച്ചറിയുന്നു.
Discharge. *v. a.* ഭാരംനീക്കുന്നു, ഒഴിക്കുന്നു, പണിയിൽനിന്ന മാറ്റുന്നു.
Disciple. *s.* ശിഷ്യൻ.
Discipline. *s.* ഉപദെശം, ഗുരുശിക്ഷ.
Disclose. *v. a. & n.* വെളിപ്പെടുത്തുന്നു, മൂടൽതുറക്കുന്നു.
Discontent. *s.* തൃപ്തിയില്ലായ്മ.
Discontinue. *v. a.* നിന്നുപൊകുന്നു, നിൎത്തലാക്കുന്നു.
Discover. *v. a.* വെളിപ്പെടുത്തുന്നു, കണ്ടുപിടിക്കുന്നു.
Discount. *v. a.* കണക്കിൽതള്ളുന്നു,
Discourage. *v. a.* അധൈൎയ്യപ്പെടുത്തുന്നു.
Discourse. *v. n.* തമ്മിൽസംസാരിക്കുന്നു.
Discreet. *a.* ബുദ്ധിയുള്ള, വിവെകമുള്ള.
Discretion. *s.* ബുദ്ധി, വിവെകം.
Discrimination. *s.* വിവെകം, വകതിരിവ.
Discuss. *v. a.* വിസ്തരിക്കുന്നു, ന്യായംതീൎക്കുന്നു.
Disdain. *v. a.* നിന്ദിക്കുന്നു, പരിഹസിക്കുന്നു.
Disease. *s.* വ്യാധി, രൊഗം.
Disembark. *v. n.* കപ്പലിൽനിന്ന ഇറങ്ങുന്നു.

Disengage. *v. a.* കുടുക്കുതീൎക്കുന്നു, ഒഴിപ്പിക്കുന്നു.
Dis-figure. *v. a.* വിരൂപമാക്കുന്നു, മാഴ്ക്കുന്നു.
Disgrace. *s.* അവമാനം, കുറവ.
Disguise. *v. a.* വെഷംമാറുന്നു.
Disgust. *s.* അരുചി, നീരസം, വെറുപ്പ.
Dish. *s.* കിണ്ണം, തളികപ്പിഞ്ഞാണം.
Dishonest. *a.* നെരുകെട്ടുള്ള, വിശ്വാസകെട്ടുള്ള.
Dishonour. *s.* അവമാനം, കുറവ.
Disinherit. *v. a.* അവകാശത്തിൽനിന്ന തള്ളുന്നു.
Disk. *s.* സൂൎയ്യബിംബം, ചന്ദ്രബിംബം.
Dislike. *s.* ഇഷ്ടകെട, നീരസം.
Dislocate. *v. a.* ഉളുക്കിക്കുന്നു.
Dismal. *a.* ദുഃഖമുള്ള, കുണ്ഠിതമുള്ള.
Dismast. *v. a.* പാമരംമുറിച്ചുകളയുന്നു.
Dismay. *s.* ഭയം, വിഷാദം.
Dismiss. *v. a.* തള്ളിക്കളയുന്നു, പറഞ്ഞയക്കുന്നു.
Dismount. *v. n.* കുതിരപ്പുറത്തുനിന്ന ഇറങ്ങുന്നു.
Disobedience. *s.* അനുസരണക്കെട.
Disobey. *v. a.* അനുസരിക്കാതിരിക്കുന്നു.
Disorder. *s.* മുറകെട, ക്രമക്കെട.
Disparity. *s.* തുല്യക്കെട, വ്യത്യാസം.
Dispel. *v. a.* ചിതറിക്കുന്നു.
Dispensary. *s.* ഔഷധങ്ങൾഉണ്ടാക്കുന്ന സ്ഥലം,
Dispensation. *s.* ദൈവവിചാരണ, കല്പനച്ചട്ടം.
Dispense. *v. a.* വിഭാഗിച്ചുകൊടുക്കുന്നു, നടത്തുന്നു.
Disperse. *v. a.* ചിതറിക്കുന്നു, വാരിവിതറുന്നു.
Dispirit. *v. a.* അധൈൎയ്യപ്പെടുത്തുന്നു.
Display. *v. a.* തുറന്നകാട്ടുന്നു.
Displease. *v. a.* അനിഷ്ടമാക്കുന്നു, കൊപിപ്പിക്കുന്നു.
Disposition. *s.* ശീലം, ചായിവ.
Disputant. *s.* തൎക്കിക്കുന്നവൻ, വാദി.
Dispute. *v. a. & n.* തൎക്കിക്കുന്നു, വാദിക്കുന്നു.
Disquietude. *s.* സുഖക്കെട, വ്യാകുലം.
Disrespect. *s.* അനാചാരം, അവമാനം.
Dissect. *v. a.* കീറുന്നു, ഉടൽകീറിനൊക്കുന്നു.
Dissemble. *v. a.* മായംകാട്ടുന്നു, നടിക്കുന്നു.
Dissension. *s.* ഛിദ്രം, ഭിന്നത.
Dissent. *s.* വിസമ്മതം.
Dissimulation. *s.* മായം, ഉൾകപടം.
Dissipation. *s.* നാനാവിധം. ദുൎന്നടപ്പ.
Dissolve. *v. a.* ഉരുക്കുന്നു, അലിക്കുന്നു
Dissuasion. *s.* വിപരീതൊപദെശം.
Dissyllable. *s.* ംരംരച്ചുള്ളമൊഴി.
Distance. *s.* ദൂരം, അകലം.
Distemper. *s.* രൊഗം, വ്യാധി.
Distil. *v. a.* വെച്ചാറുന്നു, വാററുന്നു.
Distinction. *s.* വ്യത്യാസം, ഭെദം.
Distinguish. *v. a. & n.* വിശെഷതപ്പെടുത്തുന്നു, വ്യത്യാസംചെയ്യുന്നു, തിരിച്ചറിയുന്നു.
Distress. *s.* ഞെരുക്കം, ബുദ്ധിമുട്ട.
Distribute. *v. a.* പകുത്ത കൊടുക്കുന്നു.
District. *s.* മണ്ഡപത്തിൻവാതിൽ, താലൂക്ക.
Distrust. *s* വിശ്വാസകെട, സംശയം.
Disturb. *v. a.* അസഹ്യപ്പെടുത്തുന്നു.
Disturbance. *s.* കലക്കം, അമളി.
Disunion. *s.* ചെരായ്മ, ഭിന്നത.
Disuse. *s.* നടപ്പില്ലായ്മ.
Ditch. *s.* കുഴി, കിടങ്ങ.
Ditto. *s.* മെല്പടി.
Dive. *v. n.* വെള്ളത്തിൽമുങ്ങുന്നു.
Diverse. *a.* പലവിധമായുള്ള.
Diversion. *s.* ഉല്ലാസം, വിനൊദം.
Divest. *v. a.* ഉരിയിക്കുന്നു, നഗ്നമാക്കുന്നു.
Divide. *v. a.* പങ്കിടുന്നു, വെൎതിരിക്കുന്നു.
Divination. *s.* ലക്ഷണംപറയുക.
Divine. *a.* ദിവ്യമായുള്ള, പരമ.
Divine. *s.* ഗുരു, വെദശാസ്ത്രി.
Divinity. *s.* ദൈവത്വം.
Divorce. *s.* വിവാഹപിരിവ, ഉപെക്ഷചീട്ട.
Diurnal. *a.* നാൾതൊറുമുള്ള.
Divulge. *v. a.* വെളിപ്പെടുത്തുന്നു, പരസ്യമാക്കുന്നു.
Dizziness. *s.* തലച്ചുററൽ, മയക്കം.
Do. *v. a.* ചെയ്യുന്നു. I have some thing to do with him. അവനൊട ഇനിക്ക കാൎയ്യമുണ്ട. I have done with him. അവനൊട ഇനി ഇനിക്ക ഒരു കാൎയ്യമില്ല. This wont do. ഇത കൊള്ളുകയില്ല. Make haste, do. വെഗം ബദ്ധപ്പെടുക. Help me, do. ഇനിക്ക സഹായിക്കെണം വരിക.
Doctor. *s.* വൈദ്യൻ, വിദ്വാൻ.
Doctrine. *s.* ഉപദെശം.
Document. *s.* ആധാരം.
Doe. *s.* മാൻപെട.
Dog. *s.* നാ, പട്ടി.
Dogfly. *s.* നായീച്ച.

Dogma. *s.* ഉപദെശപ്രമാണം, കല്പനചട്ടം.
Doll. *s.* പാവ.
Dollar. *s.* വെള്ളിപ്പണ്ടാക്ക.
Domestic. *s.* വീട്ടുവെലക്കാരൻ.
Dominion. *s.* അധികാരം, രാജ്യം.
Donation. *s.* ദാനം, സമ്മാനം.
Doom. *s.* ശിക്ഷാവിധി, തീൎപ്പ.
Door. *s.* കതക, വാതിൽ.
Doorkeeper. *s.* വാതിൽകാക്കുന്നവൻ.
Dot. *s.* എഴുത്തിലുള്ള പുള്ളി, കുത്ത.
Double. *a.* ഇരട്ട.
Doubleminded. *a.* ഇരുമനസ്സുള്ള.
Doubtless. *a.* അശങ്കമായുള്ള.
Doubt. *s.* സംശയം
Dove. *s.* പ്രാവ.
Dough. *s.* കുഴച്ചമാവ.
Dowery. *s.* സ്ത്രീധനം.
Down. *ad.* താഴെ, കീഴെ.
Downfal. *s.* വീഴ്ച, നാശം.
Down-right. *ad.* കെവലം, ശുദ്ധ.
Downward. *ad.* കീഴൊട്ട, താഴത്തൊട്ട.
Dowry. *s.* സ്ത്രീധനം.
Dozen. *s.* പന്തിരണ്ട.
Drag. *a. a.* വലിക്കുന്നു.
Dragon. *s.* ചിറകുള്ള വലിയപാമ്പ.
Drain. *v. a.* വറ്റിക്കുന്നു
Draw. *v. a.* വലിക്കുന്നു, ഊരുന്നു, കൊരുന്നു.
To draw in. സ്വാധീനപ്പെടുത്തുന്നു.
To draw off. പിൻവാങ്ങുന്നു.
To draw over. പക്ഷം കൂട്ടുന്നു.
To draw up. എഴുതിയുണ്ടാക്കുന്നു, അണിനിരക്കുന്നു.
Drawing. *s.* ചിത്രമെഴുത്ത, വര.
Dread. *s.* ഭയം.
Dream. *s.* സ്വപ്നം, കിനാവ.
Dregs. *s.* മട്ട, കീടൻ, ഊറൽ.
Dress. ഉടുപ്പ, വസ്ത്രം.
Dressingroom. *s.* അണിയറ.
Drink. *v. a.* & *n.* കുടിക്കുന്നു.
Drive. *v. a.* ഒടിക്കുന്നു, ആട്ടിക്കളയുന്നു.
Drizzle. *v. a.* & *n.* ചാറുന്നു.
Drop. *s.* തുള്ളി, ഇറ്റ,
Drop. *v. n.* ഇറ്റവീഴുന്നു.
Dropsy. *s* മഹൊദരം.
Dross. *s.* കീടൻ, കല്ക്കം.
Drown. *v. a.* വെള്ളത്തിൽമുക്കികൊല്ലുന്നു.
Drowsiness. *s.* ഉറക്കംതൂങ്ങൽ, മയക്കം.
Drug. *s.* ഔഷധം.
Drum. *s. s.* ചെണ്ട.
Drummer. *s.* ചെണ്ടക്കാരൻ.
Drunkard. *s.* കുടിയൻ, മത്തൻ.
Drunkenness. *s.* മദ്യപാനം, കള്ളുകുടി.
Dry. *a.* ഉണങ്ങിയ, വരണ്ട.
Dual. *s.* ദ്വിവചനം.
Duck. *s.* താറാവ.
Due. *a.* ചെല്ലെണ്ടുന്ന, നിലവുള്ള. തക്ക.
Due. *s.* കടം, തീൎവ്വ.
Duellist. *s.* ദ്വന്ദ്വയൊധാവ.
Dulcimer. *s.* കിന്നരം.
Dull. *a.* മന്ദബുദ്ധിയുള്ള.
Duly. *ad* തക്കവണ്ണം, ശരിയായി.
Dumb. *a.* ഊമയായുള്ള.
Dung. *s.* ചാണകം, തീട്ടം, വളം.
Dunghill. *s.* കുപ്പക്കുന്ന.
Duplicate. *s.* പെൎപ്പ, നക്കൽ, എതിര.
Durable. *a.* നിലനില്ക്കുന്ന, സ്ഥിരതയുള്ള.
Duration. *s.* നില, സ്ഥിരത.
Dusk. *s.* മയങ്ങുന്നനെരം.
Dust. *s.* പൂഴി, പൊടി.
Dutiful. *a.* വിനയമുള്ള, ഭക്തിയുള്ള.
Duty. *s.* മുറ, ചുങ്കം, തീൎവ്വ.
Dwarf. *s.* മുണ്ടൻ.
Dwell. *v. n.* പാൎക്കുന്നു, കുടിയിരിക്കുന്നു.
Dye. *v. a.* ചായമിടുന്നു.
Dysentery. *s.* അതിസാരം, ഗ്രഹണി.
Dyspepsy. *s.* ദഹനക്കെട.
Dysury. *s.* മൂത്രമടെപ്പ.

E

Each. *pron.* ഒരൊരുത്തൻ, ഒരൊന്ന.
Eagerness. *s.* അത്യാശ, ശുഷ്കാന്തി.
Eagle. *s.* കഴുക, ആനറാഞ്ചൻ.
Ear. *s.* ചെവി, കതിര.
Ear-pick. *s.* ചെവിത്തൊണ്ടി.
Ear-ring. *s.* കാതില, കടുക്കൻ.
Ear-wax. *s.* ചെവിപ്പീ.
Early. *ad.* നെരത്തെ, അതികാലത്തെ.
Earnest. *a.* താല്പൎയ്യമുള്ള, ജാഗ്രതയുള്ള.
Earnest. *s.* അച്ചാരം.
Earth. *s.* ഭൂമി, മണ്ണ.
Earthquake. *s.* ഭൂമികുലുക്കം.
Ease. *s.* സുഖം, ആശ്വാസം, എളുപ്പം.
East. *s.* കിഴക്ക.
Easter. *s.* ക്രിസ്തുഉയിൎത്തെഴുനീറ്റ പെരുനാൾ.
Easy. *a.* എളുപ്പമുള്ള, സുഖമുള്ള.
Eat. *v. a.* & *n.* തിന്നുന്നു.
Eaves. *s.* ഇറമ്പ.
Ebb. *s.* വെലിയിറക്കം.
Ebony. *s.* കരിന്തകാളി.
Eccentric. *a.* ക്രമക്കെടുള്ള.

Echo. *s.* മാറൊലി, പ്രതിധ്വനി.
Eclipse *s.* ഗ്രഹണം.
Ecstacy. *s.* ആനന്ദവിവശത.
Eddy. *s.* നീൎച്ചുഴി, ചുഴി.
Edge. *s.* വായ്തല, വക്ക, വിളിമ്പ.
Edict. *s.* രാജകല്പന, പരസ്യം.
Edification. *s.* സ്ഥിരീകരണം, ഉപദെശം.
Edifice. *s.* മാളിക, ഭവനം.
Educate. *v. a.* പഠിപ്പിക്കുന്നു.
Education. *s.* പഠിപ്പ, വിദ്യാഭ്യാസം.
Effect. *s.* സാദ്ധ്യം, ഫലം.
Effeminacy. *s.* സ്ത്രീസ്വഭാവം.
Effervesce. *v. n.* നുരയുന്നു, പൊങ്ങുന്നു.
Efficacious. *a.* സാദ്ധ്യംവരുത്തുന്ന.
Efficiency. *s.* കാരണം, സാദ്ധ്യംവരുത്തുക.
Effort. *s.* പ്രയത്നം, ഉത്സാഹം.
Effulgence. *s.* ശൊഭ, പ്രകാശം, തെജസ്സ.
Egg. *s.* മുട്ട.
Eight. *s.* എട്ട.
Eighteen. *a.* പതിനെട്ട.
Eighty. *a.* എണ്പത.
Either. *pro. des.* രണ്ടിലൊന്ന.
Elaborate. *a.* പ്രയാസത്തൊടുതീൎക്കപ്പെട്ട, വിശെഷപണിയുള്ള.
Elastic. *a.* വഴങ്ങലുള്ള, വലിയുന്ന.
Elbow. *s.* മുഴങ്കൈ, കയ്യുടെമുട്ട.
Elder. *s.* മൂത്തവൻ, മൂപ്പൻ.
Eldest. *a.* എല്ലാവരിലുംമൂത്ത.
Elect. *a.* തെരിഞ്ഞെടുക്കപ്പെട്ട.
Electricity. *s.* അഗ്നിയുണ്ടാക്കുന്നവസ്തു.
Elegance. *s.* ചന്തം, ഭംഗി.
Element. *s.* ഒന്നിന്റെമൂലം, ആദ്യപാഠം.
Elephant. *s.* ആന.
Elephantiasis. *s.* ആനക്കാൽ, പെരിക്കാൽ.
Elevate. *v. a.* ഉയൎത്തുന്നു. പൊക്കുന്നു.
Eleven. *a.* പതിനൊന്ന.
Elixir. *s.* ഇറക്കിയതൈലം.
Elk. *s.* മ്ലാവ.
Ellipsis. *s.* ലൊപം, ലക്ഷണം.
Eloquence. *s.* വാഗ്വൈഭവം.
Else. *pron.* അല്ലാതെ, കൂടാതെ.
Else. *ad.* പിന്നെയും, അല്ലെങ്കിൽ.
Elsewhere. *ad.* മറ്റെങ്ങാനും.
Elucidate. *v. a.* തെളിയിക്കുന്നു.
Emanation. *s.* ഒന്നിൽനിന്നുള്ള പുറപ്പാട.
Emancipation. *s.* അടിമവിടുതൽ.
Embalm. *v. a.* സുഗന്ധവൎഗ്ഗങ്ങളെ ഇട്ട ശവത്തെ സൂക്ഷിച്ചുവെക്കുന്നു.
Embark *v. a.* കപ്പലിൽകയറുന്നു.
Embarrassment. *s.* കുഴപ്പം, ശമ്മല.
Embassy. *s.* ദൂത, സ്ഥാനാപത്യം.
Embellishment. *s.* അലങ്കാരം, മൊടി.
Embezzle. *v. a.* വഞ്ചിച്ചെടുക്കുന്നു, അപഹരിക്കുന്നു.
Emblem. *s.* സാദൃശ്യം, അടയാളം.
Embrace. *v. n.* തഴുകുന്നു, ആലിംഗനം ചെയ്യുന്നു.
Embryo. *s.* മുറ്റാത്തഗൎഭപിണ്ഡം.
Emerald. *s.* മരതകപ്പച്ച.
Emerge. *v. n.* വെള്ളത്തിൽനിന്ന പൊങ്ങിവരുന്നു, പുറപ്പെടുന്ന, വെളിയിൽ വരുന്നു.
Emergency. *s.* പുറപ്പാട, അത്യാവശ്യം.
Emetic. *s.* ഛൎദ്ദിപ്പാനുള്ള ഔഷധം.
Emigration. *s.* കുടിപുറപ്പാട.
Eminence. *s.* ഉയൎച്ച, ശ്രെഷ്ഠത.
Eminently. *ad.* വിശെഷമായി.
Emit. *v. a.* പുറത്ത തള്ളുന്നു.
Emolument. *s.* ആദായം, ലാഭം.
Emotion. *s.* മനൊവികാരം, ഇളക്കം.
Emperor. *s.* മഹാരാജൻ.
Emphasis. *s.* വാചകത്തിലുള്ള വെപ്പ എടുപ്പം.
Empire. *s.* മഹാരാജ്യം.
Employ. *v. a.* വെലെക്കാക്കുന്നു.
Employer. *s.* യജമാനൻ.
Employment *s.* വെല, തൊഴിൽ.
Empower. *v. a.* അധികാരംകൊടുക്കുന്നു.
Empty. *a.* വെറും, ഒഴിഞ്ഞ.
Empty. *v. a.* ഒഴിക്കുന്നു, വ്യൎത്ഥമാക്കുന്നു.
Emulation. *s.* സ്പൎദ്ധ, മത്സരം.
Enable. *v. a.* പ്രാപ്തിവരുത്തുന്നു.
Enact. *v. a.* നടത്തുന്നു, സ്ഥാപിക്കുന്നു.
Enamel. *s.* അഴുത്ത പതിച്ചിൽ, മിനുസം.
Enamour. *v. a.* മൊഹിപ്പിക്കുന്നു.
Encamp. *v. a. & n.* പാളയം അടിക്കുന്നു.
Enchant. *v. a.* ആഭിചാരം ചെയ്യുന്നു.
Enchantment. *s.* ആഭിചാരം, കൂടപത്രം.
Enchantress. *s.* ആഭിചാരക്കാരി.
Encircle. *v. a.* വളയുന്നു, ചുറ്റുന്നു.
Enclose. *v. a.* വെലിവളെച്ചുകെട്ടുന്നു.
Encomium. *s.* മംഗലവാക്ക, സ്തുതി.
Encompass. *v. a.* പ്രദക്ഷിണംചെയ്യുന്നു.
Encounter. *v. a. & n.* എതിൎക്കുന്നു, ശണ്ഠയിടുന്നു.
Encourage. *v. a.* ധൈൎയ്യപ്പെടുത്തുന്നു.
Encroach. *v. a.* ആക്രമിക്കുന്നു.
Encumber. *v. a.* ഭാരം ചുമത്തുന്നു. തടുക്കുന്നു.
Encyclopedia. *s.* ശാസ്ത്രവലയം.

End. *s.* അവസാനം തീൎച്ച.
Endamage. *v. a.* നഷ്ടപ്പെടുത്തുന്നു.
Endanger. *v. a.* അപകടപ്പെടുത്തുന്നു.
Endear. *v. a.* പ്രിയപ്പെടുത്തുന്നു.
Endeavour. *v. n.* ശ്രമിക്കുന്നു, പ്രയാസപ്പെടുന്നു.
Endless. *a.* അവസാനമില്ലാത്ത.
Endorsement. *s.* കടലാസിന്റെപുറത്തുള്ളഎഴുത്ത, കയ്യൊപ്പ.
Endue. *v. a.* നൾകുന്നു, അനുഗ്രഹിക്കുന്നു.
Endure. *v. a.* സഹിക്കുന്നു, അനുഭവിക്കുന്നു.
Enemy. *s.* ശത്രു, വൈരി.
Energy. *s.* ശക്തി, അതിപ്രയത്നം.
Enfeeble. *v. a.* ക്ഷീണിപ്പിക്കുന്നു.
Enforce. *v. a.* നടത്തിക്കുന്നു, ബലബന്ധം ചെയ്യുന്നു
Engage. *v. a.* വാക്കകൊടുക്കുന്നു, വെലെക്കാക്കുന്നു.
Engagement. *s.* വാഗ്ദത്തം, ഉടമ്പടി. വെല
Engender. *v. a.* ജനിപ്പിക്കുന്നു, ഉണ്ടാക്കുന്നു.
Engine. *s.* യന്ത്രം, സൂത്രപ്പണി.
Engineer. *s.* കൊട്ടമുതലായവയെകെട്ടിക്കുന്നവൻ, സൂത്രപ്പണിക്കാരൻ.
English. *a.* ഇംക്ലീഷ.
Engrave. *v. a.* ചിത്രംകൊത്തുന്നു.
Engraver. *s.* കൊത്തുപണിക്കാരൻ.
Engross. *v. a.* അടക്കംപിടിക്കുന്നു.
Enhance. *v. a.* ഉയൎത്തുന്നു, വിലഉയൎത്തുന്നു.
Enigma. *s.* കടങ്കഥ, മറപൊരുൾ.
Enjoin. *v. a.* കല്പിക്കുന്നു.
Enjoy. *v. a. & n.* അനുഭവിക്കുന്നു, ഉല്ലാസിക്കുന്നു.
Enjoyment. *s.* അനുഭവം, ഭാഗ്യം, സുഖം
Enlarge. *v. a & n.* വലിയതാക്കുന്നു, വിസ്തരിക്കുന്നു.
Enlighten. *v. a.* പ്രകാശിപ്പിക്കുന്നു.
Enlist. *v. a. & n.* പട്ടാളത്തിൽചെരുന്നു.
Enliven. *v. a.* ജീവിപ്പിക്കുന്നു, ഉത്സാഹിപ്പിക്കുന്നു.
Enmity. *s.* പക, വൈരം.
Enormous *a.* അന്യായമുള്ള, മഹാവലിയ.
Enough. *s.* തൃപ്തി, വെണ്ടുന്നത.
Enough. *ad.* വെണ്ടുംവണ്ണം.
Enrage. *v. a.* കൊപിപ്പിക്കുന്നു.
Enrich. *v. a.* സമ്പത്തുണ്ടാക്കുന്നു.
Enrolment. *s.* പെർവഴിപതിവ.
Ensample. *s.* ദൃഷ്ടാന്തം, നടപ്പുരീതി.
Ensign. *s.* കൊടി, അടയാളം.
Enslave. *v. a.* അടിമപ്പെടുത്തുന്നു.

Ensnare. *v. a.* കുടുക്കിലാക്കുന്നു.
Ensue. *v. a. & n.* പിന്തുടരുന്നു.
Ensurance. *s.* ചെതത്തിനുള്ളഉത്തരവാദം രക്ഷാഭൊഗം.
Entail. *v. a.* അവകാശത്തിന ഇന്നവർ അവകാശികളെന്ന സ്ഥിരപ്പെടുത്തുന്നു.
Entangle. *v. a.* കുടുക്കുന്നു, അകപ്പെടുത്തുന്നു.
Enter. *v. a.* പ്രവെശിപ്പിക്കുന്നു, പതിക്കുന്നു.
Enterprise. *s.* പ്രയത്നം, കയ്യെററവെല.
Entertain. *v. a.* അതിഥിസല്ക്കാരംചെയ്യുന്നു, രസിപ്പിക്കുന്നു.
Enthusiasm. *s.* അതിസക്തി, അതിതീക്ഷ്ണത.
Entice. *v. a.* വശീകരിക്കുന്നു.
Entirely. *ad.* മുഴുവനും, അശെഷവും.
Entitle. *v. a.* സ്ഥാനമാനംകൊടുക്കുന്നു.
Entomb. *v. a.* കല്ലറയിൽഅടക്കുന്നു.
Entrails. *s.* കുടലുകൾ.
Entrance. *s.* പ്രവെശനം.
Entrap. *v. a.* കുടുക്കിലാക്കുന്നു.
Entreat. *v. a.* അപെക്ഷിക്കുന്നു.
Envelope. *s.* മൂടി, പൊതപ്പ, ഉറ.
Envious. *a.* അസൂയയുള്ള.
Enumerate. *v. a.* കണക്കകൂട്ടുന്നു.
Envoy. *s.* ദൂതൻ.
Envy. *s.* അസൂയ, സ്പൎദ്ധ.
Epicurean. *s.* കാമവികാരി, മത്തവിലാസക്കാരൻ.
Epilepsy. *s.* പ്രലാപസന്നി, അപസ്മാരം.
Epiphany. *s.* ക്രിസ്തുവിന്റെ മഹത്വംപ്രകാശപ്പെട്ടനാൾ.
Episcopacy. *s.* ബീഷൊപ്പുസ്ഥാനം.
Epistle. *s.* ലെഖനം, കുറി.
Epitome. *s.* ചുരുക്കം, സംക്ഷെപം.
Epoch. *s.* കാലക്കണക്ക, കൊല്ലം.
Equable. *a.* തുല്യമായുള്ള, ഒരുപൊലെയുള്ള.
Equal. *s.* സമൻ.
Equally. *ad.* തുല്യമായി, ശരിയായി.
Equangular. *a.* സമചതുരമായുള്ള.
Equator. *s.* ഭൂഗൊളത്തിന്റെ മദ്ധ്യചക്രം.
Equestrian. *a* കുതിരകെററത്തിന്ന സാമൎത്ഥ്യമുള്ള.
Equilibrium. *s.* സമനില, സമതുക്കം.
Equinox. *s.* സമരാത്രി.
Equipage. *s.* ചമയം, കൊപ്പ.
Equity. *s.* നീതി, നെര.
Equivalence. *s.* ഒരുപൊലെ, സമത്തിന സമത്വം.
Equivocal. *a.* ഉഭയാൎത്ഥമുള്ള, സംശയാൎത്ഥമുള്ള.

Equivocate. *v. n.* സംശയാൎത്ഥമായിപറയുന്നു.
Era. *s.* കാലത്തിന്റെകണക്ക.
Eradication. *s.* വെരൊടെപറിച്ചുകളയുക.
Erase. *v. a.* മായ്ക്കുന്നു, മാച്ചുകളയുന്നു.
Ere. *ad.* മുമ്പെ.
Erelong. *ad.* എറകാലംകഴിയാതെ.
Erect. *v. a.* നിവിൎത്തനിൎത്തുന്നു, നാട്ടുന്നു.
Err. *v. n.* തെറ്റുന്നു.
Errata. *s.* അച്ചടിയിലെതെറ്റുകൾ.
Erroneous. *a.* തെറ്റായുള്ള
Error. *s.* തെറ്റ, പിഴ.
Eruct. *v. a.* എമ്പക്കമിടുന്നു.
Erudition. *s.* വിദ്യ, വിജ്ഞാനം.
Eruption. *s.* പൊട്ട, കൊള്ളക്കുരുപ്പൻ
Erysipelas. *s.* അഗ്നികുരുപ്പൻ.
Escape. *v. a. & n.* ഒഴിഞ്ഞുപൊകുന്നു, ഒടിപ്പൊകുന്നു.
Escheat. *v. a.* അന്യംനിന്നുപൊകുന്നു.
Eschew. *v. a.* വിട്ടൊഴിയുന്നു, അകററുന്നു.
Escort. *s.* വഴിത്തുണ, തുണെക്കുള്ളകാവലാൾ
Esculent. *s.* ഭക്ഷിക്കുന്നസാധനം.
Especially. *ad.* വിശെഷമായി, പ്രധാനമായി.
Espouse. *v. a.* വിവാഹംപറഞ്ഞുനിശ്ചയിക്കുന്നു.
Esquire. *s* സ്ഥാനപ്പെർ.
Essay. *s.* ഒരൊസംഗതിയെപററിവിസ്താരമുള്ളഎഴുത്ത.
Essence. *s.* സത്ത, സാരം.
Essential. *a.* ആവശ്യമായുള്ള, സാരമുള്ള.
Establish. *v. a.* സ്ഥാപിക്കുന്നു, സ്ഥിരപ്പെടുത്തുന്നു.
Estate. *s.* വസ്തുവക, അവസ്ഥ
Esteem. *v. a.* വിലമതിക്കുന്നു, ആദരിക്കുന്നു.
Estimate. *s.* വിലമതിപ്പ, അടങ്കൽ.
Estrange. *v. a.* അകററുന്നു, ഇതരമാക്കുന്നു.
Estuary. *s.* അഴിമുഖം.
Et cetera &c. ഇത്യാദി.
Eternal. *a.* ആദ്യന്തമില്ലാത്ത, നിത്യമായുള്ള.
Eternity. *s.* നിത്യത്വം.
Ether. *s.* ആകാശം.
Etymology. *s.* ശബ്ദശാസ്ത്രം.
Evacuate. *v. a.* ഒഴിച്ചുകളയുന്നു.
Evade. *v. a.* അകററുന്നു, നീക്കുന്നു.
Evangelist. *s.* സുവിശെഷകൻ.
Evaporate. *v. a.* ആവിപുറപ്പെടുവിക്കുന്നു.
Eucharist. *s.* കൎത്താവിന്റെ രാത്രിഭക്ഷണം.
Eve. *s.* വൈകുന്നെരം.
Even. *a.* നിരപ്പുള്ള, സമമായുള്ള.
Even. *ad.* തന്നെയും, പൊലും.
Evening. *s.* സന്ധ്യ, വൈകുന്നെരം.
Event. *s.* ഉണ്ടാകും കാൎയ്യം, സംഗതി.
Ever. *ad.* എപ്പൊഴും. എന്നെക്കും.
Everlasting. *a.* എന്നെക്കുമുള്ള.
Everliving. *a.* എന്നെക്കും ജീവിക്കുന്ന.
Evermore. *ad.* എന്നെക്കും, എല്ലാപ്പൊഴും.
Every. *a.* ഒരൊരൊ.
Every-where. *ad.* എല്ലാടവും, സൎവ്വത്ര.
Evidence. *s.* തെളിവ, സാക്ഷി.
Evil. *s.* ദൊഷം, തിന്മ.
Evil. *ad.* ദൊഷമായി.
Evince. *v. a.* നെരുതെളിയിക്കുന്നു.
Eulogy. *s.* സ്തുതി, മംഗലവാക്ക.
Eunuch. *s.* നപുംസകൻ.
Euphony. *s.* സ്വരവാസന.
European. *s.* യൂറൊപ്പുകാരൻ.
Ewe. *s.* പെണ്ണാട
Exact. *v. a. & n.* ഞെരുക്കിചൊദിക്കുന്നു, പിടിച്ചുപറിക്കുന്നു.
Exactly. *ad.* ശരിയായി, തിട്ടമായി.
Exaggerate. *v. a.* കൂട്ടിപറയുന്നു, പൊലിപ്പിക്കുന്നു.
Exalt. *v. a.* ഉയൎത്തുന്നു, പൊക്കുന്നു.
Examination. *s.* ശൊധന, വിസ്താരം.
Examine. *v. a.* ശൊധനചെയ്യുന്നു.
Examiner. *s.* ശൊധനക്കാരൻ.
Example. *s.* മാതിരി, ദൃഷ്ടാന്തം.
Exasperate. *v. a.* കൊപിപ്പിക്കുന്നു.
Exceed. *v. n.* കടക്കുന്നു, കവിയുന്നു.
Exceedingly. *ad.* മഹാ, അധികമായുള്ള.
Excel. *v. n.* അധികപ്പെടുന്നു, വിശെഷമാകുന്നു.
Excellency. *s.* മഹത്വം, ബഹുമാനം.
Excellent. *a.* മഹത്തായുള്ള, ശ്രെഷ്ഠമായുള്ള.
Except. *prep.* ഒഴികെ, അല്ലാതെ.
Exception. *s.* നീക്കം, ഒഴിവ
Excess. *s.* അധികത്വം, മിച്ചം.
Exchange. *v. a.* ചരക്കിന ചരക്കമാററുന്നു, പകരുന്നു.
Exchequer. *s.* ഭണ്ഡാരഗൃഹം
Excite. *v. a.* ഇളക്കുന്നു, ഉത്സാഹിപ്പിക്കുന്നു.
Exclaim. *v. a.* ഉറക്കെവിളിക്കുന്നു, അട്ടഹാസിക്കുന്നു.
Exclusive. *a.* നീക്കീട്ടുള്ള, ഒഴികെയുള്ള.

Exclusively. *ad.* ഒഴിച്ച, ഇതൊഴികെ.
Excommunicate. *v. a.* സഭെക്കുപുറത്താക്കുന്നു.
Excrement. *s.* മലം, കാഷ്ഠം.
Excrescence. *s* മുഴ.
Excruciate. *v. a.* അതിവെദനപ്പെടുത്തുന്നു.
Exculpate. *v. a.* കുററമില്ലെന്നതെളിയിക്കുന്നു.
Excursion. *s.* സഞ്ചാരം, വലഞ്ഞനടക്കുക.
Excuse. *s.* ഒഴികഴിവ, നിൎവാഹം.
Execration. *s.* ശാപം, പ്രാക്ക.
Execute. *v. a.* നടത്തുന്നു, വധിക്കുന്നു.
Executioner. *s.* കുലചെയ്യുന്നവൻ.
Executor. *s.* മരണപത്രികയെനടത്തുന്നവൻ.
Exemplary *a.* ദൃഷ്ടാന്തമായുള്ള, നല്ലനടപ്പുരീതിയുള്ള.
Exemplify. *v. a.* ദൃഷ്ടാന്തംകൊണ്ടുകാണിക്കുന്നു.
Exempt. *v. a.* ഒഴിവാക്കുന്നു, നീക്കുന്നു.
Exercise. *s.* ശീലം, അഭ്യാസം.
Exert. *v. a.* പ്രയത്നംചെയ്യുന്നു, പ്രയൊഗിക്കുന്നു.
Exertion. *s.* പ്രയത്നം, അദ്ധ്വാനം, ശ്രമം.
Exhalation. *s.* ആവി, പുക.
Exhaust. *v. a. & n.* വററുന്നു, എത്തുന്നു, ക്ഷീണിക്കുന്നു.
Exhaustless. *a* എത്തിപ്പൊകാത്ത, അക്ഷയമുള്ള.
Exhibit. *v. a.* തുറന്നുകാണിക്കുന്നു.
Exhibition. *s.* തുറന്നുകാണിക്കുക, കാഴ്ചവെല.
Exhort. *v. a.* ബുദ്ധിയുപദെശിക്കുന്നു.
Exhortation. *s.* ബുദ്ധിയുപദെശം, ഉപദെശവാക്ക.
Exigenee. *s.* മുട്ട, ആവശ്യം.
Exile. *s.* നാടുകടത്തൽ, ദെശഭ്രഷ്ടൻ
Exist. *v. n.* ഇരിക്കുന്നു, ജീവിക്കുന്നു.
Exodus. *s.* പുറപ്പാട, മൊശയുടെരണ്ടാം പുസ്തകത്തിന്റെപെർ.
Exorbitant *a.* കടന്ന, അധികമായുള്ള.
Exorcism. *s.* മന്ത്രവാദപ്രയൊഗം.
Exordium. *s.* മുൻവാചകം, ആരംഭം.
Expand. *v. a.* വിരിക്കുന്നു, പരത്തുന്നു.
Expatiate. *v. n.* വിസ്താരമായിപറയുന്നു.
Fxpect. *v. a.* കാത്തിരിക്കുന്നു, ആശപ്പെടുന്നു.
I xpectation. കാത്തിരിപ്പ, ആശാബന്ധം.
I xpedience. *s.* ചെൎച്ച, യൊഗ്യത.
Expedient. *a.* ചെൎച്ചയുള്ള, ആവശ്യമുള്ള.
Expedition. *s.* ചുറുക്ക, സെനാപുറപ്പാട
Expel. *v. a.* ആട്ടികളയുന്നു, പുറത്താക്കുന്നു.
Expense. *s.* ചിലവ, ചിലവറുപ്പ.
Expensive. *a.* അധികചിലവുള്ള.
Experience. *s.* പരിചയം, ശീലം.
Experiment. *s.* പരീക്ഷ, ശൊധന
Expert. *a.* സാമൎത്ഥ്യമുള്ള, മിടുക്കുള്ള.
Expiate. *v. a.* പ്രതിശാന്തിവരുത്തുന്നു.
Expiation. *s.* പ്രതിശാന്തി, പരിഹാരം.
Expiration. *s.* അന്ത്യം, മരണം, അവസാനം.
Expire. *v. n.* മരിച്ചുപൊകുന്നു, അവസാനിക്കുന്നു.
Explain. *v. a.* വിസ്തരിച്ചുപറയുന്നു, വിവരപ്പെടുത്തുന്നു.
Explanation. *s.* വിവരണം, വൎണ്ണനം.
Explicit. *a.* സ്പഷ്ടമായുള്ള.
Exploit. *s.* പരാക്രമകാൎയ്യം, ജയം.
Explore. *v. a.* ശൊധനചെയ്യുന്നു.
Export. *v. a.* ചരക്കുഎററികൊടുത്തയക്കുന്നു.
Expose. *v. a.* തുറന്നുവെക്കുന്നു, ഇടകൊടുക്കുന്നു.
Exposition. *s.* തുറന്നുവെക്കുക, വ്യാഖ്യാനം.
Expositor. *s.* തെളിയിച്ചുപറയുന്നവൻ.
Expostulate. *v. a.* അനുശാസിക്കുന്നു, സ്നെഹത്തൊടെ ആക്ഷെപിക്കുന്നു.
Expound. *v. a.* തെളിയിച്ചുപറയുന്നു, വിസ്തരിച്ചുപറയുന്നു.
Express. *v. a.* ഉച്ചരിക്കുന്നു, ചൊല്ലുന്നു.
Express. *s.* ദൂതാൾ, അടിയന്തിരം.
Expression. *s.* വാചകം, ഉച്ചാരം.
Expressly. *ad.* സ്പഷ്ടമായി, നിശ്ചയമായി.
Expunge. *v. a.* മാച്ചുകളയുന്നു, തുടച്ചുകളയുന്നു.
Exquisite. *a.* വിശെഷമായുള്ള.
Extant. *a.* ഇരിച്ചിരിക്കുന്ന, ഇപ്പൊൾഇരിക്കുന്ന.
Extemporary. *a.* മുൻവിചാരംകൂടാതെ ചൊല്ലിയ, ചുറുക്കുള്ള.
Extend. *v. a. & n.* നീട്ടുന്നു; വിസ്താരമാക്കുന്നു.
Extension. *s.* അകലം, വിസ്താരം, പരപ്പ.
Extensively. *ad.* വിസ്തീൎണ്ണമായി.
Extent. *s.* വിസ്താരം, വലിപ്പം.
Extenuate. *v.* കുറെക്കുന്നു, മറെക്കുന്നു.
Exterior. *a.* പുറത്തുള്ള.
Exterminate. *v. a.* നിൎമ്മൂലമാക്കുന്നു.
External. *a.* പുറത്തുള്ള.
Extinction. *s.* കെടുത്തൽ, മുടിവ, വിനാശം.

Extinguish. *v. a.* കെടുക്കുന്നു, നശിപ്പിക്കുന്നു.

Extirpate. *v. a.* വെരൊടെപറിച്ചുകളയുന്നു, നശിപ്പിക്കുന്നു.

Extol. *v. a.* പുകഴ്ത്തുന്നു, സ്തുതിക്കുന്നു.

Extortion. *s.* പിടിച്ചുപറി, അപഹാരം.

Extra. *a.* പുറവകയായുള്ള, വിശെഷാലുള്ള.

Extract. *s.* തൈലം, സാരം. ഒന്നിൽനിന്ന എടുത്ത സാരാംശം.

Extraordinary. *a.* അപൂൎവമായുള്ള, വിശെഷമായുള്ള.

Extravagance. *s.* ക്രമകെട, അഴിമതി, ധാരാളം.

Extreme. *a.* അത്യന്തം, അററം.

Extremity. *s.* അററം, അതിര, അത്യാവിശ്യം.

Extricate. *v. a.* കുടുക്കതീക്കുന്നു, വിടുവിക്കുന്നു.

Extrinsic. പുറത്തുള്ള, പുറമെയുള്ള.

Exuberant. *a.* അധികവളൎച്ചയുള്ള, സുഭിക്ഷമായുള്ള.

Exult. *v. n.* ആനന്ദിക്കുന്നു, ജയസന്തൊഷംകൊള്ളുന്നു.

Eye. *s.* കണ്ണ.

Eyeball. *s.* കണ്മിഴി.

Eyebrow. s. പിരികം.

Eyeglass. *s.* മൂക്കകണ്ണാടി

Eyelash. *s.* കണ്ണിമ, കണ്ണീലി.

Eyelid. *s.* കണ്ണൊള.

Eyeshot. *s.* കണ്ണുനൊട്ടം.

Eyetooth. *s.* കുലപ്പല്ല.

Eyewink. *s.* കണ്ണുകാട്ടുക.

Eyewitness. *s.* കണ്ടസാക്ഷി.

F

Fable. *s.* കഥ, കവിത, കള്ളം.

Fabric. *s.* ചട്ടം, പണി.

Fabricate. *v. a.* പണിയുന്നു, കള്ളമായിട്ടുണ്ടാക്കുന്നു.

Fabulous. *a.* കവിതയുള്ള, കള്ളമായുള്ള.

Face. *s.* മുഖം.

Facilitate. *v. a.* എളുപ്പമാക്കുന്നു.

Facility. *s.* എളുപ്പം, അപ്രയാസം.

Fact. *s.* വസ്തുത, പരമാൎത്ഥം, ഉള്ളത.

Faction. *s.* പക്ഷം, പിണക്കം, കലഹം.

Faculty. *s.* ശെഷി, പ്രാപ്തി, ശക്തി.

Fade. *v. n.* വാടുന്നു, ക്ഷീണിക്കുന്നു.

Fæces. *s.* മലം, അമെദ്ധ്യം.

Fagot. വെറകുകെട്ട.

Fail. *v. n.* കുറയുന്നു, ഇല്ലാതാകുന്നു.

Failing. *s.* കുറവ, തെററ, പിഴ.

Fain. *a.* സന്തൊഷമുള്ള.

Faint. *v. n.* ആലസ്യപ്പെടുന്നു, തളരുന്നു.

Faint-hearted. *a.* ക്ഷീണഹൃദയമുള്ള.

Fainting. *s.* മൊഹാലസ്യം, ബൊധകെട.

Faintly. *ad.* ക്ഷീണമായി, തളൎച്ചയായി.

Fair. *a.* സൌന്ദൎയ്യമുള്ള, അഴകുള്ള.

Fair. *s.* ചന്ത. കച്ചവടസ്ഥലം.

Fairly. *ad.* ചന്തമായി, ഭംഗിയായി.

Fairy. *s.* ആഭിചാരക്കാരി.

Faith. *s.* വിശ്വാസം.

Faithful. *a.* വിശ്വാസമുള്ള, നെരുള്ള.

Faithless. *a.* വിശ്വാസമില്ലാത്ത.

Falcon. *s.* പുള്ള.

Fall. *v. n.* വീഴുന്നു, പൊഴിയുന്നു.

To fall away. പിൻവാങ്ങുന്നു.

To fall back. പുറകൊട്ടുമാറുന്നു.

To fall down. സാഷ്ടാംഗമായിവീഴുന്നു.

To fall on. കയ്യെററംചെയ്യുന്നു.

To fall out. ശണ്ഠകൂടുന്നു.

To fall upon. അതിക്രമിക്കുന്നു.

Fall. *s.* വീഴ്ച.

Fallacious. *a.* വ്യാപ്തിയുള്ള. തെററിക്കുന്ന.

Fallacy. *s.* തന്ത്രം, ഉപായം.

Fallible. *a.* തെററുന്നശീലമുള്ള.

Fallow. *s.* തരിശനിലം,

False. *a.* കള്ളമുള്ള, വ്യാജമുള്ള.

Falsehood. *s.* അസത്യം; നെരുകെട.

Falsely. *ad.* വ്യാജമായി.

Falsify. *v. a.* വ്യാജമായുണ്ടാക്കുന്നു, കള്ളവാക്കപറയുന്നു.

Fame. *s.* ശ്രുതി, കീൎത്തി.

Familiar. *a.* അറിമുഖമുള്ള, പരിചയമുള്ള.

Family. *s.* കുഡുംബം, വംശം.

Famine. പഞ്ഞം, ക്ഷാമം.

Famish. *v. n.* പട്ടിണികിടക്കുന്നു.

Famous. *a.* ശ്രുതിയുള്ള, കീൎത്തിപ്പെട്ട.

Fan. *s.* വിശറി.

Fan. *v. a.* വീശുന്നു, പെററുന്നു.

Fanatic. *s.* അതിസക്തിക്കാരൻ, ആവെശക്കാരൻ.

Fanaticism. *s.* ദെവതാഭക്തി, അതിസക്തി.

Fancy. *s.* മനൊരാജ്യം, ഭാവം, ഊഹം.

Fang *s.* തെററപ്പല്ല, തെററ.

Fantasy. *s.* മായ, ഊഹം, മായാമൊഹം.

Far. *ad.* ദൂരത്ത, അകലെ.

Fare. *s.* കെവുകൂലി, കൂലി, ആഹാരം.

Farewell. *s.* യാത്രപറക.

Farm. *s.* പാട്ടനിലം, കുത്തകകൃഷി.

Farmer. *s.* പാട്ടക്കാരൻ, കൃഷിക്കാരൻ.
Farmost. *a.* എല്ലാററിലും ദൂരമുള്ള.
Farrier. *s.* ലാടംതറെക്കുന്നവൻ.
Farther. *ad.* അതിദൂരെ, അപ്പുറം, ഇനിയും.
Fartherance. *s.* വൎദ്ധനം, അഭിവൃദ്ധി.
Farthermore. *ad.* പിന്നെയും, വിശെഷിച്ചും.
Farthest. *a.* എല്ലാററിലും ദൂരമുള്ള.
Farthing. *s.* ഒരുവകചെമ്പുകാശ.
Fascination. വശീകരണം, മൊഹനം.
Fashion. *s.* ഭാഷ, മാതിരി, ആകൃതി.
Fast. *v. n.* ഉപവസിക്കുന്നു, നൊല്ക്കുന്നു.
Fast. *s.* ഉപവാസം, നൊമ്പ.
Fast. *a.* ഉറപ്പുള്ള, വെഗമുള്ള, ചുറുക്കുള്ള.
Fast. *ad.* ഉറപ്പായി, വെഗം.
Fasten. *v. a.* ഉറപ്പിക്കുന്നു, തറെക്കുന്നു.
Fast-day. *s.* ഉപവാസദിനം.
Fat. *s.* കൊഴുപ്പ, മെദസ്സ, നെയ്യ.
Fat. *a.* പുഷ്ടിയുള്ള, തടിച്ച.
Fat. *s.* പീപ്പക്കുററി, ചക്ക.
Fatal. *a.* മരിക്കുതക്ക, നാശകരമായുള്ള.
Fate. *s.* വിധി, മരണം, ദൈവഗതി.
Father. *s.* അപ്പൻ, പിതാവ.
Father-in-law. *s.* അമ്മായപ്പൻ.
Fatherless. *a.* പിതാവില്ലാത്ത.
Fatherly. *a.* പിതൃസംബന്ധമുള്ള.
Fathom. *s.* മാറ, ആഴം.
Fatigue. *s.* ആലസ്യം, പ്രയാസം.
Fatigue. *v. a. & n.* പ്രയാസപ്പെടുന്നു, അദ്ധ്വാനപ്പെടുന്നു.
Fatling. *s.* തടിച്ചജന്തു.
Fatness. *s.* പുഷ്ടി, തടിപ്പ.
Fatten. *v. a.* പുഷ്ടിവരുത്തുന്നു, തടിപ്പിക്കുന്നു.
Fault. *s.* കുററം, പിഴ, തെററ.
Faultless. *a.* കുററമില്ലാത്ത.
Favour. *v. a. & n* സഹായിക്കുന്നു. ഉപകാരം ചെയ്യുന്നു.
Favour. *s.* ദയ, സഹായം, ഉപകാരം.
Favourable. *a.* ദയയുള്ള. അനുകൂലമുള്ള.
Favourite. *s.* പ്രിയൻ, ഇഷ്ടൻ.
Fear. *s.* ഭയം, ഭീതി.
Fearful. *a.* പെടിയുള്ള, ഭയങ്കരമായുള്ള.
Feast. *s.* വിരുന്ന, സദ്യ, ഉത്സവം.
Feather. *s.* തൂവൽ, പൂട, പപ്പ.
Feathered. *a.* പൂടധരിച്ച, ചിറകുള്ള.
Feature. *s.* മുഖഭാവം, ലക്ഷണം.
February. *s.* കുംഭമാസം.
Fed. *part. of feed.* പൊററിയ, തീററിയ.
Federal. *a.* ഉടമ്പടിയൊട ചെൎന്ന, കൂട്ടുകെട്ടുള്ള.
Fee. *s.* മുതലാളന്റെവസ്തു, ഫീസ, ദസ്തൂരി.
Fee. *v. a.* കൊഴകൊടുക്കുന്നു, സമ്മാനം കൊടുക്കുന്നു.
Feeble. *a.* ക്ഷീണമുള്ള, ബലക്ഷയമുള്ള.
Feeble-minded. *a.* മനസ്സുറപ്പില്ലാത്ത
Feed. *v. a.* ഭക്ഷണംകൊടുക്കുന്നു, വളൎത്തുന്നു.
Feel. *v. a. & n.* തൊട്ടറിയുന്നു, സ്പൎശിക്കുന്നു.
Feeling. *s.* സ്പൎശനം, അറിവ, ബൊധം.
Feet. *s. pl.* of foot. പാദങ്ങൾ.
Feign. *v. a.* നടിക്കുന്നു, മായംകാട്ടുന്നു.
Felicity. *s.* ഭാഗ്യം, വാഴ്വ.
Fell. *preterit* of To fall. വീണു.
Feller. *s.* വെട്ടിയിടുന്നവൻ
Fellow. *s.* കൂട്ടാളി, ചങ്ങാതി, സമൻ.
Fellow-creature. *s.* സമസൃഷ്ടി.
Fellow-heir. *s.* കൂട്ടവകാശി.
Fellow-labourer. *s.* കൂട്ടുപ്രവൃത്തിക്കാരൻ.
Fellow-servant. *s.* കൂട്ടുഭൃത്യൻ.
Fellowship. *s.* സഖിത്വം, സംസൎഗ്ഗം.
Felon. *s.* മഹാപാതകൻ.
Felony. *s.* മഹാപാതകം.
Felt. *preterit* of To feel. തൊട്ടുനൊക്കി, തൊന്നി.
Female. *s.* പെൺ, സ്ത്രീ.
Female sex. സ്ത്രീജാതി
Feminine gender, സ്ത്രീലിംഗം.
Fence. *s.* വെലി, കൈയ്യാല, വാട.
Fennel. *s.* ശതകുപ്പ.
Ferment. *v. a.* പുളിപ്പിക്കുന്നു, നുരെപ്പിക്കുന്നു.
Ferocious. *a.* ക്രൂരതയുള്ള, ഘൊരമായുള്ള.
Ferocity. *s.* ക്രൂരത, ഉഗ്രത.
Ferriage. *s.* കടത്തുകൂലി, കെവുകൂലി.
Ferry *s.* കടത്തുതൊണി, കടവുവഞ്ചി.
Ferryman. *s.* കടത്തുകാരൻ.
Fertile. *a.* സുഭിക്ഷമായുള്ള, ഫലവത്ത.
Fertility. *s.* സുഭിക്ഷത, വൎദ്ധന.
Fervency. *s.* ശുഷ്കാന്തി, താല്പൎയ്യം, ചൂട.
Festival. *s.* ഉത്സവം, പെരുനാൾ.
Festivity. *s.* ഉത്സവം, വിശെഷദിവസം.
Festoon. *s.* പുഷ്പമാല, തൊരണം.
Fetch. *v. a.* പൊയികൊണ്ടുവരുന്നു, കൂട്ടികൊണ്ടുവരുന്നു.
Fetid. *a.* നാററമുള്ള, ദുൎഗ്ഗന്ധമുള്ള.
Fetters. *s.* വിലങ്ങ, ചങ്ങല.
Fetus. *s.* ഗൎഭം, ഗൎഭപിണ്ഡം.
Fever. *s.* ജ്വരം, പനി.
Few. *a.* കുറെ, ചുരുക്കം.
Fibre. *s.* നാര, ചെറുവെര,
Fickle. *a.* ചഞ്ചലമായുള്ള, അസ്ഥിരമായുള്ള.

Fiction. *s.* കൃതി, കെട്ടുകഥ.
Fictitious. *a.* കൃതിയുള്ള, വ്യാജമായുള്ള.
Fiddle. *s.* ഒരുവകവീണ.
Fiddler. *s.* വീണവായിക്കുന്നവൻ.
Fidelity. *s.* വിശ്വാസം, ഭക്തിവിശ്വാസം
Field. *s.* വയൽ, കണ്ടം.
Fiend. *s.* പിശാച.
Fierce. *a.* ക്രൂരമായുള്ള, ഭയങ്കരമായുള്ള.
Fierceness. *s.* ക്രൂരത, ഉഗ്രത, ക്രോധം.
Fiery. *a.* തീപൊലെയുള്ള, കൊപശീലമുള്ള.
Fifer. *s.* കുഴലൂത്തുകാരൻ.
Fifteen. *a.* പതിനഞ്ച.
Fifteenth. *a.* പതിനഞ്ചാമത്തെ.
Fifty. *a.* അമ്പത.
Fig. *s.* അത്തിവൃക്ഷം, അത്തിപ്പഴം.
Fight. *s.* യുദ്ധം, ശണ്ഠ, പൊർ.
Figment. *s.* കെട്ടുകഥ, കവിതകെട്ട.
Figurative. *a.* ഛായയായുള്ള, ജ്ഞാനാൎത്ഥമുള്ള.
Figure. *s.* രൂപം, ഭാഷ, സ്വരൂപം. ഉപമ.
File. *s.* അരം, കടലാസകൊൎക്കുന്ന ചരട, ചാൎത്ത.
File. *v. a. & n.* രാകുന്നു, അണിയണിയായിപൊകുന്നു.
Filial. *a.* പുത്രസംബന്ധമായുള്ള.
Fill. *v. a.* നിറെക്കുന്നു, തൃപ്തിയാക്കുന്നു.
Fillip. *v. a.* നൊടിക്കുന്നു.
Filter. *v. a.* ഊറ്റുന്നു, അരിക്കുന്നു.
Filth. *s.* അഴുക്ക.
Filthiness. *s.* അഴുക്ക, മലിനത, വൃത്തികെട.
Filtrate. *v. a.* അരിക്കുന്നു, ഊറ്റുന്നു.
Fin. മീനിൻ ചിറക.
Final. *a.* ഒടുക്കത്തെ, അവസാനമുള്ള.
Finally. *ad.* ഒടുക്കത്തെ, തീൎച്ചെക്ക.
Finance. *s.* വരവ, മുതലെടുപ്പ.
Find. *v. a.* കണ്ടെത്തുന്നു, കാണുന്നു.
Fine. *a.* മിനുസമുള്ള, വിശെഷമായുള്ള.
Fine. *v. n.* പ്രായശ്ചിത്തംചെയ്യുന്നു, പിഴചെയ്യുന്നു.
Finer. *s.* ലൊഹങ്ങളെശുദ്ധിചെയ്യുന്നവൻ.
Finger. *s.* കൈവിരൽ.
Finis. *s.* സമാപ്തി, അവസാനം.
Finish. *v. a.* തീൎക്കുന്നു, അവസാനിക്കുന്നു.
Finite. *a.* അതിരുള്ള, അവസാനമുള്ള.
Fir. *s.* ദെവദാരം.
Fire. *s.* തീ, അഗ്നി.
Fire. *v. a.* തീവെക്കുന്നു, ചുടുന്നു.
Firearms. *s.* വെടിയായുധങ്ങൾ.
Firebrand. *s.* തീക്കൊള്ളി.
Firelock. *s.* തൊക്ക.
Firepan. *s.* തീച്ചട്ടി, നെരുപ്പൊട, കുറിഞ്ഞിപ്പെട്ടി.
Fireside. *s.* അടുപ്പുസ്ഥലം.
Firewood. *s.* വിറക.
Fireworks. വെടിക്കെട്ട.
Firm *a.* ഉറപ്പുള്ള, സ്ഥിരതയുള്ള.
Firmament. *s.* ആകാശതട്ട.
Firmness. *s.* ഉറപ്പ സ്ഥിരത.
First. *a.* ഒന്നാമത്തെ.
First. *ad.* എല്ലാററിലുംമുമ്പെ.
First-begotten. *a.* കടിഞ്ഞൂൽപൈതൽ.
First-fruits. *s.* ആദ്യഫലങ്ങൾ.
First-ling. *s.* കടിഞ്ഞൂൽകിടാവ.
Fiscal. *s.* പണ്ടാരകാൎയ്യവിചാരം.
Fish. *s.* മീൻ, മത്സ്യം.
Fish. *v. a.* മീൻപിടിക്കുന്നു.
Fish-hook. *s.* ചൂണ്ടൽ.
Fisherman. *s.* മീൻപിടിക്കുന്നവൻ.
Fishing. *s.* മീൻപിടിക്കുന്നതൊഴിൽ.
Fishmonger. *s.* മീൻവില്ക്കുന്നവൻ.
Fist. *s.* മുഷ്ടി, കൈപിടി.
Fistula. *s.* നാഡി, നാഡിവ്രണം.
Fit. *s.* സന്നി, ജ്വരത്താലുള്ളമയക്കം.
Fit. *a.* യൊഗ്യമായുള്ള, തക്ക, കൊള്ളാകുന്ന.
Five. *a.* അഞ്ച.
Fix. *v. a. & n.* സ്ഥാപിക്കുന്നു, ഉറപ്പാക്കുന്നു.
Flag. *s.* കൊടി.
Flagrant. *a.* ജ്വലിക്കുന്ന, എരിച്ചിലുള്ള.
Flagstaff. *s.* കൊടിമരം.
Flambeau. *s.* പന്തം, തീപെട്ടി.
Flame. *s.* ജ്വാല, അഗ്നി.
Flannel. *s.* വെള്ളക്കമ്പിളി.
Flap. *v. a. & n.* അലെക്കുന്നു, അടിക്കുന്നു.
Flash. *s.* മിന്നൽ, വെള്ളംതെറിപ്പ.
Flask. *s* വെടിമരുന്നുപെട്ടി.
Flat. *a.* സമമായുള്ള, നിരപ്പുള്ള.
Flatter. *v. a.* മുഖസ്തുതിപറയുന്നു, പ്രശംസിക്കുന്നു.
Flattery. *s.* സ്തുത്യവാക്ക, പ്രശംസ.
Flatulency. *s.* വായു, വാതവായു.
Flavour. *s.* രുചി, രസം, വാസന.
Flaw. *s.* ഉടച്ചിൽ, ഊനം, കെട.
Flax. *s.* ചണം, ചണനാര.
Flay. *v. a.* തൊൽഉരിക്കുന്നു.
Flea. *s.* ചെള്ള.
Fleabane. *s.* കാട്ടുജീരകം.
Fledged. *a.* ചിറകുള്ള, ഇറകുള്ള.
Flee. *v. a.* ഓടിപൊകുന്നു.
Fleece. *s.* കത്രിക്കപ്പെട്ടആട്ടിൻരൊമം.
Fleet. കപ്പൽക്കൂട്ടം, പടകപ്പലുകൾ.
Flesh. *s.* മാംസം, ഇറച്ചി, ജഡം.

Fleshmonger. *s.* ഇറച്ചിവില്ക്കുന്നവൻ.
Flexibility. *s.* വളയുന്നസ്വഭാവം, വണക്കശീലം.
Flicker. *v. a.* ചിറകരടിക്കുന്നു.
Flight. *s.* ഓടിപ്പൊക, ഓട്ടം.
Fling. *v. a.* എറിയുന്നു, കവിണയാൽഎറിയുന്നു.
Flint. *s.* തീക്കല്ല.
Float. *v. n.* പൊങ്ങിഒഴുകുന്നു.
Float. *s* പൊങ്ങുതടി, ചങ്ങാടം.
Flock. *s.* കൂട്ടം, ആട്ടുകൂട്ടം
Flog. *v. a.* അടിക്കുന്നു
Flood. *s.* വെള്ളപ്പൊക്കം, ജലപ്രളയം.
Floodgate. *s.* ജലദ്വാരം, തൂമ്പ.
Floor. *s.* കളം, തറ, തട്ട.
Flour. *s.* മാവ, അരിമുതലായവയുടെ പൊടി.
Flourish. *v. a.* തഴെക്കുന്നു, തളിക്കുന്നു.
Flow. *v. n.* ഒഴുകുന്നു, ഒലിക്കുന്നു.
Flower. *s.* പുഷ്പം, പൂ, കുസുമം.
Flowergarden. *s.* പൂങ്കാവ, പുഷ്പവനം.
Fluctuate. *v. n.* അലയുന്നു, ഇളകുന്നു.
Fluently. *ad.* വാഗ്വൈഭവത്തൊടെ.
Fluid. *s.* ഒഴുകുന്നവസ്തു, വെള്ളംപൊലെയുള്ളവസ്തു.
Flute. *s.* ഊത്തുകുഴൽ, ഒടക്കുഴൽ.
Flutter. *v. n.* പറക്കുവാൻനൊക്കുന്നു, ഭ്രമിപ്പെടുന്നു
Flux. *s.* ഒഴുക്ക, വെലിയെറ്റം.
Fly. *v. n.* പറക്കുന്നു, ഓടിപ്പൊകുന്നു.
To fly out. മുൻകൊപപ്പെടുന്നു.
To let fly. ഒഴിക്കുന്നു, വിട്ടയക്കുന്നു.
Fly. *s.* ഈച്ച.
Flyblow. *v. a.* എച്ചംവെക്കുന്നു.
Fly-boat. *s.* ഒടിവഞ്ചി.
Foal. *s.* കുതിരക്കുട്ടി.
Foam. *s.* നുര, പത.
Fodder. *s.* പുല്ല, വൈക്കൊൽമുതലായുള്ളവ
Foe. *s.* ശത്രു, വൈരി.
Fœtus. *s.* ഗർഭത്തിലിരിക്കുന്നപ്രജ.
Fog. *s.* മൂടൽമഞ്ഞ, മഞ്ഞ.
Foil. *v. a.* തൊല്പിക്കുന്നു, മടക്കുന്നു.
Fold. *s* തൊഴുത്ത, മടക്ക, ഇരട്ടി.
Fold. *v. a.* മടക്കുന്നു, കൈകെട്ടുന്നു.
Folding. *a.* മടക്കുള്ള.
A Folding table. മടക്കുമെശ.
A folding door. മടക്കുകതക.
Foliage. *s.* ഇലകൾ, തഴകൾ
Folio. *s.* കടലാസഒരുമടക്കായിട്ടമടക്കിയവലിയപുസ്തകം.
Folk. *s.* മനുഷ്യർ, ജനങ്ങൾ.
Follow. *v. a.* പിന്നാലെപൊകുന്നു,
Folly. *s.* ഭൊഷത്വം, ബുദ്ധികെട.
Fond. *a.* കൊതിയുള്ള, വാത്സല്യമുള്ള.
Fondle. *v. a.* ലാളിക്കുന്നു, കൊഞ്ചിക്കുന്നു.
Font. *s.* ജ്ഞാനസ്നാനതൊട്ടി.
Food. *s.* ആഹാരം, ഭക്ഷണം.
Fool. *s.* ഭൊഷൻ, ബുദ്ധിഹീനൻ
To play the fool. ഭൊഷത്വംകാട്ടുന്നു.
To make a fool of. കബളിപ്പിക്കുന്നു.
Foolish. *a.* ബുദ്ധിയില്ലാത്ത, ഭൊഷത്വമുള്ള.
Foot. *s.* പാദം, കാൽ, കാലടി.
Footmark. *s.* കാൽചുവട.
Footstep. *s.* കാലടി, കാൽചുവട.
Footstool. *s.* പാദപീഠം.
For. *prep & conj.* എന്തകൊണ്ടെന്നാൽ നിമിത്തം, വെണ്ടി.
Forage. *s.* തീൻ, ആഹാരം.
Forbear. *v. n.* താമസിക്കുന്നു, ക്ഷമിക്കുന്നു, സഹിക്കുന്നു
Forbearance. *s.* ചെയ്യാതെവിട്ടുകളയുക, ക്ഷമ.
Forbid. *v. a.* വിലക്കുന്നു, വിരൊധിക്കുന്നു.
Force. *s.* ബലം, ബലാല്ക്കാരം, നിർബന്ധം.
Forcibly. *ad.* ബലത്തൊടെ, ശക്തിയൊടെ.
Ford. *s.* ആറ്റുകടവ, ഇറങ്ങികെറുന്നസ്ഥലം.
Forearm. *s.* മുൻകൈ.
Forecast. *v. a. & n.* മുമ്പിൽകൂട്ടിവിചാരിക്കുന്നു.
Forecastle. *s.* അണിയം.
Forecited. *part.* മുൻപറഞ്ഞ.
Forefather. *s.* പൂർവപിതാവ, കാരണവൻ.
Forefinger. *s.* ചൂണ്ടാണിവിരൽ.
Forehead. *s.* നെറ്റി.
Foreign. *a.* അന്യമായുള്ള, പരദെശത്തുള്ള.
Foreigner. *s.* പരദെശി, അന്യൻ.
Forejudge. *v. a.* മുന്നവിധിക്കുന്നു.
Foreknow. *v. a.* മുന്നറിയുന്നു.
Foreknowledge. *s.* മുന്നറിവ, പൂർവജ്ഞാനം.
Foreman. *s.* മുതലാളി, മുമ്പൻ, മൂപ്പൻ.
Foremost. *a.* മുമ്പിലത്തെ, പ്രധാനമായുള്ള.
Forenoon. *s.* ഉച്ചക്കുമുമ്പെയുള്ളകാലം.
Forensic. *a.* ന്യായസ്ഥലത്തൊടചെൎന്ന.
Forerun. *v. a.* മുൻഒടുന്നു.
Forerunner. *s.* മുന്നൊടുന്നവൻ, മുൻദൂതൻ.
Foresee. *v. a.* മുമ്പെകണ്ടറിയുന്നു:
Foresight. *s.* മുൻകാഴ്ച, മുന്നറിവ.

Foreskin. *s.* അഗ്രചൎമ്മം.
Forest. *s.* കാട, വനം.
Foretell. *v. a.* മുന്നറിയിക്കുന്നു, ഭവിഷ്യദ്ദൎശനം പറയുന്നു.
Forethought. *s.* മുൻവിചാരം, മുൻകരുതൽ.
Foretooth. *s.* മുൻപല്ല.
Forewarn. *v. a.* മുമ്പിൽകൂട്ടിബുദ്ധിയുപദെശിക്കുന്നു.
Forfeit. *v. a.* കുററത്താൽനഷ്ടംവരുത്തുന്നു.
To forfeit one's word. വാക്കവ്യത്യാസം ചെയ്യുന്നു.
Forge. *s.* ഇരിമ്പപണിസ്ഥലം.
Forger. *s.* ഇരിമ്പഅടിച്ചഭാഷവരുത്തുന്നവൻ, കള്ളംകാട്ടുന്നവൻ.
Forgery. *s.* കള്ളക്കയ്യൊപ്പ.
Forget. *v. a.* മറന്നകളയുന്നു.
Forgive. *v. a.* ക്ഷമിക്കുന്നു, മാപ്പചെയ്യുന്നു.
Fork. *s.* മുള്ള, മുപ്പല്ലി.
Forlorn. *a.* കൈവിടപ്പെട്ട, ഉപെക്ഷിക്കപ്പെട്ട.
Form. *s.* രൂപം, ഭാഷ, ചട്ടം, മുറ.
Formal. *a.* കൎമ്മസംബന്ധമുള്ള, പുറത്തഭാവമുള്ള.
Former. *a.* മുമ്പിലത്തെ, പണ്ടെയുള്ള.
Formerly. *ad.* മുമ്പെ, പണ്ടെ.
Formidable. *a.* ഭയങ്കരമായുള്ള.
Formula. *s.* രീതി, മാതിരി.
Formulary. *s.* മാതിരി, കൎമ്മക്രമങ്ങളുള്ള പുസ്തകം.
Fornication. *s.* വെശ്യാദൊഷം.
Forsake *v. a.* കൈവിടുന്നു, ഉപെക്ഷിക്കുന്നു.
Forswear. *v. a.* കള്ളസത്യംചെയ്യുന്നു.
Fort. *s.* കൊട്ട, ഉറപ്പുള്ളസ്ഥലം.
Forth. *ad.* പുറത്തൊട്ട, മുന്നൊട്ട.
Forth. *prep.* ഇൽനിന്ന.
Forthwith. *a.* ഉടനെ, ഉടനടി.
Fortieth. *a.* നാല്പതാമത്തെ.
Fortification. *s.* കൊട്ടകെട്ട, കൊത്തളം.
Fortitude. *s.* പരാക്രമം, ധൈൎയ്യം.
Fortnight. *s.* പതിനഞ്ചുദിവസം.
Fortunate. *a.* ഭാഗ്യമുള്ള.
Fortune. *s.* ഭാഗ്യം, സമ്പത്ത.
Forty. *s.* നാല്പത.
Forward. *ad.* മുമ്പൊട്ട, മുന്നൊട്ട.
Forward. *a.* ജാഗ്രതയുള്ള, മുമ്പുള്ള.
Foster. *v. a.* പൊഷിക്കുന്നു, മുലകൊടുത്തവളൎത്തുന്നു.
Foul. *a.* അഴുക്കുള്ള. മുഷിഞ്ഞ.
Found. *v. a.* അടിസ്ഥാനംകെട്ടുന്നു, വാൎക്കുന്നു.

Foundation. *s.* അടിസ്ഥാനം, മൂലം.
Founder. *s.* കെട്ടിയുണ്ടാക്കുന്നവൻ, മൂശാരി.
Fountain. *s.* കിണറ, നീരുറവ.
Four. *a.* നാല.
Fourfold. *a.* നാലിരട്ടി.
Fourfooted. *a.* നാലുകാലുള്ള.
Fourscore. *a.* എണ്പത.
Foursquare. *a.* ചതുരമായുള്ള.
Fourteen. *a.* പതിനാല.
Fourth. *a.* നാലാമത്തെ.
Fowl. *s.* കൊഴി, പക്ഷി.
Fowler. *s.* പക്ഷിപിടിക്കുന്നവൻ.
Fox. *s.* നരി, കുറുക്കൻ.
Fraction. *s.* ഉടച്ചിൽ, ഞെരിച്ചിൽ, കീഴ്ക്കണക്ക.
Fracture. *s.* വിടവ, ഒടിവ.
Fragment. *s.* കഷണം, നുറുക്ക.
Fragrance. *s.* സൌരഭ്യം, വാസന.
Frail. *a.* ബലഹീനമായുള്ള.
Frailty *s.* ബലഹീനത, ക്ഷീണത.
Frame. *v. a.* ഉരുവാക്കുന്നു, വകയുന്നു.
Frame. *s.* ചട്ടം, ഉരുവ, കട്ടിള.
Frank. *v. a.* അഞ്ചൽക്കൂലിഒഴിവാക്കുന്നു.
Frankincense. *s.* കുന്തുരുക്കം, ധൂപവൎഗ്ഗം.
Frankly. *ad.* ഔദാൎയ്യമായി, സൌജന്യമായി.
Fraternal. *a.* സഹൊദരസംബന്ധമുള്ള.
Fraternity. *s.* സഹൊദരത്വം.
Fraud. *s.* വ്യാജം, വഞ്ചന ചതിവ.
Fraught. *part. pass. of* To freight. ചരക്കുകെററപ്പെട്ട, നിറഞ്ഞ.
Free. *a.* സ്വാതന്ത്ര്യമായുള്ള, ഒഴിവുള്ള.
Free-born. *a.* സ്വാതന്ത്ര്യമായി ജനിച്ച.
Freedom. *s.* സ്വാതന്ത്ര്യം, വിടുതൽ.
Free-hold. *s.* മുതലാളന്റെവസ്തു, അട്ടിപ്പെർ, ജന്മം.
Free-holder. *s.* മുതലാളൻ, ജന്മി.
Freely. *ad.* സ്വാതന്ത്ര്യമായി, സൌജന്യമായി.
Free-school. *s.* ധൎമ്മപ്പള്ളിക്കൂടം.
Free-will. *s.* സ്വെഛ, സ്വമെധ.
Freeze. *v. n.* കുളിർകൊണ്ടുകട്ടെക്കുന്നു, ഉറച്ചുപൊകുന്നു.
Freight. *s.* കപ്പൽകെവ, കെവുകൂലി.
Freighter. *s.* കപ്പൽകെവിനവാങ്ങുന്നവൻ.
Frequent. *v. n.* പൊക്കുവരത്തചെയ്യുന്നു, കൂടക്കൂടെകാണുന്നു.
Frequently. *ad.* കൂടക്കൂടെ, പലപ്പൊഴും.
Fresh. *n.* ഉപ്പിടാത്ത, പച്ച, പുതിയ.
Fresh-water. ശുദ്ധജലം, പച്ചവെള്ളം.

Fret. *v n.* വ്യസനപ്പെടുന്നു, കൊപപ്പെടുന്നു.
Friar. *s.* സന്ന്യാസി, ആശ്രമി.
Friction. *s.* ഉരെപ്പ, തെപ്പ, തിരുമ്മൽ.
Friday. *s.* വെള്ളിയാഴ്ച.
Friend. *s.* സ്നെഹിതൻ, ചങ്ങാതി.
Friendly. *s.* സ്നെഹമുള്ള, ദയയുള്ള.
Friendship. *s.* സ്നെഹം, സഖിത്വം.
Frigate. *s.* വെഗംഒടുന്നചെറുതരംപടകപ്പൽ,
Frighten. *v. a.* ഭയപ്പെടുത്തുന്നു, വെടിപ്പിക്കുന്നു.
Frigid. *a.* കുളിരുള്ള, തണുപ്പുള്ള.
Fringe. *s.* തൊങ്ങൽ, അലുക്ക
Frisk. *v. a.* കുതിക്കുന്നു, ക്രുത്താടുന്നു.
Frith. *s.* അഴിമുഖം.
Fritter. *v. a.* അരിയുന്നു, നുറുക്കുന്നു.
Frivolous. *a.* നിസ്സാരമായുള്ള, ലഘു.
Fro. *ad.* പുറകൊട്ട, പിന്നൊട്ട.
To and fro. ഇങ്ങൊട്ടും, അങ്ങൊട്ടും.
Frock. *s.* വൈതങ്ങളുടെപുറംകുപ്പായം.
Frog. തവള, മാക്രി.
Frolicsome. *a.* തുള്ളികളിക്കുന്ന, ക്രുത്താട്ടമുള്ള.
From. *prep.* നിന്ന, മുതൽ, തുടങ്ങി.
Front. *s.* മുഖം, മുന്നണി, മുമ്പുറം.
Frontier. *s.* അറുതി, അതൃത്തി.
Frontispiece. *s.* മുഖപ്പ; ദൎശനപ്പുറം.
Frontlet. *s.* നെററിപ്പട്ടം.
Frost. *s.* വെള്ളംഉറപ്പിക്കുന്നകുളിർ.
Froth. *s.* നുര, പത.
Frowardness. *s.* വികടം, പ്രതിക്രുലത.
Frown. *v. a. & n.* ചുളിച്ചുനൊക്കുന്നു, നീരസഭാവംകാട്ടുന്നു.
Frugality. *s.* ഇരിശം, ലുബ്ധ.
Fruit. *s.* ഫലം, കാ, പഴം, സന്തതി, സാദ്ധ്യം.
Fruitful. *a.* ഫലമുള്ള, കായ്ക്കുന്ന, വൎദ്ധനയുള്ള.
Fruitless. *a.* കായ്ക്കാത്ത, ഫലമില്ലാത്ത.
Fruit-time. *s.* ഫലകാലം.
Fruit-tree. *s.* ഫലവൃക്ഷം, കായ്ക്കുന്നവൃക്ഷം.
Frustrate. *v. a.* മടപ്പിക്കുന്നു, ഭംഗംവരുത്തുന്നു.
Fry. *s.* വാപ്പ.
Fry. *v. a.* പൊരിക്കുന്നു, വറുക്കുന്നു.
Fryingpan. *s.* വറവുചട്ടി, വറകലം.
Fuel. *s.* വിറക.
Fugitive *a.* വലഞ്ഞനടക്കുന്നവൻ.
Fulcrum. *s.* പടങ്ങ, തുലാസിന്റെയുംമററുംപാലം.
Fulfil. *v. a.* നിവൃത്തിക്കുന്നു, തികെക്കുന്നു.
Fulfilment. *s.* നിവൃത്തി, തികവ.
Full. *a.* നിറഞ്ഞ, തൃപ്തിയുള്ള.
Full-laden. *a* നന്നായിഭാരംകെററിയ.
Fuller *s.* വെളുത്തെടൻ, അലക്കുകാരൻ.
Fully. *ad.* തികവായി, മുഴുവനും.
Fulness. *s.* പരിപൂൎണ്ണത, പൂൎത്തി.
Fume. *s.* പുക, ആവി.
Fumigate. *v. a.* പുകപിടിപ്പിക്കുന്നു.
Fun. *s.* നെരംപൊക്ക, കളിവട്ടം
Function. *s.* തൊഴിൽ, ഉദ്യൊഗം.
Fund. *s.* മുതൽ.
Fundamental. *s.* പ്രധാനസംഗതി, സാരകാൎയ്യം.
Funeral. *s.* ശവസംസ്കാരം, ശെഷക്രിയ.
Fungus. *s.* കൂൺ, ദുൎമ്മാംസം.
Funnel. *s.* കുപ്പിയുംമററും നിറെക്കുന്നതിനുള്ള ഒരുവക കുഴൽ.
Funny. *a.* നെരംപൊക്കുള്ള.
Fur. *s.* മാൎദ്ദവരൊമമുള്ളതൊൽ.
Furious. *a.* ഗൎവ്വുള്ള, അതികൊപമുള്ള.
Furiousness. *s.* മൂൎക്ക്വത, ഉഗ്രത, അതികൊപം.
Furl. *v. a.* ചുരുട്ടുന്നു, ഇറുക്കികെട്ടുന്നു.
Furnace. *s.* ഉല, മൂശ, അഗ്നികുണ്ഡം.
Furnish. *v. a.* ശെഖരിക്കുന്നു, കൊടുക്കുന്നു.
Furniture. *s.* കൊപ്പ, തട്ടുമുട്ട.
Furrow. *s* ഉഴവുചാൽ, പൊഴി.
Further. *ad.* അപ്പുറം, പിന്നെയും.
Furtherance. *s.* സഹായം, വൎദ്ധന, സാദ്ധ്യം.
Furthermore. *ad.* അത്രയുമല്ല, പിന്നെയും, വിശെഷിച്ചും.
Fury. *s.* മദം, ഉഗ്രകൊപം.
Fuse. *v. n.* ഉരുകുന്നു, അലിക്കുന്നു.
Fusil. *a.* ഉരുക്കാകുന്ന.
Fuss. *s.* തിട്ടുകം, അമളി.
Futility. *s.* നിസ്സാരത, നിരൎത്ഥം, അതിഭാഷണം.
Future. *a.* വരുവാനിരിക്കുന്ന.
For the future. ഇനിമെലാൽ, മെലാൽ.
Fy or fie. *inter.* ഛീ, ഛിച്ഛി

G

Gad-fly. *s.* കാട്ടീച്ച.
Gag. *v. a.* വായടക്കുന്നു, വാപൊത്തുന്നു.
Gage. *v. a.* പണയംവെക്കുന്നു, കൊൽനൊക്കുന്നു.
Gaiety. *s.* ഉല്ലാസം, വിളയാട്ടം.
Gain. *s.* ലാഭം, ആദായം. നെട്ടം.
Gain. *v. a.* ലാഭംവരുത്തുന്നു.

Gainsay. *v. a.* വിരൊധംപറയുന്നു.
Gale. *s.* കാററുവീഴ്ച, കൊൾ.
Gall. *s.* പിത്തം, കൈപ്പ.
Gallant. *a.* ശൃംഗാരമായുള്ള, വിശെഷമായുള്ള.
Gallantry. *s.* വസ്ത്രാലങ്കാരമൊടി, ശൃംഗാരം.
Gallery. *s.* നടശാല, പള്ളിയുടെമുറിത്തട്ട.
Galley. *s.* തണ്ടുവലിക്കുന്നകപ്പൽ.
Gall-nuts. *s.* മാശികാ, മായാക്ക.
Gallon. *s.* നാല്പത ഉഴക്കുകൊണ്ട അളവ.
Gallop. *s.* കുതിരഒട്ടം, കുതിച്ചൊട്ടം.
Gallows. *s.* തൂക്കുമരം, കഴു.
Gambler. *s.* ചൂതാളി, ചൂതുകാരൻ.
Gamboge. *s.* കുടമ്പുളി വൃക്ഷത്തിന്റെ പശ.
Game. *s.* കളി, ആട്ടം, ചൂതാട്ടം
Gamecock. *s.* കൊത്തുകൊഴി.
Gander. *s.* പൂവൻപാത്ത.
Gang. *s.* വഴിയിൻകൂടുന്നകൂട്ടം.
Gaol. *s.* കാരാഗൃഹം, തുറങ്ക.
Gaoler. *s.* കാരാഗൃഹവിചാരക്കാരൻ.
Gape. *v. n.* കൊട്ടുവായിടുന്നു.
Garb. *s.* ഉടുപ്പ, വസ്ത്രം, വെഷം.
Garden. *s.* തൊട്ടം, പൂങ്കാവ.
Gardener. *s.* തൊട്ടക്കാരൻ.
Gargle. *v. a.* കുലുക്കുഴിയുന്നു, കവിൾകൊള്ളുന്നു.
Garland. *s.* പൂമാല
Garlic. *s.* വെള്ളവെങ്കായം.
Garment. *s.* വസ്ത്രം ഉടുപ്പ.
Garner. *s.* കളപ്പുര.
Garnish. *v. a.* അലങ്കരിക്കുന്നു.
Garrison. *s.* കാവൽപട്ടാളം.
Gas. *s.* പുകയാവി.
Gasp. *v. n.* വീർപ്പുമുട്ടുന്നു, ശ്വാസംമുട്ടുന്നു
Gate. *s.* പടിവാതിൽ, പടി.
Gateway. *s.* പടിവാതിൽ.
Gather. *v. a.* ഒന്നിച്ചുകൂട്ടുന്നു, ചെർക്കുന്നു.
Gauge. *s.* അളവുകൊൽ.
Gay. *a.* മൊടിയുള്ള, സന്തൊഷമുള്ള.
Gaze. *v. n.* ആശ്ചൎയ്യമായിനൊക്കുന്നു.
Gazette. *s.* വൎത്തമാനകടലാസ.
Geese. *s.* പാത്തകൾ.
Gemini. *s.* മിഥുനരാശി.
Gender. *s.* ജാതി, ലിംഗം.
Gender. *v. a.* ജനിപ്പിക്കുന്നു, ഉണ്ടാക്കുന്നു.
Genealogy. *s.* വംശപാരമ്പൎയ്യം.
General. *a.* സാമാന്യമായുള്ള.
General. *s.* സെനാപതി.
Generalissimo. *s.* വലിയസെനാപതി.
Generality. *s.* സാധാരണം, മിക്കപെർ.
Generally. *ad.* സാമാന്യെന, നടപ്പായി.
Generation. *s.* ഉത്ഭവം, സന്തതി, തലമുറ.
Pith. *s.* കാതൽ, കാമ്പ, സാരം.
Pitiful. *a.* ദുഃഖമുള്ള, കനിവുള്ള.
Pittance. *s.* ചെറിയഒഹരി, അല്പവൃത്തി.
Pity. *s.* കനിവ, അലിവ.
Pivot. *s.* ചുഴിക്കുററി, കുടുമ.
Place. *s.* സ്ഥലം, ദിക്ക.
Plague. *s.* പകരുന്നവ്യാധി.
Plague. *v. a.* ബാധിക്കുന്നു.
Plain. *a.* മിനുസമുള്ള, നിരപ്പുള്ള, തെളിവുള്ള.
Plain. *s.* സമഭൂമി, മൈതാനം, തകിടി.
Plaint. *s.* സങ്കടം, ആവലാധി.
Plaintiff. *s.* സങ്കടക്കാരൻ, വാദി.
Plainwork. *s.* വെണ്മട്ടം.
Plait. *s.* വസ്ത്രമടക്ക, ഞെറിവ.
Plan. *s.* മാതിരി, ചട്ടം, മട്ടം.
Plane. *v. a.* ചിന്തെരിടുന്നു.
Planet. *s.* ഗ്രഹം.
Plank. *s.* പലക.
Plank. *v. a.* പലകയിടുന്നു.
Plant. *s.* തൈ, നട്ടതല, ഞാറ.
Plant. *v. a.* നടുന്നു, പാകുന്നു, തൈവെക്കുന്നു.

Plantain. *s.* വാഴ, വാഴപ്പഴം.
Plantation. *s.* നട്ട സ്ഥലം, നടിച്ചിൽ.
Planter. *s.* തൈകളെയുംമറ്റും നടുന്നവൻ, കൃഷിക്കാരൻ.
Plaster. *s.* ചുവരിൽതെക്കുന്ന കുമ്മായം, മുറിമരുന്ന.
Plaster. *v. a.* കുമ്മായംതെക്കുന്നു
Plat. *v. n.* മടയുന്നു, പിന്നുന്നു.
Plate. *s.* തട്ടം, പിഞ്ഞാണം, തളിക.
Platform. *s.* സമനിലം, തറ.
Plausibility. *s.* യുക്തത, സത്യമെന്ന തൊന്നിക്കുക.
Play. *a. n.* കളിക്കുന്നു.
Play. *s.* കളി, ഉല്ലാസം.
In play. കളിയായിട്ട.
Play fellow. *s.* കളിപ്പിള്ള.
Playhouse. *s.* കളിപ്പുര.
Plaything. *s.* കളിക്കൊപ്പ.
Plea. *s.* വ്യവഹാരം, കാരണം, ഒഴികഴിവ.
Plead. *v. a. & n.* വ്യവഹരിക്കുന്നു, വിസ്തരിക്കുന്നു.
Pleasant. *a.* ഇഷ്ടമുള്ള, സന്തൊഷമുള്ള.
Please. *v. a.* ഇഷ്ടപ്പെടുത്തുന്നു, സന്തൊഷിപ്പിക്കുന്നു.
Pleasure. *s.* സന്തൊഷം, ഇഷ്ടം.
Plebeian. *s.* താണസ്ഥാനക്കാരൻ, സാമാന്യജനം.
Pledge. *s.* ഒരംട, പണയം.
Pleiades. *s.* കാൎത്തിക.
Plenary. *a.* പൂൎണ്ണമായുള്ള.
Plenipotentiary. *s.* പൂൎണ്ണ അധികാരമുള്ള സ്ഥാനാപതി.
Plenteous. *a.* സംപൂൎണ്ണമായുള്ള, അനവധിയുള്ള.
Plentiful. *a.* പരിപൂൎണ്ണമായുള്ള, സുഭിക്ഷമായുള്ള.
Plenty. *s.* അധികത്വം, സുഭിക്ഷം.
Plethora. *s.* രക്തപിത്തം
Pliable. *a.* വളയതക്ക, ഇണക്കമുള്ള, മയമുള്ള.
Plight. *s.* അവസ്ഥ.
Plot. *s.* കൂട്ടുകെട്ട, ദ്രൊഹ
Plot. *v. u.* കൂട്ടുകെട്ടായി കൂടുന്നു.
Plough. *s.* കലപ്പ.
Plough. *v. a.* ഉഴവചാൽചെയ്യുന്നു.
Ploughshare. *s.* കൊഴു
Pluck. *v. a.* പറിക്കുന്നു, അടക്കുന്നു.
Plum. *s.* മുന്തിരിങ്ങാപ്പഴം.
Plumage. *s.* തൂവലുകൾ, പക്ഷിയുടെ ചിറകുകൾ.
Plumcake. *s.* മുന്തിരിങ്ങാപ്പഴംകൂട്ടിയുണ്ടാക്കിയ ഒരുവക അപ്പം.
Plump. *a.* പുഷ്ടിയുള്ള. തടിച്ച.
Plunder. *v. a.* കവൎച്ചചെയ്യുന്നു, കൊള്ളയിടുന്നു.
Plunderer. *s.* കൊള്ളക്കാരൻ.
Plunge. *v. a.* മുക്കുന്നു, പായിക്കുന്നു.
Plural. *a.* ബഹുവചനമായുള്ള.
Plurality. *s.* ബഹുത്വം, അനെകത്വം.
Pocket. *s.* കുപ്പായത്തിന്റെ ഉറ, സഞ്ചി.
Pocketbook. *s.* കുപ്പായഉറയിൽ ഇടുന്ന പുസ്തകം.
Pod. *s.* പുട്ടിൽ, കത്തി, തൊട.
Poem. *s.* കാവ്യം, കവിത, പാട്ട.
Poet. *s.* കവിതക്കാരൻ.
Poetry. *s.* കവിതകെട്ട, ശ്ലൊകം.
Point. *s.* മുന, ഖണ്ഡിതകാലം, അവസ്ഥ.
Point. *v. a.* കൂൎപ്പിക്കുന്നു, മുനകൂട്ടുന്നു, ചൂണ്ടികാണിക്കുന്നു.
Pointed. *part. a.* കൂൎത്ത, മൂൎച്ചയുള്ള, കുത്തിപറയുന്ന.
Pointer. *s.* ചൂണ്ടുകൊൽ, ഒരുവക നാ.
Pointless. *a.* മുനയില്ലാത്ത മുരുണ്ട.
Poison. *s.* വിഷം, നഞ്ചു.
Poison. *v. a.* വിഷംകൊടുക്കുന്നു.
Poisonous. *a.* വിഷമുള്ള.
Poke. *v. a.* ഇരുട്ടിൽതപ്പുന്നു, കൊൽകൊണ്ട കുത്തിനൊക്കുന്നു.
Poker. *s.* ചുഴറ്റുകൊൽ
Polar. *a.* ദിക്കമുനയൊടടുത്ത.
Pole. *s.* ഭൂമണ്ഡലത്തിന്റെ മുനകൊൽ.
Polecat. *s.* മരപ്പട്ടി, കാട്ടൻപൂച്ച
Police. *s.* പൊലീസ.
Policy. *s.* രാജ്യംഭരിക്കും വിദ്യ, ബുദ്ധി
Polish. *v. a.* മിനുക്കുന്നു.
Polisher. *s.* മിനുക്കുന്നവൻ, മിനുക്കുകരു.
Politeness. *s.* ആചാരം, മൎയ്യാദ.
Political. *a.* രാജനീതിയൊടുചെൎന്ന.
Politician. *s.* രാജകാൎയ്യങ്ങളെ അറിയുന്നവൻ.
Polity. *s.* ദെശാചാരം.
Poll. *s.* തല, വരിച്ചാൎത്ത.
Pollute. *v. a.* അശുദ്ധിയാക്കുന്നു, തീണ്ടുന്നു.
Pollution. *s.* അശുദ്ധി, തീണ്ടൽ.
Polygamy. *s.* അനെകഭാൎയ്യമാരെ പരിഗ്രഹിക്കുക.
Polyglot. *s.* പലഭാഷകളിൽ എഴുതിയിരിക്കുന്ന.
Polysyllable. *s.* കൂട്ടിച്ചൊൽ.
Polytheism. *s.* ദൈവങ്ങൾ പലതുണ്ടെന്നുള്ള വിശ്വാസം.
Pomatum. *s.* തലയിൽപിരട്ടുന്ന ഒരുവക തൈലം.
Pomegranate. *s.* മാതളനാരങ്ങ.
Pomp. *s.* കൊലാഹലം, ഘൊഷം.

Pompous. *a.* മൊടിഭാവമുള്ള, കൊലാഹലമായുള്ള.
Pond. *s.* കുളം.
Ponder. *v. a. & n.* വിചാരിച്ചുനൊക്കുന്നു, ധ്യാനിക്കുന്നു.
Poniard. *s.* കട്ടാരം, ചൊട്ട.
Pontiff. *s.* റൊമാപാപ്പാ, പ്രധാനാചാൎയ്യൻ.
Pontificate. *s.* പാപ്പായുടെസ്ഥാനം
Pony. *s.* മട്ടക്കുതിര.
Pool. *s.* കുളം.
Poor. *a.* ദരിദ്രമായുള്ള, ഗതിയില്ലാത്ത.
Pope. *s.* റൊമായിലെ മെല്പട്ടക്കാരൻ, പാപ്പാ.
Popedom. *s.* പാപ്പായുടെ സ്ഥാനം
Popery. *s.* പാപ്പാമതം.
Popgun. *s.* വെടിക്കുഴാ.
Popish. *a.* റൊമാമതത്തൊടുചെൎന്ന.
Populace. *s.* പ്രജ, പുരുഷാരം.
Popular *a.* ജനങ്ങളൊടുചെൎന്ന, ജനസ്വാധീനമുള്ള.
Popularity. *s.* ജനസമ്മതം, ജനസ്വാധീനം.
Population. *s.* ജനസമൂഹം, ജനം.
Populous. *a.* ജനപുഷ്ടിയുള്ള.
Porch. *s.* മണ്ഡപം, പൂമുഖം.
Porcupine. *s.* മുള്ളൻ.
Pore. *s.* രൊമദ്വാരം.
Pork. *s.* പന്നിയിറച്ചി.
Porous. *a.* ചെറുദ്വാരങ്ങളുള്ള, കാല്പയുള്ള.
Porpoise. *s.* കടല്പന്നി.
Port. *s.* അഴിമുഖം, ഒരുവക വീഞ്ഞ.
Portage. *s.* ചുമട്ടുകൂലി.
Porter. *s.* ചുമട്ടുകാരൻ, വാതില്കാവൽക്കാരൻ.
Portfolio. *s.* കടലാസുറ.
Portico. *s.* നടപ്പുര, നടപ്പന്തൽ.
Portion. *s.* വിതം, ഓഹരി.
Pormanteau. *s.* ഉടുപ്പുസഞ്ചി, തൊൽകൊണ്ടുള്ള ഉടുപ്പുപെട്ടി.
Portrait. *s.* രൂപം, ചിത്രം.
Portray. *v. a.* ചിത്രമെഴുതുന്നു.
Position. *s.* നില, അവസ്ഥ.
Positive. *a.* നിശ്ചയമുള്ള, തിട്ടമുള്ള.
Positively. *ad.* നിശ്ചയമായി, തികവായി.
Possess *v. a.* അനുഭവിക്കുന്നു.
Possession. *s.* അനുഭവം, വസ്തുവക.
Possessive. *a.* അനുഭവംസംബന്ധിച്ച, അനുഭവമുള്ള.
Possessor. *s.* അനുഭവിക്കുന്നവൻ, ഉടയക്കാരൻ.
Possibility. *s.* കഴിവ.
Possible. *a.* കഴിയുന്നതായുള്ള, സാദ്ധ്യമായുള്ള.
Post. *s.* തപാൽ, അഞ്ചൽ സ്ഥലം.
Post. *v. n.* അഞ്ചലൊടുന്നു.
Postage. *s.* അഞ്ചൽകൂലി.
Postboy. *s.* തപാൽക്കാരൻ, അഞ്ചലൊട്ടക്കാരൻ.
Postdiluvian. *a.* ജലപ്രളയശെഷം ജീവിച്ചിരിക്കുന്ന.
Posterior. *a.* പിൻവരുന്ന, പിമ്പുറത്തുള്ള.
Posteriors. *s.* പൃഷ്ഠഭാഗങ്ങൾ
Posterity. *s.* സന്തതി
Posthaste. *s.* അഞ്ചൽവെഗം, അടിയന്തിരം.
Posthouse. *s.* അഞ്ചൽപുര.
Posthumous. *a* മരിച്ചശെഷം നടന്ന, എഴുതിയവൻ മരിച്ച ശെഷം അച്ചടിക്കപ്പെട്ട.
Postmaster. *s.* അഞ്ചൽവിചാരിപ്പുകാരൻ.
Postmaster-general. *s.* അഞ്ചൽമെൽവിചാരിപ്പുകാരൻ.
Postmerdian. *a.* ഉച്ചകഴിഞ്ഞ.
Postoffice. *s.* തപാൽചാവടി.
Postpone. *v. a.* നീക്കംവരുത്തുന്നു, താമസിപ്പിക്കുന്നു.
Postscript. *s.* കടലാസ എഴുതിതീൎന്നിട്ട വിശെഷാൽ എഴുതിയത
Posture. *s.* നില, ഇരിപ്പ, അവസ്ഥ.
Pot. *s.* കലം, കുടം.
Potash. *s.* പപ്പടക്കാരം.
Potato. *s.* ഉരുളക്കിഴങ്ങ.
Potbelly. *s.* കുടവയറ.
Potent. *a.* ശക്തിയുള്ള.
Potentate. *s.* രാജാവ, സ്വയാധിപതി.
Potential. *a.* ശക്തിസംബന്ധിച്ച.
Potherb. *s.* ചീര.
Potter. *s.* കുശവൻ, കുംഭകാരൻ.
Pouch. *s.* ഉറുപ്പ, സഞ്ചി.
Poverty. *s.* ദരിദ്രത, മുട്ട.
Poultice. *s.* വെച്ചുകെട്ടുന്ന മാട്ടുവമുള്ള മരുന്ന.
Poultry. *s.* വീട്ടുകളിൽവളൎത്തുന്ന കൊഴിമുതലായവ.
Pounce. *v. a.* റാഞ്ചുന്നു, അള്ളുന്നു.
Pound. *s.* ഒരു റാത്തൽ തൂക്കം, പത്ത രൂപാവിലയുള്ള നാണിയം, പൌണ്ട.
Pound. *v. a.* ഉലക്കകൊണ്ടകുത്തുന്നു, പൊടിക്കുന്നു, അവെക്കുന്നു.
Pour. *v. a.* ഒഴിക്കുന്നു, പകരുന്നു.
Pout. *v. n.* വപ്പുകടിക്കുന്നു, ചുണ്ടുപിളുക്കുന്നു.
Powder. *s.* പൊടി, വെടിമരുന്ന.
Powder. *v. a.* പൊടിക്കുന്നു.

Powdering-tub. *s.* ഇറച്ചി ഉപ്പിലിടുന്ന പിപ്പ.
Powdermill. *s.* വെടിമരുന്ന ഉണ്ടാക്കുന്ന സ്ഥലം.
Power. *s.* ആധിപത്യം ശക്തി, ബലം.
Powerful. *a.* ശക്തിയുള്ള.
Pox. *s.* വസൂരി, പൊള്ളൽ, കുരു.
Practicable. *a.* സാധിക്കാകുന്ന, ചെയ്യാകുന്ന.
Practical. *a.* നടപ്പായുള്ള.
Practise. *v. a* & *n.* പരിചയിക്കുന്നു, ശീലിക്കുന്നു.
Praise. *s.* സ്തുതി, പ്രശംസ.
Praise. *v. a.* പുകഴ്ത്തുന്നു, സ്തുതിക്കുന്നു.
Praiseworthy. *a.* പുകഴ്ചെക്കയൊഗ്യമായുള്ള, സ്തുതിക്കതക്ക.
Prate. *v. n.* ജല്പിക്കുന്നു, ചറുചറെ പറയുന്നു.
Prater. *s.* വായാടി, ജല്പകൻ.
Prawn. *s.* ചെമ്മീൻ.
Pray. *v. a.* & *n.* പ്രാൎത്ഥിക്കുന്നു, അപെക്ഷിക്കുന്നു.
Prayer. *s.* പ്രാൎത്ഥന, അപെക്ഷ.
Prayer-book. *s.* പ്രാൎത്ഥനപുസ്തകം.
Preach. *v. a.* പ്രസംഗിക്കുന്നു.
Preacher. *s.* പ്രസംഗക്കാരൻ.
Preamble. *s.* അവതാരിക, തലക്കെട്ടു.
Prebendary. *s.* വലിയ വള്ളികളിൽ ഒരു പ്രത്യെകസ്ഥാനം ലഭിച്ചവൻ.
Precarious. *a.* നിശ്ചയമില്ലാത്ത.
Precaution. *s.* മുൻവിചാരം, മുന്നറിവ.
Precede. *v. a.* മുന്നടക്കുന്നു, മുൻപൊകുന്നു.
Precept. *s.* കല്പന, ചട്ടം.
Preceptor. *s.* ഗുരുഭൂതൻ.
Precious. *a.* വിലയെറിയ.
Precipice. *s.* കിഴക്കാന്തൂക്ക, അധൊമുഖമായുള്ള സ്ഥലം.
Precipitancy. *s.* തിടുക്കം, ബദ്ധപ്പാട.
Precipitate. *v. a.* കിഴക്കാന്തൂക്കായി വീഴുന്നു.
Precise. *a.* തിട്ടമായുള്ള, ഖണ്ഡിതമായുള്ള.
Precision. *s.* തിട്ടം, ഖണ്ഡിതം.
Preclude. *v. a.* വിരൊധിക്കുന്നു, തടുക്കുന്നു.
Preconception. *s.* മുൻകാഴ്ച, മുന്നഭിപ്രായം.
Precontract. *s.* മുൻ ഉടമ്പടി,
Precursor. *s.* മുൻ ഓടുന്നവൻ.
Predecessor. *s.* കാരണവൻ, മുമ്പെ ഉദ്യൊഗത്തിലിരുന്നവൻ.
Predestinate. *v. a.* മുൻ നിശ്ചയിക്കുന്നു.
Predetermination. *s.* മുൻനിൎണ്ണയം, മുൻനിശ്ചയം.
Predestination. *s.* മുന്നിയമം.
Predicament. *s.* തരം, ജാതി, സ്ഥാനം, അവസ്ഥ.
Predicate. *v. a.* ഉറപ്പപറയുന്നു, സ്ഥിരപ്പെടുത്തിപറയുന്നു,
Predict. *v. a.* ദീൎഘദൎശനംപറയുന്നു.
Prediction. *s.* ദീൎഘദൎശനം.
Predilection. *s.* പക്ഷഭെദം.
Predispose. *v. a.* & *n.* മുമ്പെതന്നെ മനസ്സവെക്കുന്നു, മുമ്പെതന്നെ ചായുന്നു.
Predominance. *s.* മെൽമടുപ്പം മെലധികാരം.
Pre-elect. *v. a.* മുമ്പിൽക്കൂട്ടി തെരിഞ്ഞെടുക്കുന്നു.
Pre-eminence. *s.* അതിശ്രെഷ്ഠത, കൎത്തൃത്വം.
Pre-existence. *s.* പൂൎവസ്ഥിതി.
Preface. *s.* മുഖവുര, തലക്കെട്ടു, മുൻവാചകം.
Prefect. *s.* നാടുവാഴി, അധിപതി.
Prefer. *v. a.* വിശെഷതപ്പെടുത്തുന്നു, മുമ്പിടുന്നു, നന്നെന്നതൊന്നുന്നു.
Preferable. *a.* വിശെഷമായുള്ള,എറനല്ല.
Preference. *s.* വിശെഷത, ശ്രെഷ്ഠത.
Prefigure. *v. a.* മുമ്പിൽക്കൂട്ടി ദൃഷ്ടാന്തമായി കാണിക്കുന്നു.
Prefix. *v. a.* മുൻവെക്കുന്നു.
Pregnancy. *s.* ഗൎഭം, ഗൎഭധാരണം.
To be pregnant. ഗൎഭിണിയായിരിക്കുന്നു.
Prejudge. *v. a.* മുമ്പിൽക്കൂട്ടിവിധിക്കുന്നു.
Prejudice. *s.* പക്ഷഭെദം, ദുൎന്നിൎണ്ണയം.
Prejudice. *v. a.* പക്ഷപാതമായി വിധിക്കുന്നു.
Prelate. *s.* മെൽപട്ടക്കാരൻ, ബിശൊപ്പ.
Preliminary. *a.* മുമ്പെയുള്ള.
Premature. *a.* കാലംതികയാത്ത, വെഗത്തിൽ പഴുത്ത.
Premeditation. *s.* മുൻനിരൂപണം.
Premises. *s.* പൂൎവസംഗതികൾ, നിലംപുരയിടം മുതലായവ.
Premium. *s.* ഇടലാഭം, വാശി, തരക. ഇനാം.
Preoccupy. *v. a.* മുന്നനുഭവിക്കുന്നു.
Preordain. *v. a.* മുമ്പിൽക്കൂട്ടിനിയമിക്കുന്നു.
Preparation. *s.* പ്രാരംഭം, ഒരുക്കം.
Prepare. *v. a.* ഒരുക്കുന്നു, കൊപ്പുകൂട്ടുന്നു.
Preponderance. *s.* മിഞ്ചുക്കം.
Preposition. *s.* മുൻചൊല്ല.
Prepuce. *s.* അഗ്രചൎമ്മം
Prerogative. *s.* പ്രത്യെകമുള്ളഅവകാശം, കൎത്തവ്യത.

Presage. *s.* ശകുനം.
Presbyter. *s.* മൂപ്പൻ, പട്ടക്കാരൻ.
Presbytery. *s.* മൂപ്പുസ്ഥാനം, പട്ടം.
Prescience. മുന്നറിവ, പൂർവ്വജ്ഞാനം.
Prescribe. *v. a.* കല്പിക്കുന്നു, മരുന്നിന കുറിച്ചുകൊടുക്കുന്നു.
Prescription. *s.* മരുന്നിന കുറിപ്പ.
Presence. *s.* സന്നിധി, ഹാജർ.
Present. *a.* കൂടെയുള്ള, വൎത്തമാനമായുള്ള.
At present. ഇപ്പൊൾ, തത്സമയത്ത.
Present. *s.* കാഴ്ച, സമ്മാനം, ഇനാം.
Present. *v. a.* കാണിക്കുന്നു, കാഴ്ചവെക്കുന്നു, സമ്മാനിക്കുന്നു, കൊട്ടുമുമ്പാകെബൊധിപ്പിക്കുന്നു.
Presently. *ad.* ഉടനെ, ഇപ്പൊൾതന്നെ.
Preservation. *s.* പരിപാലനം. രക്ഷ.
Preserve. *v. a.* കാത്തുരക്ഷിക്കുന്നു, പരിപാലിക്കുന്നു.
Preserve. *s.* പഞ്ചസാരഇട്ടുവെച്ചപഴം.
Preserver. *s.* പരിപാലകൻ, രക്ഷകൻ.
Preside. *v. n.* പ്രധാനിയായിരിക്കുന്നു.
President. *s.* മുന്നാൾ, പ്രധാനി, പ്രസിഡെന്ത.
Press *v. a.* ചതെക്കുന്നു, ഞെരുക്കുന്നു, നിൎബ്ബന്ധിക്കുന്നു, തിക്കുന്നു, അമുക്കുന്നു.
Press. *s.* ചക്ക, അച്ചടിക്കുന്നയന്ത്രം, പുരക്കാരം.
Pressing. *part.* നിൎബ്ബന്ധിക്കുന്ന, ബുദ്ധിമുട്ടുള്ള.
Presume. *v. n.* ഉനിയുന്നു, ശങ്കകൂടാതെ ചെയ്യുന്നു.
Presumption. *s.* ഉനിവ, ദുരഹങ്കാരം, തന്റെടം.
Presumptuous. *a.* ദുരഹങ്കാരമുള്ള, ഡംഭമുള്ള.
Presuppose. *v. a.* മുമ്പിൽകൂട്ടിവിചാരിക്കുന്നു.
Pretence. *s.* നടിപ്പ, ഉപായം.
Pretend. *v. a.* നടിക്കുന്നു.
Preterimperfect. *a.* മുഴുവനംകഴിയാത്ത.
Preterit. *a.* കഴിഞ്ഞകാലമായുള്ള.
Preterperfect. *a.* തീരെ കഴിഞ്ഞ കാലത്തൊടചെൎന്ന.
Preterpluperfect. *a.* പണ്ടെകഴിഞ്ഞകാലമായുള്ള.
Pretext. *s.* നടിപ്പ, ഉപായം, നീക്കുപൊക്ക.
Pretty. *a.* വിശേഷമായുള്ള, നല്ല.
Pretty. *ad.* ഒട്ട, മിക്കവാറും.
Prevail. *v. n.* പ്രബലപ്പെടുന്നു, സാധിക്കുന്നു.
Prevalence. *s.* പ്രാബല്യത, നടപ്പ.
Prevarication. *s.* ദുസ്തൎക്കം, സംശയാൎത്ഥവാക്ക.
Prevaricator. *s.* ദുസ്തൎക്കക്കാരൻ, വാക്കുമാറക്കാരൻ.
Prevent. *v. a.* വിരൊധിക്കുന്നു, തടുക്കുന്നു.
Previous. *a.* മുമ്പുള്ള.
Previously. *ad.* മുമ്പുകൂട്ടി.
Prey. *s.* ഇര, കൊള്ള.
Price. *s.* വില.
Prick. *v. a.* കുത്തുന്നു, മനസ്സിൽ കുത്തുകൊള്ളിക്കുന്നു.
Prickle. *s.* മുള്ള, കാരമുള്ള.
Prickly. *a.* മുള്ളുള്ള, പരുപരുപ്പുള്ള.
Pride. ഡംഭം, അഹങ്കാരം.
Priest. *s.* പട്ടക്കാരൻ, ആചാൎയ്യൻ.
Priestess. *s.* പുരൊഹിത.
Priesthood. *s.* പട്ടസ്ഥാനം.
Primary. *a.* ഒന്നാമത്തുള്ള, പ്രധാനമായുള്ള.
Primary cause. ആദികാരണം.
Primate. *s.* പ്രധാനമെൽപട്ടക്കാരൻ.
Prime. *s.* പ്രഭാതകാലം, നല്ലപ്രായം.
Primer. *s.* പൈതങ്ങൾക്ക ഉതകുന്ന ഒരുവക പുസ്തകം.
Primitive. *a.* പൂൎവ്വമായുള്ള, പണ്ടെയുള്ള.
Primogeniture. *s.* ആദ്യജാതത്വം, മൂപ്പ.
Prince. *s.* രാജാവ, രാജപുത്രൻ, പ്രഭു.
Princely. *a.* രാജസമമായുള്ള, മഹത്തായുള്ള.
Princess. *s.* രാജപുത്രി.
Principal. *a.* പ്രധാനി, തലവൻ, മുതൽദ്രവ്യം.
Principality. *s.* രാജാധികാരം. രാജത്വം.
Principle. *s.* ഒന്നിന്റെമൂലം, ആദികാരണം, അഭിപ്രായം, കാരണം.
Print. *v. a.* അച്ചടിക്കുന്നു.
Printer. *s.* അച്ചടിക്കാരൻ.
Prior. *a.* മുമ്പായുള്ള.
Prior. *s.* ആശ്രമപ്രമാണി.
Prioress. *s.* കന്യകമാരുടെആശ്രമത്തിൽ പ്രമാണസ്ത്രീ.
Prison. *s.* കാരാഗൃഹം, തുറങ്ക, പാറാവ.
Prison. *v. a* പാറാവിലാക്കുന്നു.
Prisoner. *s.* തടവുകാരൻ, വിലങ്ങൻ.
Prisonhouse. *s.* കാരാഗൃഹം.
Private. *a.* രഹസ്യമായുള്ള, തനിച്ചുള്ള.
In private. രഹസ്യത്തിൽ.
A private man. ഉദ്യൊഗസ്ഥനല്ലാത്ത മനുഷ്യൻ.
Privately. *ad.* രഹസ്യമായി.
Privilege. *s.* സ്ഥാനമാനം പദവി.

Privy. *s.* മറപ്പുര, രഹസ്യസ്ഥലം.
Prize. *s.* ഇനാം, സമ്മാനം.
Probability. *s.* സന്ദിഗ്ദ്ധഭാവം, ഇന്നപ്രകാരംവരുമെന്നുള്ളതൊന്നൽ, ഇട.
Probable. *a.* സന്ദിഗ്ദ്ധഭാവമുള്ള, ഇന്നപ്രകാരമെന്നതൊന്നുന്ന.
Probation. *s.* പരീക്ഷണം, പരിശോധന.
Probationer. *s.* പരീക്ഷിക്കപ്പെടുന്നവൻ, വിദ്യാൎത്ഥി.
Probity. *s.* പരമാൎത്ഥം.
Problem. *s.* ചോദ്യം, ആക്ഷേപം.
Proboscis. *s.* ആനയുടെയും മറ്റും തുമ്പിക്കൈ.
Proceed. *v. n.* നടക്കുന്നു, ചെല്ലുന്നു, പുറപ്പെടുന്നു.
Proceed. *s.* വരവു.
Proceeding. *s.* നടപ്പു, പുറപ്പാട, ന്യായം, വിസ്താരം.
Process. *s.* കാലക്രമം.
Procession. *s.* ഘോഷയാത്ര.
Proclaim. *v. a.* പരസ്യമാക്കുന്നു, അറിയിക്കുന്നു.
Proclamation. *s.* പരസ്യം, വിളംബരം.
Procrastination. *s.* കാലതാമസം, നാൾനീക്കം.
Procreation. *s.* ജനനം, ഉത്ഭവം.
Procurable. *a.* സമ്പാദിക്കാകുന്ന, കിട്ടുന്ന.
Procurator. *s.* കാൎയ്യക്കാരൻ, നിൎവ്വഹിക്കുന്നവൻ.
Procure. *v. a.* സമ്പാദിക്കുന്നു, ലഭിക്കുന്നു.
Prodigal. *a.* ധാരാളമായി ചിലവിടുന്ന, അഴിമതിയുള്ള.
Prodigal. *s.* ധാരാളി, അഴിമതിക്കാരൻ.
Prodigious. *a.* മഹാവലിയ.
Produce. *v. a.* കാണിക്കുന്നു, കായിക്കുന്നു, ജനിപ്പിക്കുന്നു.
Produce. *s.* വരവു, വിളവു, ഫലം.
Product. *s.* നിലത്തിന്റെഫലം, ആകത്തുക.
Productive. *a.* ഫലംതരുന്ന.
Profane. *v. a.* അശുദ്ധമാക്കുന്നു.
Profane. *a.* അശുദ്ധമുള്ള, നിന്ദ്യമായുള്ള.
Profess. *v. a.* അറിയിക്കുന്നു, തീൎത്തുപറയുന്നു.
Profession. *s.* തൊഴിൽ, അനുസരണവാക്കു.
Professor. *s.* താൻ ഇന്ന മതത്തൊടുചെൎന്നിരിക്കുന്നു എന്ന അറിയിക്കുന്നവൻ, ശാസ്ത്രി.
Professorship. *s.* ശാസ്ത്രംപഠിപ്പിക്കുന്നവന്റെസ്ഥാനം.
Proficient. *s.* അറിവുള്ളവൻ.
Profit. *s.* ലാഭം, ഉപകാരം, ഗുണം.
Profit. *v. a.* പ്രയോജനംവരുത്തുന്നു, ആദായപ്പെടുത്തുന്നു.
Profitable. *a.* പ്രയോജനമുള്ള, ലാഭമുള്ള.
Profligacy. *s.* ദുൎന്നടപ്പു, ധൂൎത്ത.
Profligate. *s.* നാനാവിധക്കാരൻ, ധൂൎത്തൻ.
Profound. *a.* ആഴമുള്ള, വിദ്യയുള്ള.
Profuse. *a.* അധികം ചിലവുള്ള, ധാരാളമുള്ള.
Progenitor. *s.* പൂൎവ്വൻ, കാരണവൻ.
Prognosticate. *v. a.* ലക്ഷണംപറയുന്നു.
Prognosticator. *s.* വരും ഫലം പറയുന്നവൻ.
Progress. *s.* നടപ്പു, വൎദ്ധന, കരെറ്റം.
Prohibit. *v. a.* വിരൊധിക്കുന്നു, വിലക്കുന്നു.
Project. *s.* ഉപായം, വഴി.
Project. *v. n.* തള്ളിനില്ക്കുന്നു.
Prolegomena. *s.* മുൻവാചകം.
Prolific. *a.* ഫലവത്ത സുഭിക്ഷമായുള്ള.
Prologue. *s.* അവതാരിക.
Prolong. *v. a.* ദീൎഘമാക്കുന്നു, നീട്ടുന്നു.
Prominent. *a.* മുഴെപ്പായുള്ള, കാൎയ്യമായുള്ള.
Promiscuous. *a.* മിശ്രമായുള്ള.
Promise. *s.* വാഗ്ദത്തം.
Promise. *v. a. & n.* വാഗ്ദത്തംചെയ്യുന്നു, വാക്കകൊടുക്കുന്നു.
Promising. *part.* നന്നായിവരുന്ന, ഗുണലക്ഷണമുള്ള.
Promontory. *s.* മുന, കടൽമുനമ്പു.
Promote. *v. a.* വൎദ്ധിപ്പിക്കുന്നു, വലുതാക്കുന്നു, ഉയൎത്തുന്നു.
Promotion. *s.* കരെറ്റം.
Prompt. *a.* ചുറുക്കുള്ള, മിടുക്കുള്ള.
Promulgate. *v. a.* പ്രസിദ്ധമാക്കുന്നു.
Prone. *a.* മനസ്സുള്ള, ശീലമുള്ള.
Proneness. *s.* ദൊഷത്തിങ്കലെക്കുള്ള മനസ്സ, ശീലം.
Pronoun. *s.* ഞാൻ, നീ, അവൻ മുതലായ പദങ്ങൾ.
Pronounce. *v. a.* ഉച്ചരിക്കുന്നു, ശബ്ദിക്കുന്നു.
Pronunciation. *s.* ഉച്ചാരണം, ചൊല്ലുക.
Proof. *s.* സാക്ഷി, ലക്ഷ്യം.
Prop. *s.* ഊന്ന, താങ്ങ.
Prop. *v. a.* താങ്ങിടുന്നു, മുട്ടുകൊടുക്കുന്നു.
Propagation. *s.* പ്രസിദ്ധപ്പെടുത്തുക.
Propensity. *s.* മനച്ചായിവ.
Proper. *a.* തക്ക, കൊള്ളാകുന്ന.
Property. *s.* വസ്തുവക, ലക്ഷണം.

Prophecy. *s.* ദീൎഘദൎശനം
Prophesy. *v. a.* ദീൎഘദൎശനംപറയുന്നു.
Prophet. *s.* ദീൎഘദൎശി.
Prophetess. *s.* ദീൎഘദൎശിനി.
Prophetic. *a.* ദീൎഘദൎശനമായുള്ള, മുമ്പിൽകൂട്ടി കാണുന്ന.
Propitiation. *s.* പ്രതിശാന്തി, പരിഹാരം.
Propitiatory. *a.* പ്രതിശാന്തിവരുത്തുന്ന.
Proportion. *s.* കണക്കിനതക്ക, ശരി.
Proposal. *s.* ആലൊചന, ഉടമ്പടി.
Proposition. *s.* പറഞ്ഞ ആലൊചന, അഭിപ്രായം.
Proprietor. *s.* മുതലാളൻ, ജന്മി.
Propriety. *s.* യുക്തി, ചിതം, ചെൎച്ച.
Prorogue. *v. a.* നിൎത്തിവെക്കുന്നു, നാൾനീക്കംചെയ്യുന്നു.
Proscribe. *v. a.* ആട്ടികളയുന്നു, നാശത്തിന വിധിക്കുന്നു.
Prose. *s.* വാചകം, സംസാരരീതി.
Prosecute. *v. a.* നടത്തുന്നു, അന്ന്യായംചെയ്യുന്നു.
Prosecutor. *s.* പിന്തുടൎച്ചക്കാരൻ, അന്ന്യായക്കാരൻ.
Proselyte. *s.* മാൎഗ്ഗമനുസരിച്ചവൻ.
Prosody. *s.* കവിതലക്ഷണം, ശബ്ദലക്ഷണം.
Prosopopæia. *s.* മൂൎത്തീകരണം.
Prospect. *s.* കാഴ്ച, തൊന്നൽ.
Prosper. *v. n.* ശുഭപ്പെടുന്നു, ഭാഗ്യപ്പെടുന്നു.
Prosperity. *s.* ശുഭം, സൌഭാഗ്യം.
Prosperous. *a.* ശുഭമായുള്ള, സുഖമുള്ള.
Prostitute. *s.* തെവിടിച്ചി, വെശ്യ.
Prostrate. *v. n.* സാഷ്ടാംഗമായിവീഴുന്നു.
Protect. *v. a.* രക്ഷിക്കുന്നു, പാലിക്കുന്നു.
Protection. *s.* രക്ഷ, സംരക്ഷണം.
Protector. *s.* രക്ഷകൻ, പാലകൻ.
Protest. *v. n.* തീൎത്തുപറയുന്നു, നിശ്ചയമായി പറയുന്നു.
Protestant. *s.* പാപ്പാമതത്തിന പ്രതിയായി സാക്ഷീകരിക്കുന്ന ക്രിസ്ത്യാനിക്കാരൻ, സത്യമതക്കാരൻ.
Protestantism. *s.* പ്രൊത്തെസ്താന്തുമതം.
Protomartyr. *s.* ഒന്നാമത്തെ രക്തസാക്ഷിക്കാരൻ.
Prototype. *s.* യാതൊരുപെൎപ്പിന്റെയും മൂലം, മാതൃക.
Protract. *v. a.* ദീൎഘമാക്കുന്നു, താമസംവരുത്തുന്നു.
Protuberant. *s.* മുഴ, വീക്കം.
Proud. *a.* നിഗളമുള്ള, അഹംഭാവമുള്ള.
Prove. *v. a.* നെരുതെളിയിക്കുന്നു, സാക്ഷിബൊധം വരുത്തുന്നു.
Provender. *s.* മൃഗങ്ങൾക്കുള്ള തീൻസാധനം.
Proverb. *s.* പഴഞ്ചൊല്ല, ഉപമ.
Proverbial. *a.* പഴഞ്ചൊല്ലായുള്ള.
Provide. *v. a.* സമ്പാദിക്കുന്നു, ശെഖരിക്കുന്നു.
Providence. *s.* ദൈവവിചാരണ, മുൻകാഴ്ച.
Province. *s.* സമസ്ഥാനം, ദെശം.
Provincial. *a.* സമസ്ഥാനത്തൊടുചെൎന്ന, പ്രധാന മെല്പട്ടക്കാരന്റെ അധികാരത്തൊട മാത്രം ചെൎന്ന.
Provision. *s* ഭക്ഷണസാധനം, കൊപ്പുശെഖരം.
Provocation. *s.* കൊപഹെതു.
Provoke. *v. a.* കൊപിപ്പിക്കുന്നു.
Prowl. *v. n.* ഇരതെടിനടക്കുന്നു.
Proximate. *a.* സമീപത്തുള്ള, അടുത്ത.
Proxy. *s.* ആൾപെർ, ഒരുത്തന്റെ കാൎയ്യസ്ഥൻ,
Prudence. *s.* വിവെകം, ബുദ്ധി.
Prune. *v. a.* കൊതുന്നു, അധികമുള്ള കൊമ്പിറക്കുന്നു.
Pry. *v. n.* ശൊധനനൊക്കുന്നു, എത്തിനൊക്കുന്നു.
Psalm. *s.* സങ്കീൎത്തനം.
Psalmist. *s.* സങ്കീൎത്തനങ്ങളെ എഴുതിയുണ്ടാക്കുന്നവൻ.
Psalter. *s.* സങ്കീൎത്തനപുസ്തകം.
Psaltery. *s.* തംബുരു.
Pshaw. *interj.* ഛി, കഷ്ടം.
Puberty. *s.* വിവാഹപരുവം, യൌവനം.
Public. *a.* പൊതുവിലുള്ള, പരസ്യമായുള്ള.
Publican. *s.* ചുങ്കക്കാരൻ.
Publication. *s.* അച്ചടിച്ചപ്രസിദ്ധപ്പെടുത്തുക.
Pudding. *s.* പാൽപിട്ട, ഭക്ഷണം.
Puerility. *s.* ബാല്യം, ശിശുത്വം.
Puff. *v. a. & n.* ഊതുന്നു, ചീൎപ്പിക്കുന്നു, വീൎക്കുന്നു.
Pull. *v. a.* വലിക്കുന്നു, പറിക്കുന്നു, പിഴുന്നു.
To pull down. ഇടിച്ചുകളയുന്നു.
To pull up. പിഴുതുകളയുന്നു.
Pulley. *s.* കപ്പി.
Pulp. *s.* കാമ്പ, ചുള.
Pulpit. *s.* പള്ളിയിൽ പ്രസംഗംചെയ്യുന്നതിന ഉയൎത്തിപ്പണിത സ്ഥലം.
Pulse. *s.* നാഡി, ധാതു, പയർ.
To feel one's pulse. നാഡിപിടിച്ചനൊക്കുന്നു.

Pulverize. *v. a.* പൊടിക്കുന്നു.
Pump. *s.* വെള്ളംകയറ്റുന്ന യന്ത്രം
Pump. *v. a. & n.* യന്ത്രംകൊണ്ടവെള്ളം കയറ്റുന്നു.
Punctual. *a.* തിട്ടമുള്ള, നിശ്ചയിച്ചസമയത്ത.
Pungent. *a.* എരിവുള്ള.
Punish. *v. a.* ശിക്ഷിക്കുന്നു.
Punishment. *s.* ശിക്ഷ.
Pupil. *s.* കണ്മണി, ശിഷ്യൻ.
Puppet. *s.* പാവ.
Puppetshow. *s.* പാവകളി.
Puppy. *s.* നായ്ക്കുട്ടി.
Purblindness. *s.* വെള്ളെഴുത്ത, മാലകണ്ണ.
Purchase. *v. a.* വിലെക്കവാങ്ങുന്നു.
Pure. *a.* ശുദ്ധമുള്ള, മായംകൂടാത്ത.
Purgative. *s.* വിരെചനമരുന്ന.
Purgatory. *s.* ശുചീകരസ്ഥലം, ബസ്സുകാനഎന്നസ്ഥലം.
Purge. *v. a.* ശുദ്ധമാക്കുന്നു, വിരെചിപ്പിക്കുന്നു.
Purging. *s.* ശുചീകരണം, വയറൊഴിച്ചിൽ.
Purification. *s.* ശുദ്ധീകരണം.
Purifier. *s.* ശുദ്ധമാക്കുന്നവൻ.
Purify. *v. a.* ശുദ്ധമാക്കുന്നു, വെടിപ്പാക്കുന്നു.
Purity. *s.* ശുദ്ധി.
Purloin. *v. a.* മൊഷ്ടിക്കുന്നു, വഞ്ചിച്ചെടുക്കുന്നു.
Purple. *s.* ധൂമ്രവൎണ്ണം, മാന്തളിർ നിറമുള്ള ഉടുപ്പ.
Purport. *s.* വാക്കിന്റെ സാരം, ഭാവം, താത്പൎയ്യം.
Purpose. *s.* ഭാവം, നിശ്ചയം, ഹെതു.
Purpose. *v. n.* ഭാവിക്കുന്നു, നിശ്ചയിക്കുന്നു.
Purr. *v. n.* പൂച്ചപൊലെകുറുകുന്നു.
Purse. *s.* പണസ്സഞ്ചി.
Purser. *s.* കപ്പലിലെമുതൽപിടിക്കാരൻ.
Pursuance. *s.* നടപ്പ, പ്രകാരം.
Pursue. *v. a.* പിന്തുടരുന്നു.
Pus. *s.* ചലം.
Push. *v. a.* ഉന്തുന്നു, തള്ളുന്നു.
Pusillanimity. *s.* അധൈൎയ്യം, ഭീരുത
Puss. *s.* പൂച്ച.
Put. *v. a.* ഇടുന്നു, വെക്കുന്നു.
To put away. ഉപെക്ഷിച്ചുകളയുന്നു.
To put down. താഴ്ത്തുന്നു.
To put off. ഊരുന്നു.
To put on. ഉടുക്കുന്നു, ധരിക്കുന്നു.
To put out. മുടക്കുന്നു, പുറത്തിറക്കുന്നു.
To put to death. കൊല്ലുന്നു.
To put upon. ചുമത്തുന്നു.
To put forth. മുളെക്കുന്നു, തളിൎക്കുന്നു.
To put to sea. പാകൊടുത്തഒടുന്നു.
Putrefaction. *s.* അഴുകൽ, ചീച്ചിൽ.
Putrefy. *v. n.* അഴുകുന്നു, ചീയുന്നു.
Putrid. *a.* അഴുകിയ, നാറ്റംപിടിച്ച.
Puzzle. *v. a.* ഭ്രമിപ്പിക്കുന്നു, അന്ധാളിപ്പിക്കുന്നു.
Pygmy. *s.* മുണ്ടൻ.
Pyramid. *s.* അടി വിസ്താരവും ശിഖരം കൂൎത്തുമുള്ള ഒരുവക തൂൺ, ഗൊരി.

Q

Quack. *v. n.* താറാവുപൊലെ കരയുന്നു.
Quackery. *s.* പൊട്ടചികിത്സ.
Quadrangle. *s.* നാലുചതുരം.
Quadruped. *s.* നാല്ക്കാലിമൃഗം.
Quagmire. *s.* ഒരംറൻനിലം.
Quail. *s.* കാടപ്പക്ഷി.
Quake. *v. n.* വിറെക്കുന്നു, നടുങ്ങുന്നു.
Quaker. *s.* ക്രിസ്തുമതത്തിൽഒരുവകക്കാരൻ.
Qualification. *s.* പ്രാപ്തി, സാമൎത്ഥ്യം.
Qualify. *v. a.* പ്രാപ്തിവരുത്തുന്നു, യൊഗ്യമാക്കുന്നു.
Quantity. *s.* വലിപ്പം, സംഖ്യ, തുക.
Quarantine. *s.* പകരുന്നവ്യാധി നടപ്പായിരിക്കുന്ന ദെശത്തുനിന്ന വരുന്ന കപ്പലുകളും ആളുകളും അകലെ ഇരിക്കെണ്ടുന്ന കാലസംഖ്യ.
Quarrel. *v. n.* കലഹിക്കുന്നു.
Quarrelsome. *a.* കലഹപ്രിയമുള്ള.
Quarry. *s.* കല്ലുവെട്ടാങ്കുഴി.
Quarter. *s.* നാലൊന്ന, ദെശം, ഇടം, മൂന്ന മാസം.
Quarter. *v. a.* നാലുപങ്കാക്കുന്നു, വിഭാഗിക്കുന്നു.
Quarterdeck. *s.* കപ്പലിന്റെ മെലത്തെ ചെറിയ തട്ട.
Quarterly. *ad.* മുമ്മൂന്നമാസംകൂടുമ്പൊൾ.
Quartermaster. *s.* പട്ടാളക്കാൎക്ക പാൎപ്പാൻ സ്ഥലംനിശ്ചയിക്കുന്ന ഉദ്യൊഗസ്ഥൻ.
Quay. *s.* കപ്പലിൽനിന്ന ചരക്കുകൾ ഇറക്കുന്ന കടവ.
Queen. *s.* രാജസ്ത്രീ.
Quell. *v. a.* അമൎത്തുന്നു, അടക്കുന്നു.
Quench. *v. a.* കെടുക്കുന്നു.
Question. *s.* ചൊദ്യം.
Question. *v. a. & n.* ചൊദിക്കുന്നു, തൎക്കിക്കുന്നു.

Questionable. *a.* സംശയമുള്ള, തൎക്കമുള്ള.
Quick. *a.* ജീവനുള്ള. ചുറുക്കുള്ള.
Quicken. *v. a.* ജീവിപ്പിക്കുന്നു, ഉയിൎപ്പിക്കുന്നു.
Quickness. *s.* ചുറുക്ക, വെഗം.
Quicksand. *s.* ചുഴിമണൽ.
Quicksighted. *a.* സൂക്ഷ്മദൃഷ്ടിയുള്ള.
Quicksilver. *s.* രസം.
Quietness. *a.* ശാന്തത, സാവധാനം.
Quill. *s.* എഴുതുന്നതിനുള്ള തൂവൽ.
Quinquagesima. *s.* വലിയനൊമ്പിനു തലെ ഞായറാഴ്ച.
Quire. *s.* ഇരുപത്തനാലിലകടലാസ, പള്ളികളിലും മറ്റും പാടുന്ന ഗായകന്മാരുടെ കൂട്ടം.
Quit. *v. a.* വിട്ടുവിക്കുന്നു, ഉപെക്ഷിക്കുന്നു.
Quite. *ad.* തീരെ, അശെഷം.
Quiver. *s.* അമ്പുറ, പൂണി.
Quotation. *s.* ഉദാഹരണം, ഠരം “ ” അടയാളം.
Quote. *v. a.* ഉദാഹരണം എടുത്തുകാണിക്കുന്നു, കുറിച്ചെടുക്കുന്നു.
Quotient. *s.* കഴിച്ചകണക്കിൽശിഷ്ടം തുക.

R

Rabbi. *s.* യെഹൂദന്മാരിൽ ഒരു ഗുരു.
Rabbit. *s.* മുയൽ.
Rabble. *s.* പുരുഷാരം, കലഹമുള്ള ജനക്കൂട്ടം.
Race. *s.* വംശം, സന്തതി, ഓട്ടം.
Racehorse. *s.* മത്സരിച്ച ഓടിക്കുന്നതിനുള്ള കുതിര.
Rack. *s.* കിട്ടിക്കൊൽ, ചാരായം.
Rack. *v. a.* കിട്ടിയിടുന്നു.
Radiance. *s.* ശൊഭ, പ്രകാശം.
Radical. *a.* മൂലമായുള്ള, സ്വഭാവികമായുള്ള
Raffle. *s.* വിരുതിനുള്ള തായാട്ടം, പന്തയം.
Raft. *s.* ചങ്ങാടം.
Rafter. *s.* കഴുക്കൊൽ.
Rag. *s.* പഴന്തുണി, ജീൎണ്ണവസ്ത്രം.
Rage. *s.* ക്രൊധം.
Ragged. *a.* കീറലായുള്ള, നിരപ്പില്ലാത്ത.
Rail. *s.* അഴി, കിരാതി.
Rail. *v. a.* അഴിയിടുന്നു, നിന്ദിക്കുന്നു.
Railer. *s.* നിന്ദക്കാരൻ.
Raiment. *s.* ഉടുപ്പ, വസ്ത്രം.
Rain. *s.* മഴ, വൎഷം.
Rain. *v. n.* മഴപെയ്യുന്നു, വൎഷിക്കുന്നു.
Rainbow. *s.* മഴവില്ല.
Raindeer. *s.* മഹാഉപകാരമുള്ള ഒരുവക മാൻ.
Raise. *v. a.* പൊക്കുന്നു, ഉയൎത്തുന്നു.
Raisin. *s.* ഉണങ്ങിയ മുന്തിരിങ്ങാപ്പഴം.
Rake. *s.* വരണ്ടി, പല്ലി.
Rake. *v. a.* വരണ്ടികൂട്ടുന്നു.
Rally. *v. a.* ചിന്നിപ്പൊയവരെതിരിച്ചകൂട്ടി യഥാക്രമമാക്കുന്നു.
Ram. *s.* മുട്ടാട.
Ram. *v. a.* ഇടിച്ചുകെറ്റുന്നു, താങ്ങിടുന്നു.
Ramble. *v. n.* ഉഴന്നുനടക്കുന്നു.
Rammer. *s.* തൊക്കിന്റെ അച്ചുകൊൽ.
Ramrod. *s.* തൊക്കിന്റെ അച്ചുകൊൽ.
Rancid. *a.* കനെപ്പുള്ള.
Random. *s.* ക്രമമില്ലായ്മ, നാനാവിധം.
Range. *s.* നിര, അടുക്ക.
Rank. *s.* അണി, നിര.
Ransack. *v. a.* കൊള്ളയിടുന്നു.
Ransom. *s.* വീണ്ടെടുപ്പ.
Rapacity *s.* പിടിച്ചുപറി.
Rape. *s.* ബലാൽസംഗം.
Rapidity. *s.* വെഗത, ചുറുക്ക.
Rapine. *s.* കൊള്ള.
Rapture. *s.* വിവശത.
Rarely. *ad.* അപൂൎവ്വമായി.
Rarity. *s.* അപൂൎവം.
Rascal. *s.* കള്ളൻ.
Rashness. *s.* തിടുക്കം, അവിവെകം
Rasp. *s.* പച്ചരം.
Rat. *s.* എലി.
Ratan. *s.* ചൂരൽ.
Rate. *s.* നിരക്ക, വില.
Rather. *ad.* കാൾ, വിശെഷാൽ.
Ratify. *v. a.* ഉറപ്പാക്കുന്നു.
Reading. *s.* വായന.
Re-admission. *s.* രണ്ടാമത കൈക്കൊള്ളുക.
Ready. *a.* ഒരുങ്ങിയിരിക്കുന്ന, തയ്യാറുള്ള, രൊക്കമുള്ള.
Real. *a.* നെരായുള്ള, സാക്ഷാലുള്ള.
Reality. *s.* നെർ, സത്യം, സാക്ഷാൽ ഉള്ളത.
Realize. *v. a.* ഉണ്ടാക്കുന്നു, വസ്തുവാക്കുന്നു.
Realm. *s.* രാജ്യം.
Reap. *v. a.* കൊയ്യുന്നു.
Reaper. *s.* കൊയിത്തുകാരൻ.
Rear. *s.* പിമ്പട, ഒടുക്കത്തെപന്തി.
Reason. *s.* ബുദ്ധി, കാരണം.
Reason. *v. n.* വ്യവഹരിക്കുന്നു, തൎക്കിക്കുന്നു.
Reasonable. *a.* ബുദ്ധിയുള്ള, ന്യായമുള്ള.
Reasoning. *s.* വ്യവഹാരം, യുക്തിവാക്ക.
Rebel. *s.* ദ്രൊഹി, മത്സരക്കാരൻ.
Rebellion. *s.* മത്സരം, ദ്രൊഹം.

Rebuke. v. a. ശാസിക്കുന്നു, ആക്ഷേപിക്കുന്നു.
Recall. v. a. രണ്ടാമതവിളിക്കുന്നു.
Recant. v. a. മറുത്തുപറയുന്നു, നിഷേധിക്കുന്നു.
Recapitulate. v. a. ആവൎത്തിച്ചുപറയുന്നു.
Receipt. s. പററ, പററുചീട്ട.
Receipts and disbursements. വരവുചിലവ.
Receive. v. a. വാങ്ങുന്നു, കൈക്കൊള്ളുന്നു.
Recent. a. പുതിയ, നവമായുള്ള.
Receptacle. s. വസ്തുക്കളെ സൂക്ഷിച്ചുവെക്കുന്നസ്ഥലം.
Reception. s. സ്വീകാരം.
Recess. s. ഗുഢസ്ഥലം.
Recipient. s. വാങ്ങുന്നവൻ, വാങ്ങുന്നപാത്രം.
Reciprocal. a. മാറിമാറിവരുന്ന,പരസ്പരമായുള്ള.
Recite. v. a. ചൊല്ലുന്നു, ആവൎത്തിച്ചുവായിക്കുന്നു.
Reckon. v. a. & n. എണ്ണുന്നു, കണക്കുകൂട്ടുന്നു.
Reclaim. v. a. തിരിച്ചുവരുത്തുന്നു.
Recline. v. n. ചാരുന്നു, ചരിയുന്നു.
Recognise. v. a. ഉണ്ടെന്നപറയുന്നു, അറിയുന്നു.
Recollect. v. a. ഒൎക്കുന്നു.
Recollection. s. ഒൎമ്മ, നിനവ.
Recommend. v. a. ശുപാൎശി ചെയ്യുന്നു, പ്രാൎത്ഥനയൊടെ ഭരമെല്പിക്കുന്നു.
Recompense. s. പ്രതിക്രിയ, പ്രത്യുപകാരം.
Reconcile. v. a. യൊജിപ്പിക്കുന്നു.
Reconciliation. s. യൊജ്യത, സമാധാനം.
Record. v. a. സാക്ഷിയായി എഴുതിവെക്കുന്നു.
Record. s. വരിച്ചാൎത്ത, പട്ടൊല.
Recorder. s. എഴുത്തുചുരുണ വിചാരകാരൻ.
Recover. v. a. സൌഖ്യമാക്കുന്നു, തിരികെകിട്ടുന്നു,
Recovery. s. രൊഗശാന്തി, തിരികെകിട്ടുക.
Recourse. s. ആശ്രയം, വഴി.
Recreation. s. ഉല്ലാസം, ഇളെപ്പ.
Rectify. v. a. നെരെയാക്കുന്നു,
Recur. v. n. തിരികെവരുന്നു, കൂടക്കൂടെ ഉണ്ടാകുന്നു.
Recurrence. s. തിരിച്ചുവരവ, കൂടക്കൂടെ ഉണ്ടാകുക.
Red. a. ചുവന്ന.
Redden. v. a. ചുവപ്പിക്കുന്നു.
Redeem. v. a. വീണ്ടെടുക്കുന്നു.
Redeemer. s. വീണ്ടെടുപ്പുകാരൻ.
Redemption. s. വീണ്ടെടുപ്പ.
Redhot. a. ചുട്ടുപഴുത്ത.
Redlead. s. ചുവന്ന ചായം, ചായില്യം.
Redress. v. a. നന്നാക്കുന്നു, തീൎത്തകൊടുക്കുന്നു.
Redress. s. തീൎത്തകൊടുക്കുക, പരിഹാരം.
Reduce. v. a. കുറെക്കുന്നു, താഴ്ത്തുന്നു.
Reduction. s. കുറെക്കുക. കിഴിപ്പ.
Reduplication. s. പിന്നെയും ഇരട്ടിക്കുക.
Re-echo. v. n. പ്രതിധ്വനിക്കുന്നു.
Reed. s. ഞാങ്ങണ. വെഴം.
Reel. v. n. ചാഞ്ചാടുന്നു, തെന്നിത്തെറിച്ചനടക്കുന്നു.
Re-elect. v. a. രണ്ടാമത തെരിഞ്ഞെടുക്കുന്നു.
Re-enforcement. s. പുതുബലം, പുതുസൈന്യം.
Refer. v. a. ആലൊചനക്കുവിടുന്നു, സംബന്ധിപ്പിക്കുന്നു.
Reference. s. ചെൎച്ച, സംബന്ധം, ഒത്തുവാക്യം.
Refine. v. a. പുടംചെയ്യുന്നു. ശുദ്ധിവരുത്തുന്നു.
Refinement. s. ശുദ്ധിവരുത്തുക, പുടം.
Refiner. s. പുടംചെയ്യുന്നവൻ.
Refit. v. a. നന്നാക്കുന്നു, കെട്ടുപൊക്കുന്നു.
Reflect. v. a. & n. പ്രതിബിംബിക്കുന്നു, വീണ്ടുവിചാരിക്കുന്നു.
Reflection. s. പ്രതിബിംബം, വീണ്ടുവിചാരം.
Reflector. s. ചിന്തിക്കുന്നവൻ, പ്രതിബിംബിക്കുന്ന വസ്തു.
Reflux. s. വെലി ഇറക്കം
Reform. v. a. നന്നാക്കുന്നു.
Reformation. s. നന്നാക്കുക, മതസംസ്കാരം.
Reformer. s. നന്നാക്കുന്നവൻ, മതസംസ്കാരകൻ.
Refraction. s. രശ്മിപ്രകാശഭെദം.
Refrain. v. a. അടക്കുന്നു, വിട്ടൊഴിക്കുന്നു.
Refresh. v. a. തണുപ്പിക്കുന്നു, ആശ്വാസിപ്പിക്കുന്നു.
Refreshment. s. തണുപ്പ, ആശ്വാസം, ഭക്ഷണം.
Refuge. s. ശരണം, സങ്കെതം.
To take refuge. അഭയംപ്രാപിക്കുന്നു.
Refusal. s. നിഷെധനം, വിരൊധം.
Refuse. v. a. നിഷെധിക്കുന്നു. വിരൊധിക്കുന്നു.
Refuse. s. എച്ചിൽ, കഴിപ്പ, തിരിവ.

Refute. *v. a.* അബദ്ധമാക്കുന്നു.
Regality. *s.* രാജത്വം.
Regard. *v. a.* അനുസരിക്കുന്നു, കൂട്ടാക്കുന്നു.
Regard. *s.* വണക്കം, മാനം.
Regarding. *part.* സംബന്ധിച്ച.
Regardless. *a.* വിചാരമില്ലാത്ത, കൂട്ടാക്കാത്ത.
Regenerate. *v. a.* വീണ്ടും ജനിപ്പിക്കുന്നു.
Regeneration. *s.* പുതിയ ജനനം.
Regimen. *s.* പഥ്യം.
Regiment. *s.* ഏകദേശം ആയിരം ഭടന്മാരുടെ ഒരു കൂട്ടം.
Region. *s.* ദേശം, രാജ്യം.
Register. *s.* ചാൎത്ത, വരിചാൎത്ത.
Register. *v. a.* ചാൎത്തുന്നു, പതിക്കുന്നു.
Registrar. *s.* ബിശൊപ്പിന്റെ ഒരു കാൎയ്യസ്ഥൻ.
Registry. *s.* പതിക്കുക, വരിച്ചാൎത്ത വെക്കുന്ന സ്ഥലം.
Regret. *s.* സങ്കടം, മനസ്താപം.
Regret. *v. a.* സങ്കടപ്പെടുന്നു.
Regular. *s.* ക്രമമായുള്ള, തിട്ടമുള്ള.
Regularity. *s.* ക്രമം, ചട്ടം.
Regularly. *ad.* ക്രമമായി, ചട്ടപ്രകാരം.
Regulate. *v. a.* ക്രമപ്പെടുത്തുന്നു, ചൊവ്വാക്കുന്നു.
Regulation. *s.* ക്രമം, ചട്ടം.
Regulator. *s.* യഥാക്രമമായി നടത്തുന്ന സൂത്രം.
Rehearsal. *s.* വിവരം ചൊല്ലുക, ഉരുക്കഴിക്കുക.
Rehearse. *v. a.* വിവരം പറയുന്നു, ചൊല്ലുന്നു.
Reject. *v. a.* തള്ളിക്കളയുന്നു, ത്യജിക്കുന്നു.
Reign. *s.* രാജ്യഭാരം, വാഴ്ച.
Reign. *v. a.* വാഴുന്നു
Rein. *s.* കടിവാളവാറ.
Reins. *s.* അന്തരിന്ദ്രിയങ്ങൾ
Reinstate. *v. a.* മുമ്പിലത്തെ സ്ഥാനത്ത ആക്കുന്നു.
Reinvestigation. *s.* പുനൎവ്വിസ്താരം.
Rejoice. *v. n.* സന്തൊഷിക്കുന്നു, പ്രസാദിക്കുന്നു.
Rejoinder. *s.* പ്രത്യുത്തരം.
Reiterate. *v. a.* പിന്നെയും പിന്നെയും ചൊല്ലുന്നു, ആവൎത്തിക്കുന്നു.
Relapse. *v. n.* പിൻവാങ്ങുന്നു, ദീനം പിന്നെയും കടുക്കുന്നു.
Relation. *s.* ചാൎച്ച, സംബന്ധം.
Relationship. *s.* ബന്ധുത്വം, ചാൎച്ച.
Relative. *s* ഉടപ്പുകാരൻ, ചാൎച്ചക്കാരൻ.
Relax. *v. a.* അയക്കുന്നു, കുറെക്കുന്നു.
Relay. *s.* മാററാളുകൾ.
Release. *v. a.* വിട്ടയക്കുന്നു, ബന്ധമൊചനം ചെയ്യുന്നു.
Release. *s.* വിടുതൽ, ഒഴിവ.
Relent. *v. n.* മനസ്സലിയുന്നു, കരുണതൊന്നുന്നു.
Reliance. *s.* ആശ്രയം, വിശ്വാസം.
Relics. *s.* ശെഷിപ്പ, ശവം.
Relief. *s.* സഹായം, ധൎമ്മൊപകാരം.
Relieve. *v. a.* സഹായിക്കുന്നു, മുറമാററുന്നു.
Religion. *s.* മതം, മാൎഗ്ഗം.
Religious. *a.* ദൈവഭക്തിയുള്ള.
Relinquish. *v. a.* ഉപെക്ഷിച്ചുകളയുന്നു, കൈവിടുന്നു.
Relish. *s.* രുചി, സ്വാദ, രസം.
Relish. *v. n.* രുചിയുണ്ടാകുന്നു.
Reluctance. *s.* മനസ്സുകെട, മടി.
Rely. *v. a. & n.* ആശ്രയിക്കുന്നു.
Remain. *v. n.* താമസിക്കുന്നു, ശെഷിക്കുന്നു.
Remainder. *s.* ശിഷ്ടം, മിച്ചം.
Remains. *s.* ശവം, ശിഷ്ടം
Remark. *s.* നൊട്ടം, കുറിപ്പ.
Remark. *v. a.* നൊക്കുന്നു, സൂക്ഷിക്കുന്നു.
Remarkable. *a.* വിശെഷമായുള്ള.
Remedy. *s.* പരിഹാരം, നീക്കുപൊക്ക, ഔഷധം.
Remember. *v. a.* ഒൎക്കുന്നു.
Remembrance. *s.* ഒൎമ്മ, നിനവ, ധാരണ.
Remind. *v. a.* ഒൎപ്പിക്കുന്നു.
Remission. *s.* മൊചനം, മാപ്പ.
Remit. *v. a.* അയക്കുന്നു, മാപ്പുചെയ്യുന്നു, ക്ഷമിക്കുന്നു.
Remittance. *s.* ഉണ്ടികക്കടലാസ.
Remnant. *s.* ശെഷിപ്പ.
Remonstrance. *s.* വാക്കശിക്ഷ, ശാസന.
Remonstrate. *v. a.* വിരൊധമായി ന്യായംകാട്ടുന്നു, ശാസിക്കുന്നു.
Remorse. *s.* പശ്ചാത്താപം, അനുതാപം.
Remoteness. *s.* ദൂരം, അകല്ച.
Removal. *s.* സ്ഥലംമാററം, നീക്കം.
Remove. *v. a. & n.* മാററുന്നു, സ്ഥലംമാറുന്നു, നീങ്ങുന്നു.
Remunerate. *v. a.* പ്രതിഫലംനൽകുന്നു, സമ്മാനിക്കുന്നു.
Rend. *v. a.* കീറുന്നു, ചീന്തുന്നു.
Render. *v. a.* കൊടുക്കുന്നു.
Rendezvous. *s.* ഒന്നിച്ചകൂടുന്നതിന കുറിച്ച സ്ഥലം.
Renew. *v. a.* പുതുതാക്കുന്നു, ആവൎത്തിക്കുന്നു.

Renounce. *v. a.* ഉപെക്ഷിക്കുന്നു.
Renoun. *s.* കീൎത്തി, യശസ്സ, ശ്രുതി.
Rent. *s.* പാട്ടം, കൂലി.
Rent. *v. a.* പാട്ടത്തിനെല്ക്കുന്നു, കൂലികൊടുക്കുന്നു.
Renter. *s.* പാട്ടക്കാരൻ.
Renunciation. *s.* ഉപെക്ഷ, ത്യാഗം.
Repaid. *part.* of to repay. തിരികെ കൊടുത്തു, വീട്ടിയ.
Repair. *v. a.* നന്നാക്കുന്നു, കുറതീൎക്കുന്നു.
Repairer. *s* നന്നാക്കുന്നവൻ.
Repast. *s.* ഭക്ഷണം, ആഹാരം.
Repay. *v. a.* തിരികെകൊടുക്കുന്നു, വീട്ടുന്നു.
Repeal. *v. a.* തിരികെവരുത്തുന്നു, നടപ്പില്ലാതാക്കുന്നു.
Repeat. *v. a.* പിന്നെയുംചൊല്ലുന്നു.
Repeatedly. *ad.* കൂടക്കൂടെ, തെരുതെരെ.
Repel. *v. a.* തടുത്തുകളയുന്നു, വിരൊധിക്കുന്നു.
Repent. *v. n.* അനുതപിക്കുന്നു.
Repentance. *s.* അനുതാപം.
Repeople. *v.* രണ്ടാമത കുടിവാഴിക്കുന്നു.
Repetition. *s.* പിന്നെയും ചെയ്യുക, പിന്നെയും പറക.
Repine. *v. n.* സങ്കടപ്പെടുന്നു, ഖെദിക്കുന്നു.
Replenish. *v. a.* ഇട്ടുകെട്ടുന്നു, നിറെക്കുന്നു.
Replete. *a.* നിറെഞ്ഞ.
Reply. *v. a.* ഉത്തരംപറയുന്നു.
Reply. *s.* ഉത്തരം, പ്രതിവാക്ക.
Report. *v. a.* ശ്രുതിയാക്കുന്നു, ബൊധിപ്പിക്കുന്നു.
Report. *s.* ശ്രുതി, വൎത്തമാനം.
Reporter. *s.* വൎത്തമാനം അറിയിക്കുന്നവൻ.
Repose. *v. n.* കിടക്കുന്നു, വിശ്രമിക്കുന്നു.
Repose. *s.* ഉറക്കം, നിദ്ര.
Repository. *s.* വസ്തുക്കളെസൂക്ഷിച്ചുവെക്കുന്ന സ്ഥലം, കലവറ.
Represent. *v. a.* നിഴലിക്കുന്നു, വിവരം കാണിക്കുന്നു.
Representation. *s.* നിഴൽ, പ്രതിമ, ബൊധിപ്പിച്ചവിവരം.
Representative. *s.* പകരക്കാരൻ, ആൾപ്പെര.
Repress. *v. a.* അടക്കുന്നു, അമുക്കുന്നു.
Reprimand. *v. a.* ശാസിക്കുന്നു.
Reprimand. *s.* ശാസന, വാക്കശിക്ഷ.
Reprint. *v. a.* രണ്ടാമത അച്ചടിക്കുന്നു.
Reproach. *v. a.* അപവാദംപറയുന്നു, നിന്ദിക്കുന്നു.
Reproach. *s.* അപവാദം, ദൂഷണം, നിന്ദ.
Reprobate. *s.* കൊള്ളരുതാത്തവൻ, ദുഷ്ടാത്മി.
Reprobation. *s.* കൊള്ളരുതായ്മ, തിരെ തള്ളിക്കളയുക.
Reproof. *s.* ശാസന, കുററപ്പാട.
Reprove. *v. a.* ശാസിക്കുന്നു, ശിക്ഷിച്ചുപറയുന്നു.
Reptile. *s.* ഇഴയുന്നജന്തു.
Republic. *s.* അരാജകരാജ്യം.
Repudiate. *v. a.* തള്ളിക്കളയുന്നു.
Repugnance. *s.* വിപരീതം.
Repulse. *v. a.* തടുത്തുകളയുന്നു, ഒടിക്കുന്നു.
Reputation. *s.* യശസ്സ, കീൎത്തി.
Request. *s.* അപെക്ഷ.
Require. *v. a.* & *n.* ചൊദിക്കുന്നു, ആവശ്യപ്പെടുന്നു.
Requisite. *a.* വെണ്ടുന്ന, ആവശ്യമുള്ള.
Requite. *v. a.* പകരംചെയ്യുന്നു, പ്രതിഫലംനല്കുന്നു.
Rereward. *s.* പിൻപുറത്തെ സെന.
Rescind. *v. a.* ഛെദിച്ചുകളയുന്നു. ഇല്ലായ്മചെയ്യുന്നു.
Rescue. *v. a.* വിടുവിക്കുന്നു, രക്ഷിക്കുന്നു.
Research. *s.* അന്വെഷണം, ശൊധന.
Resemblance. *s.* പ്രതിമ, സദൃശം.
Resemble. *v. a.* & *n.* ഉപമിക്കുന്നു, സദൃശമാക്കുന്നു.
Resentment. *s* പക, വൈരം.
Reserve *v. a.* സംഗ്രഹിച്ചുവെക്കുന്നു, സൂക്ഷിച്ചുവെക്കുന്നു.
Reservoir. *s.* പത്തായം, ജലാശയം.
Reside. *v. n.* പാൎക്കുന്നു, വസിക്കുന്നു.
Residence. *s* ഇരിപ്പ, വാസസ്ഥലം.
Resident. *s.* റസിഡെന്ത, സ്ഥാനാധിപതി.
Residue. *s.* ശെഷിപ്പ.
Resign. *v. a.* ഒഴിഞ്ഞുകൊടുക്കുന്നു.
Resignation. *s.* ഒഴിഞ്ഞുകൊടുക്കുക.
Resin. *s.* ഒരു വക പശ.
Resist. *v. a.* നെരിടുന്നു, മറുത്തുനില്ക്കുന്നു.
Resistance. *s.* എതിൎപ്പ, മറുത്തുനില്പ.
Resistless. *a.* എതിൎത്തുകൂടാത്ത.
Resolve. *v. a.* നിൎണ്ണയിക്കുന്നു, നിശ്ചയിക്കുന്നു.
Resolution. *s.* നിൎണ്ണയം, നിശ്ചയം, സ്ഥിരത.
Resort. *v. n.* കൂടക്കൂടെചെല്ലുന്നു.
Resort. *s.* കൂടക്കൂടെചെല്ലുക, സഞ്ചാരസ്ഥലം.

Resound. *v. a.* പ്രതിധ്വനിക്കുന്നു, മുഴങ്ങുന്നു.
Resource. *s.* നിൎവ്വാഹം, വഴി.
Respect. *v a.* വണങ്ങുന്നു, മാനിക്കുന്നു.
Respect. *s.* വണക്കം, മാനം
Respectable. *a.* മാന്യമായുള്ള, പൂജ്യമായുള്ള.
Respecting. *part.* സംബന്ധിച്ച, കുറിച്ച.
Respectively. *ad.* പ്രത്യെകമായി, വെവ്വെറായി.
Respite. *s.* ശിക്ഷനിൎത്തൽ, ഇളെപ്പ, അവധി.
Resplendence. *s.* ശൊഭ, പ്രകാശം.
Respond. *v. n.* ഉത്തരംപറയുന്നു.
Respondent. *s.* ഉത്തരവാദി, പ്രതിവാദി.
Response. *s.* ഉത്തരം.
Responsibility. *s.* ഉത്തരവാദം, ചുമതല.
Rest. *s.* ഉറക്കം, സൌഖ്യം, സ്വസ്ഥത, ശിഷ്ടം.
Rest. *v. n.* ഉറങ്ങുന്നു, വിശ്രമിക്കുന്നു, ശെഷിക്കുന്നു.
Restitution *s..* യഥാസ്ഥാനപ്പെടുക.
Restoration. *s.* തിരികെ കൊടുക്കുക.
Restore. *v. a.* തിരികെ കൊടുക്കുന്നു, പൊറുപ്പിക്കുന്നു, യഥാസ്ഥാനപ്പെടുത്തുന്നു.
Restrain. *v.a.* അടക്കുന്നു, വിരൊധിക്കുന്നു.
Restraint. *s.* അടക്കം, തടങ്ങൽ
Result. *s.* ഫലം, അവസാനം.
Resume. *v. a.* തിരികെ എടുക്കുന്നു.
Resurrection. *s.* ഉയിൎപ്പ.
Retail. *v. a.* ചില്ലറയായി വില്ക്കുന്നു.
Retain. *v. a.* വെച്ചിരിക്കുന്നു, പിടിച്ചുകൊള്ളുന്നു.
Retaliate. *v. a.* പകരം വീട്ടുന്നു.
Retaliation. *s.* പ്രതികാരം.
Retard. *v. a.* താമസിപ്പിക്കുന്നു, മുടക്കുന്നു.
Retch. *v. n.* ഒക്കാനിക്കുന്നു.
Retention. *s.* വിടാതിരിക്കുക, ധാരണ.
Retentive. *a.* ധാരണയുള്ള.
Retinue. *s.* സെവകന്മാർ, കൂട്ടായ്മ.
Retire. *v. n.* പിന്മാറുന്നു.
Retired. *part.* ഗുപ്തമായുള്ള.
Retirement. *s.* ശ്രദ്ധമായുള്ള വാസസ്ഥലം.
Retract. *v. a.* നിഷെധിക്കുന്നു
Retraction. *s.* നിഷെധവാക്ക.
Retreat. *s.* എകാന്തസ്ഥലം.
Retreat. *v. n.* ശ്രദ്ധമായി ചെന്നുപാൎക്കുന്നു, പിന്മാറുന്നു.
Retribution *s.* പകരംവീട്ടൽ, പ്രതികാരം.
Retrograde. *v. n.* പിന്നൊക്കംപൊകുന്നു.
Retrospect. *s.* കഴിഞ്ഞകാൎയ്യങ്ങളെ നൊക്കുക, വീണ്ടുവിചാരം.

Return. *v. a.* തിരിച്ചുകൊടുക്കുന്നു.
Return. *s.* തിരിച്ചുവരവ, തിരിച്ചുവീട്ടൽ.
Reveal. *v. a.* വെളിപ്പെടുത്തുന്നു, അറിയിക്കുന്നു.
Revelation. *s.* അറിയിപ്പ, വെളിപാട.
Revelling. *s.* മുക്കുടിയാട്ടം, അതിവെറി.
Revenge. *v. a.* പകരം വീട്ടുന്നു.
Revenue. *s.* മുതലെടുപ്പ, വരവ.
Reverence. *s.* വണക്കം, മാനം.
Reverend. *a.* വന്ദ്യമായുള്ള, ദൈവശാസ്ത്രിമാൎക്കുള്ള സ്ഥാനപ്പെർ.
Reversal. *s.* തീൎപ്പുഴിച്ചിൽ, മറുപാട.
Reverse. *v. a.* മറിച്ചുകളയുന്നു, വിപരീതമാക്കുന്നു.
Reverse. *s.* വിപരീതം, മറുപാട.
Review. *v. a.* രണ്ടാമത നൊക്കുന്നു.
Review. *v. a.* രണ്ടാമത നൊട്ടം, പുനൎവ്വിചാരം.
Revile. *v. a.* നിന്ദിക്കുന്നു.
Reviler. *s.* നിന്ദക്കാരൻ, ധിക്കാരി.
Revise. *v. a.* രണ്ടാമത നൊക്കുന്നു, പുനശ്ശൊധന ചെയ്യുന്നു.
Revival. *s.* തളൎച്ചതീരുക, പുനൎച്ചൊടിപ്പ.
Revive. *v. n.* വീണ്ടും ജീവിക്കുന്നു.
Reunite. *v. a. & n.* പിന്നെയും ഒന്നിച്ചുകൂട്ടുന്നു.
Revoke. *v. a.* തള്ളിക്കളയുന്നു, തിരിച്ചുവരുത്തുന്നു.
Revolt. *v. n.* മത്സരിക്കുന്നു.
Revolve. *v. a.* ചുററുന്നു.
Revolution. *s.* ചുററ ചക്രം തിരിച്ചിൽ, രാജ്യത്തിൽ ചട്ടമാററാട്ടം.
Reward. *s.* പ്രതിഫലം, സമ്മാനം.
Rhetoric. *s.* അലങ്കാരശാസ്ത്രം.
Rheum. *s.* ംരംളാ, ംരംത്താ.
Rheumatism. *s.* വാതരൊഗം.
Rhenoceros. *s.* വാൾപുലി, കണ്ടാമൃഗം.
Rhubarb. *s.* ഒരു പച്ചമരുന്നിന്റെവെര.
Rhyme. *s.* പാട്ടുകളിൽ പ്രാസം, ശ്ലൊകച്ചെൎച്ച
Rib. *s.* വാരിയെല്ല, കപ്പലിന്റെയും മററും മണിക്കാൽ.
Rice. *s.* അരി.
Boiled rice. ചൊറ.
Rich. *a.* സമ്പത്തുള്ള.
Riches. *s.* ധനം, സമ്പത്തുകൾ.
Rid. *v. a.* വിടിയിക്കുന്നു, ഒഴിപ്പിക്കുന്നു.
Riddle. *v. n.* കടങ്കഥപറയുന്നു.
Ride. *v.* n. കുതിരമുതലായതിന്മെൽ എറിപ്പൊകുന്നു.
Ridicule. *s.* ഹാസ്യം.
Ridicule, *v. a.* നിന്ദിക്കുന്നു, പരിഹസിക്കുന്നു.

Rifle. *s.* ഒരു വക തൊക്കു.
Rigging. *s.* കപ്പലിന്റെ പായകളും, കയറുകളും.
Right. *a.* നെരുള്ള, ശരിയായുള്ള, വലത്ത.
Right. *interj.* കൊള്ളാം, നല്ലത.
Right. *s.* നെര, അവകാശം, വലത്തഭാഗം
Righteousness. *s.* നീതി.
Rightful. *a.* അവകാശമുള്ള. മുറയുള്ള.
Right-hand. *s.* വലത്തകൈ.
Rightly. *ad.* നെരായി, ന്യായമായി,
Rigour. *s.* കടുപ്പം, രൂക്ഷത.
Rim. *s.* വക്ക, വിളുമ്പ.
Rind. *s.* തൊലി, തൊണ്ട.
Ring. *s.* വളയം, മൊതിരം, കിലുക്കം.
Ring. *v. a.* മണിയടിക്കുന്നു, ചുററിടുന്നു.
Ringleader. *s.* കലഹപ്രമാണി.
Ringworm. *s.* പുഴക്കടി.
Riot. *s* കലഹം, വെറി.
Rip. *v. a.* അറുത്ത തുറക്കുന്നു.
Ripe. *a.* മൂത്ത, വിളഞ്ഞ, പഴുത്ത.
Ripen. *v. a.* പഴുപ്പിക്കുന്നു, മൂപ്പിക്കുന്നു.
Ripeness. *s.* മൂപ്പ, പാകം.
Rise. *v. n.* ഉയരുന്നു, എഴുനീല്ക്കുന്നു. ഉദിക്കുന്നു, ഉയിക്കുന്ന
Risk. *s.* അപകടം, മൊശം.
Rite. *s.* ആചാരം, കൎമ്മം.
Ritual. *s.* ആചാരക്രമം.
Rival. *s.* എതിരാളി.
River. *s.* നദി, ആറ.
Rivet. *s.* തറ, മലര.
Rivet. *v. a.* തറപിടിക്കുന്നു.
Rivulet. *s.* ചെറുപുഴ, തൊട.
Road. *s.* വഴി.
Roam. *v. n.* ഉഴന്നു നടക്കുന്നു, അലഞ്ഞുനടക്കുന്നു.
Roar. *v. n.* അലറുന്നു.
Roast. *v. a.* ചുടുന്നു, പൊരിക്കുന്നു.
Roast. *s.* ചുട്ടയിറച്ചി.
Rob. *v. a.* മൊഷ്ടിക്കുന്നു.
Robber. *s.* മൊഷ്ടാവ, കള്ളൻ.
Robbery. *s.* കവൎച്ച, മൊഷണം.
Robe. *s.* വിശെഷവസ്ത്രം, നിലയങ്കി.
Robustness. *s.* തടിപ്പ, പുഷ്ടി.
Rock. *s.* പാറ.
Rock. *v. n.* ആടുന്നു.
Rocket. *s.* ബാണം.
Rocksalt. *s.* കല്ലുപ്പ, ഇന്തുപ്പ.
Rocky. *a.* പാറകളുള്ള.
Rod. *s.* വടി, കൊൽ.
Roe. *s.* മാൻ, പനഞ്ഞിൽ.
Rogation-week. *s.* പരിശുദ്ധാത്മാവിന്റെ പെരുനാളിന മുമ്പിലത്തെ ആഴ്ച.
Rogue. *s.* കള്ളൻ, വഞ്ചകൻ.
Roguery. *s.* കള്ളത്തരം, കളവ.
Roll. *v. n.* ചക്രം ചുററുന്നു, അലയുന്നു.
Roller. *s.* ഉരുണ്ടവടി.
Romance. *s.* കെട്ടുകഥ, കബന്ധം.
Rome. *s.* റൊമാനഗരം.
Roof. *s.* മെൽപുര.
Room. *s.* ഇട, സ്ഥലം, മുറി.
Roost *v. n.* ചെക്ക എറുന്നു.
Root. *s.* വെർ, മൂലം.
Root. *v. n.* വെർപിടിക്കുന്നു.
Rope. *s.* കയറ.
Ropedancer. *s.* ഞാണിന്മെൽ ദണ്ഡിപ്പുകാരൻ.
Rosary. *s.* ജപമാല.
Rose. *s.* പനിനീർപുഷ്പം.
Rosewater. *s.* പനിനീർ.
Rosin. *s.* പയിനെണ്ണ, ഒരുവക ചെഞ്ചല്യം.
Rostrum. *s.* പ്രസ്ഥാപസ്ഥലം.
Rot. *v. n.* ചീയുന്നു, ചെതുക്കപിടിക്കുന്നു.
Rote. *s.* കാണാപ്പാഠം.
Rotten. *a.* ചീഞ്ഞ, കെട്ട, കുശുമ്പിച്ച.
Rove. *v. n.* ഉഴന്നുനടക്കുന്നു.
Rough. *a.* പരുപരുപ്പുള്ള, കഠിനമായുള്ള.
Roughly. *ad.* കടുപ്പമായി, അപചാരമായി.
Round. *a.* ഉരുണ്ട, വൃത്തമുള്ള.
Round. *ad.* ചുററിലും, വട്ടത്തിൽ.
Roundness. *s.* ഉരുൾച്ച, വൃത്താകാരം.
Rouse. *v. a.* ഉണൎത്തുന്നു, ഉത്സാഹിപ്പിക്കുന്നു.
Rout. *v. a.* തൊല്പിക്കുന്നു.
Rout. *s.* വഴി.
Row. *s.* നിര, വരി, കലഹം.
Row. *v. a.* തണ്ടുവലിക്കുന്നു.
Rower. *s.* തണ്ടുകാരൻ.
Royal. *a.* രാജസംബന്ധമുള്ള.
Royalty. *s.* രാജത്വം.
Rub. *v. a.* തെക്കുന്നു, ഉരെക്കുന്നു.
Rubber. *s.* തെക്കുന്നവൻ, ചാണ.
Rubbish. *s.* ചപ്പ, കുപ്പ.
Rubric. *s.* പുസ്തകങ്ങളിൽ പണ്ടെ ചുവപ്പുമഷികൊണ്ടും മററും ഉള്ള കുറിപ്പടികൾ.
Rubstone. *s.* ഉരകല്ല.
Ruby. *s.* ചുവപ്പുകല്ല.
Rudder. *s.* ചുക്കാൻ.
Ruddy. *a.* രക്തപ്രസാദമുള്ള.
Rudeness. *s.* മുട്ടാളശീലം, അനാചാരം.
Rudiment. *s.* ആദ്യപാഠം, മൂലം.
Ruffian. *s.* കുത്തികൊല്ലി.
Rugged. *a.* നിരിപ്പില്ലാത്ത.
Ruin. *s.* ഇടിവ, നാശം, മുടിവ.
Ruinous. *a.* നാശകരമായുള്ള.

Rule. *s.* ചട്ടം, പ്രമാണം, വരകൊൽ.
Rule. *v. a.* ഭരിക്കുന്നു, വരെക്കുന്നു.
Ruler. *s.* നാടുവാഴി, വരകൊൽ.
Rum. *s.* ശക്കരയിൽനിന്ന വാററി എടു ക്കുന്ന മദ്യം.
Rumble. *v. n.* ഇരെക്കുന്നു.
Ruminate. *v. a.* അയറുന്നു.
Rumour. *s.* ശ്രുതി, കെൾവി.
Run. *v. n.* ഒടുന്നു.
To run over. കവിഞ്ഞൊഴുകുന്നു.
To run through. നൊത്തുളെക്കുന്നു.
Runaway. *s.* ഒടിപ്പൊയവൻ.
Rung. *pret. & pass.* of To ring. മണി യടിച്ചു.
Runner. *s.* ഒടുന്നവൻ.
Rupee. *s.* രുപാ.
Rupture. *s.* പൊട്ടൽ, വിള്ള.
Rural. *a.* നാട്ടുപുറമെയുള്ള, കീഴ്ത്തരമാ യുള്ള.
Rush. *s.* വെഴം, ഞാങ്ങണ, പാച്ചിൽ.
Rush. *v. n.* പായുന്നു.
Rust. *v.* ഇരുമ്പ.
Rust. *v. n.* ഇരുമ്പ പിടിക്കുന്നു.
Rustle. *v. n.* കിരുകിരുക്കുന്നു.
Rusty. *a.* ഇരുമ്പുള്ള.
Rut. *s.* മദം.
Ruthless. *a.* കരുണയില്ലാത്ത, അലിവി ല്ലാത്ത.
Rye. *s.* ഒരുവക ധാന്യം.

S

Sabaoth. *s.* സെനകൾ.
Sabbath. *s.* ശാബത, സ്വസ്ഥനാൾ.
Sabbatical. *a.* സ്വസ്ഥനാളിനൊട ചെ ൎന്ന.
Sacerdotal. *a.* ആചാൎയ്യനെ സംബന്ധി ച്ച.
Sack. *s.* ചാക്ക, സഞ്ചി.
Sackcloth. *s.* ചാക്കുശീല.
Sacrament. *s.* ആണ, സത്യകൎമ്മം, കൎത്താ വിന്റെ അത്താഴം.
Sacramental *a.* സത്യകൎമ്മത്തൊട ചെൎന്ന.
Sacred *a.* ശുദ്ധമുള്ള, മുഖ്യമായുള്ള.
Sacrifice. *v. a.* ബലികഴിക്കുന്നു.
Sacrifice. *s.* ബലി.
Sacrificial. *a.* ബലിയൊട ചെൎന്ന.
Sacrilege. *s.* ശ്രീഭണ്ഡാരമൊഷണം.
Sacrist. *s.* കപ്പിയാര, കൈക്കാരൻ.
Sad. *a* സങ്കടമുള്ള, ദുഃഖമുള്ള.
Saddle. *s.* ജീനി.
Saddle. *v. a.* ജീനിവെക്കുന്നു.

Sadness. *s.* ഖെദം, ദുഃഖം.
Safe. *a* ഉറപ്പുള്ള, നിശ്ചയമുള്ള.
Safe. *s.* തീൻപണ്ടങ്ങൾവെക്കുന്ന മുറി.
Safeconduct. *s.* സുരക്ഷിതമായിപൊകു ന്നതിനുള്ള കല്പന, രഹദാരി.
Safeguard. *s.* സംരക്ഷണം.
Safety. *s.* രക്ഷ, ഉറപ്പ.
Saffron. *s.* കുങ്കുമപ്പൂവ.
Indian Saffron. മഞ്ഞൾ.
Sagacity. *s.* ബുദ്ധിമിടുക്കു, മണമറിയുക.
Sage. *s.* ബുദ്ധിമാൻ. വിദ്വാൻ.
Sago. *s.* സാഗൊ അരി.
Sail. *s.* കപ്പൽപായ.
Sail. *v. a. & n.* പായകെററി ഒടുന്നു.
To strike sail. പായകളെ ഇറക്കുന്നു.
To set sail. പായകെററി ഒടുന്നു.
Sailor. *s.* കപ്പൽക്കാരൻ.
Sailyard. *s.* പായുടെവിലങ്ങുകൊൽ, പ തിമാൻ.
Saint. *s.* ശുദ്ധിമാൻ, പുണ്യവാൻ.
Sake. *s.* കാരണം, നിമിത്തം.
Salary. *s.* ശമ്പളം, മാസപ്പടി.
Sale. *s.* വിക്രയം, വില്പ.
Public sale. ലെലം.
Salework. *s.* വില്പാനായിട്ട തീൎത്ത വസ്തു.
Saliva. *s.* ഉമിനീര.
Sally. *v. n.* പാഞ്ഞചെല്ലുന്നു.
Salmon. *s.* കുയിൽമീൻ.
Salt. *s.* ഉപ്പ.
Salt. *v. a.* ഉപ്പിടുന്നു.
Saltness. *s.* ഉപ്പുരസം.
Salt-pan. *s.* ഉപ്പുപടന.
Saltpetre. *s.* വെടിയുപ്പ.
Salvation. *s.* രക്ഷ.
Salubrity. *s.* സൌഖ്യം, ക്ഷെമം.
Salver. *s.* താലം, തളികപ്പിഞ്ഞാണം.
Salutary. *a.* സുഖകരമായുള്ള.
Salutation. *s.* സല്ക്കാരം, വന്ദനം.
Salute. *v. a.* സല്ക്കരിക്കുന്നു, വന്ദനം ചെ യ്യുന്നു.
Same. *a.* അപ്രകാരം തന്നെയുള്ള, ഒരു പൊലെയുള്ള.
Sample. *s.* മാതിരി, മച്ചം.
To show a sample. മാതിരികാട്ടുന്നു.
Sampler. *s* വെലമാതിരി, ഇന്നൽ മാതി രി.
Sanctification. *s.* ശുദ്ധീകരണം.
Sanctifier. *s.* ശുദ്ധീകരിക്കുന്നവൻ.
Sanctify. *v. a.* ശുദ്ധീകരിക്കുന്നു.
Sanction. *s.* കല്പന, അനുവാദം.
Sanctity. *s.* വിശുദ്ധത.
Sanctuary. *s.* ശുദ്ധസ്ഥലം.
Sand. *s.* മണൽ.

Sandal. *s.* വള്ളിച്ചെരിപ്പ.
Sandalwood. *s.* ചന്ദനമരം.
Sandy. *a.* മണലുള്ള.
Sang. *pret.* of to sing. പാടി.
Sanguinary. *a.* രക്തപ്രിയമുള്ള, ക്രൂരതയുള്ള.
Sanhedrim. *s.* യഹൂദന്മാരുടെ പ്രധാന ആലൊചന സഭ.
Sank. *pret.* of to sink. മുങ്ങി, താണു.
Sap. *s.* നീര, ചാറ, സാരം.
Sapphire. *s.* ഇന്ദ്രനിലക്കല്ല.
Sarcasm. *s.* കൊള്ളിവാക്ക, കുററടി.
Sardine. *s.* ഗൊമെദകക്കല്ല
Sarsaparilla. *s.* നറുനീണ്ടി.
Sash. *s.* പട്ടുകച്ച, നടുക്കെട്ട.
Sat. *pret.* of to sit. ഇരുന്നു.
Satan. *s.* സാത്താൻ.
Satellite. *s.* ചെറുഗ്രഹം.
Satiate. *v. a.* തൃപ്തിയാക്കുന്നു
Satiety. *s.* തൃപ്തി, പൂൎണ്ണത.
Satin. s. സൂൎയ്യപട്ടം.
Satire. *s.* നിന്ദാസ്തുതി, ദുഷ്കവി.
Satisfaction. *s.* തൃപ്തി, സന്തൊഷം, പരിഹാരം.
Satisfactory. *a.* തൃപ്തിയാക്കുന്ന, സന്തൊഷകരമായുള്ള
Satisfy. *v. a.* തൃപ്തിവരുത്തുന്നു.
Saturday. *s.* ശനിയാഴ്ച.
Saturn. *s.* ഒരു ഗ്രഹം, ശനി.
Savage. *s.* മൂൎക്കൻ, ക്രൂരൻ.
Sauce. *s.* ആഹാരത്തിന രുചിവരുത്തുന്ന ചാറ, കറി.
Saucepan. *s.* ചാറുവെക്കുന്ന ചട്ടി.
Saucy. *a.* ഗൎവ്വമുള്ള, അഹംഭാവമുള്ള.
Save. *v. a.* രക്ഷിക്കുന്നു, പാലിക്കുന്നു.
Save. *ad.* അല്ലാതെ, ഒഴികെ.
Saviour. *s.* രക്ഷിതാവ.
Savour. *s.* രുചി, വാസന.
Savoury. *a.* വാസനയുള്ള, രുചിയുള്ള.
Saw. *s.* അറപ്പുവാൾ.
Saw. *v. a.* അറക്കുന്നു.
Sawdust. *s.* അറപ്പുപൊടി.
Sawfish. *s.* വാൾമീൻ.
Sawyer. *s.* വാളൻ, അറപ്പുകാരൻ.
Say. *v. a.* പറയുന്നു, ചൊല്ലുന്നു.
Saying. *s.* വചനം, വാക്ക.
Scab. *s.* നൊണൽ, പൊററ, ചിരങ്ങ.
Scaffold. *s.* വീട്ടുപണിക്കുള്ളവെച്ചുകെട്ട, കഴ.
Scale. *s.* തുലാസിൻ തട്ട, ചെതുമ്പൽ.
Scandal. *s.* ഇടച്ച.
Scandalize. *v. a.* ഇടച്ചവരുത്തുന്നു.
Scanty. *a.* ചുരുക്കമുള്ള.

Scapula. *s* തൊൾപലക.
Scar. *s.* വടുക.
Scarce. *a.* അപൂൎവ്വമായുള്ള, കിട്ടാത്ത.
Scarcity. *s.* ചുരുക്കം, ദുൎല്ലഭം.
Scarlet. *s.* ചുവപ്പുകാച്ചിയ വസ്ത്രം
Scate. *s.* വഴുതിക്കുന്നതിനുള്ള ഒരു വക ഇരിമ്പചെരിപ്പ, തിരണ്ടിമീൻ.
Scatter. *v. a.* ചിതറുന്നു.
Scavenger. *s.* അനന്തക്കര വിചാരകാരൻ.
Scene. *s.* കളിത്തട്ട, കാഴ്ച.
Scenery. *s.* കാഴ്ച, വിസ്താരകാഴ്ച.
Scent. *s.* വാസന, മണം.
Sceptic. *s.* സംശയക്കാരൻ, സൎവ്വസന്ദെഹക്കാരൻ.
Scepticism. *s.* സൎവ്വസന്ദെഹം, സംശയം
Sceptre. *s.* ചെങ്കൊൽ.
Scheme. *s.* സൂത്രം, കൌശലം.
Schism. *s.* വെദഭിന്നത, വെദവിപരിതം.
Schismatic. *s.* വെദവിപരീതക്കാരൻ.
Scholar. *s.* ശിഷ്യൻ, പഠിക്കുന്നവൻ.
Scholarship. *s.* ശിഷ്യത്വം, പഠിക്കുന്നതിനുള്ള ഇനാം.
Scholastic. *a.* ശിഷ്യനൊട ചെൎന്ന, പാഠകശാലയൊട ചെൎന്ന.
School. *s.* പള്ളിക്കൂടം.
Schoolmaster. *s.* ഉപാദ്ധ്യായൻ, ആശാൻ.
Schoolmistress. *s.* ആശാത്തി, പഠിപ്പിക്കുന്ന സ്ത്രീ.
Schooner. രണ്ട പാമരമുള്ള ഒരു ചെറിയ കപ്പൽ.
Science. *s.* വിദ്യ, വില്പത്തി, അറിവ.
Scientifical. *a.* വിദ്യയുള്ള, ശാസ്ത്രസംബന്ധമുള്ള.
Scimitar. *s.* കട്ടാരം, വളഞ്ഞവാൾ.
Scissors. *s.* കത്രിക.
Scoff. *v. a.* പരിഹസിക്കുന്നു.
Scold. *v. a.* കലമ്പുന്നു, ശകാരിക്കുന്നു.
Scope. *s.* ഭാവം. താത്പൎയ്യം.
Scorch. *v. n.* കരിയുന്നു, വാട്ടുന്നു.
Scorn. *v. a.* നിന്ദിക്കുന്നു, പരിഹസിക്കുന്നു.
Scorner. *s.* നിന്ദക്കാരൻ, പരിഹാസി.
Scorpion. *s.* തെള, വൃശ്ചികരാശി.
Scoundrel. *s.* കള്ളൻ, ചണ്ഡാലൻ.
Scourge. *s.* ചമ്മട്ടി, കുരടാവ, അടി.
Scourge. *v. a.* ചമ്മട്ടികൊണ്ടടിക്കുന്നു. ശിക്ഷിക്കുന്നു.
Scrabble. *v. n.* മാന്തുന്നു, ചൊറിയുന്നു.
Scrape. *v. a.* ചുരണ്ടുന്നു, ചീകുന്നു.
Scrape. *s.* ദുൎഘടം, വിഷമം, അനൎത്ഥം.

Scratch. *v. a.* അള്ളുന്നു, മാന്തുന്നു.
Scream. *v. n.* നിലവിളിക്കുന്നു.
Screechowl. *s.* ഒരു വക മൂങ്ങാ.
Screen. *s.* മറവ, തട്ടി.
Screw. *s.* പിരിയാണി.
Screw. *v. a.* പിരിയാണിയിട്ടു മുറുക്കുന്നു.
Scribble. *v. a.* വരെക്കുന്നു, വൃത്തികെടായി എഴുതുന്നു.
Scribbler. *s.* ചീത്തഎഴുത്തുകാരൻ.
Scribe. *s.* എഴുത്തുകാരൻ, ഉപാദ്ധ്യായൻ.
Scrip. *s.* പൊക്കണം, സഞ്ചി.
Scriptural. *a.* വെദപുസ്തകത്തിനടുത്ത.
Scripture. *s.* വെദപുസ്തകം.
Scrofula. *s.* കണ്ഠമാല.
Scroll. *s.* പുസ്തകച്ചുരുൾ.
Scrotum. *s.* വൃഷണം.
Scruple. *s.* സംശയം.
Scrupulous. *a.* സംശയമുള്ള, ശങ്കയുള്ള.
Scrutinise. *v. a.* ശൊധധചെയ്യുന്നു.
Scrutiny. *s.* ശൊധന.
Scull. *s.* തലമണ്ട.
Sculptor. *s.* കൊത്തുപണിക്കാരൻ.
Sculpture. *s.* കൊത്തുപണി, ചിത്രവെല.
Scum. *s.* പാട, പത, നര.
Scurf. *s.* പൊരി, വരട്ടുചിരങ്ങ.
Scythe. *s.* ഒരുവക അരിവാൾ.
Sea. *s.* കടൽ, സമുദ്രം.
Seabeach. *s.* കടൽപുറം.
Seaboat. *s.* കടൽവഞ്ചി.
Seabreeze. *s.* കടൽകാററ.
Seacoast. *s.* കടൽക്കര
Seacompass. *s.* കപ്പലിൽപെരുമാറുന്ന വടക്കുനൊക്കി.
Seadog. *s.* കടൽനായ, ചിറാക.
Seafaring. *a.* കപ്പലിൽസഞ്ചാരമുള്ള.
Seafight. *s.* കടലിൽവെച്ചു ഉണ്ടാകുന്നയുദ്ധം.
Seafish. *s.* കടൽമീൻ.
Seafowl. *s.* കടൽകൊഴി
Seal. *s.* മുദ്ര.
Seal. *v. a.* മുദ്രയിടുന്നു.
Sealingwax. *s.* മുദ്രത്തിരി.
Seam. *v. a.* കൂട്ടിതുന്നുന്നു.
Seamless. *a.* തൈപ്പുകൂടാത്ത.
Seamonster. *s.* സമുദ്രത്തിലെ ഒരു ഘൊരജന്തു.
Seamstress. *s.* കുത്തുപണിക്കാരി.
Seaport. *s.* തുറമുഖം.
Sear. *v. a.* ചൂടുവെക്കുന്നു, കാച്ചുന്നു
Search. *v. a.* ശൊധനചെയ്യുന്നു, അന്വെഷിക്കുന്നു.
Seashell. *s.* കടൽക്കക്കാ.
Seashore, Seaside. *s.* കടൽപുറം.
Seasickness. *s.* ചൊരുക്ക.
Season. *s.* സമയം, കാലം.
Season. *v. a.* രുചിവരുത്തുന്നു.
Seasonable. *a.* തൽസമയത്തുള്ള, തക്കമായുള്ള.
Seasoning. *s.* രുചിവരുത്തുന്ന സാധനം.
Seat. *s.* ഇരിപ്പടം, ആസനം.
Seawater. *s.* കടൽവെള്ളം.
Seclude. *v. a.* വെറിട്ടാക്കി അടച്ചുകളയുന്നു.
Seclusion. *s.* വെറിട്ടആക്കി അടച്ചുകളയുക, മാറിപാർപ്പു.
Second. *s.* രണ്ടാമൻ, വിനാഴികയിൽഅറുപതിൽ ഒന്ന.
Second. *v. a.* സഹായിക്കുന്നു.
Secondary. *a.* രണ്ടാമത്തെ.
Secondly. *a.* രണ്ടാമത.
Secrecy. *s.* രഹസ്യം.
Secret. *s.* രഹസ്യകാൎയ്യം.
Secretary. *s.* രായസക്കാരൻ, എഴുത്തുകാരൻ.
Secretly. *ad.* രഹസ്യമായി.
Sect. *s.* മതം.
Section. *s.* പകുപ്പ.
Secular. *a.* ലൌകികമായുള്ള.
Secure. *v. a.* ഉറപ്പാക്കുന്നു, രക്ഷിക്കുന്നു.
Security. *s.* ഉറപ്പ, രക്ഷ, ജാമ്യം.
Sediment. *s.* മട്ടു, ഊറൽ, കല്ക്കം.
Sedition. *s.* കലഹം, മത്സരം.
Seduce. *v. a.* വശീകരിക്കുന്നു, വഞ്ചിക്കുന്നു.
See. *s.* ബിശൊപ്പിന്റെഇടവകസ്ഥാനം.
See. *v. a. & n.* കാണുന്നു, നൊക്കുന്നു.
See. *interj.* കണ്ടാലും, ഇതാ.
Seed. *s.* വിത്ത, സന്തതി.
Seedtime. *s.* വിതക്കാലം.
Seeing. *conj.* അങ്ങിനെയിരിക്കുമ്പൊൾ, അതുകൊണ്ട.
Seek. *v. a. & n.* അന്വെഷിക്കുന്നു.
Seem. *v. n.* തൊന്നുന്നു, ഭാവിക്കുന്നു.
Seeming. *s.* തൊന്നൽ, ഭാവം.
Seen. *part. a.* കണ്ട, കാണപ്പെട്ട.
Seer. *s.* കാണുന്നവൻ, ദീൎഘദൎശി.
Seeth. *v. a.* വെവിക്കുന്നു, പുഴുങ്ങുന്നു.
Seize. *v. a.* പിടിക്കുന്നു, ആക്രമിക്കുന്നു.
Seizure. *s.* പിടിത്തം, അപഹാരം.
